ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വളരെ സന്തോഷമുള്ള ഒരു കാര്യമാണ് പറയുന്നത് കായിക മികവിന് രാജ്യത്തെ ഏറ്റവും പരമോന്നത ബഹുമതിയായ രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് മലയാളിയും നമ്മുടെ അഭിമാനവുമായ ബീനാ മോൾക്ക് ശുപാർശ ചെയ്തിരിക്കുകയാണ്. അതുപോലെതന്നെ ഐ. എം. വിജയനും അഞ്ജു ബോബിക്കും അർജ്ജുന അവാർഡിന് ശുപാർശ ചെയ്തിരിക്കുകയാണ്. ഇവരെ നമ്മുടെ സഭ അനുമോദിക്കണം.

മി. സ്പീക്കർ: ഒരു റെക്കമെന്റേഷനല്ലേ, ഒരു റെക്കമെന്റേഷൻ തള്ളാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. റെക്കമെന്റേഷൻ തള്ളാം. അംഗീകരിയ്ക്കാതെ സഭയ്ക്ക് അഭിനന്ദിക്കാൻ കഴിയില്ല. തീർച്ചയായും അവർ അഭിനന്ദനം അർഹിക്കുന്നുണ്ട്.

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട അങ്ങ് പൂർത്തീകരിക്കുന്നതിന് മുമ്പ് അവസാനമായി പ്രഖ്യാപിക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. അത് പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷ. ഇന്നലെത്തന്നെ ഞാൻ പാട്യാലയിലുള്ള ബീനാമോളെ ടെലഫോണിൽ വിളിച്ച് എന്റേയും ഗവൺമെന്റിന്റേയും പ്രതിപക്ഷത്തിന്റേയും കേരളത്തിലെ ജനങ്ങളുടേയും അഭിനന്ദനം അറിയിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് കയറാൻ അവസരം ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തിട്ടുണ്ട്.

VI. നിയമനിർമ്മാണ കാര്യം

(1) 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

VII. ക്രമപ്രശ്നം

ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടം അപൂർണ്ണമാണെന്നതുസംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ബില്ലിനെ സംബന്ധിച്ച ചില പ്രശ്നങ്ങളാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഒരു ബില്ലിലൂടെ നിയമസഭയുടെ മുമ്പാകെ അറിയിക്കേണ്ട ഒരു കാര്യമാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ യഥാർത്ഥത്തിൽ വരുന്ന സാമ്പത്തിക ബാദ്ധ്യത. ഇതിനകത്ത് റെക്കറിംഗ്, നോൺ റെക്കറിംഗ് ചെലവിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. 25 ലക്ഷം, 20 ലക്ഷം, എന്നാൽ ബില്ലിലെ 54-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ (സി) ഉപ വകുപ്പ് അനുസരിച്ച് കർഷകരുടെ സംഘടനകൾക്ക് സർക്കാർ കാലാകാലങ്ങളിൽ ഗ്രാന്റ് കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ ഗ്രാന്റ് വാട്ടർ ചാർജ്ജ് പ്രകാരം പിരിക്കുന്ന തുകയിൽ നിന്ന് നല്കുന്ന ഗ്രാന്റിന് പുറമെ കൊടുക്കും എന്നാണ് പറയുന്നത്. അതുകൊണ്ട് (സി), (ഇ) അനുസരിച്ച് നൽകുന്ന ഗ്രാന്റ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് നൽകേണ്ടിവരും. അതുസംബന്ധിച്ച് യാതൊന്നും തന്നെ ധനകാര്യ മെമ്മോറാണ്ടത്തിൽ പരാമർശിച്ചിട്ടില്ല എന്നതാണ് ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ചുള്ള എന്റെ പ്രശ്നം. മറ്റൊരു പ്രധാനപ്പെട്ട കാര്യം പഞ്ചായത്ത് രാജ് നിയമപ്രകാരവും

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരവും 1994-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത ചില അധികാരങ്ങളിൽ ഒരു കടന്നുകയറ്റം നടത്താൻ ഈ ബില്ലിലെ ചില വകുപ്പുകൾ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം കുളങ്ങൾ, തടാകങ്ങൾ, മറ്റ് ജലാശയങ്ങൾ എന്നിവയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നമ്മൾ നിക്ഷിപ്തമാക്കിയതാണ്. അവ ഉപയോഗിക്കാനുള്ള പൂർണ്ണമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തതാണ്. അതുപോലെതന്നെ ചെറുകിട ജലസേചനവും അവരുടെ അധികാര പരിധിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതാണ്. എന്നാൽ ഇപ്പോഴത്തെ ബില്ലിലെ 3-ഉം 4-ഉം വകുപ്പുകൾ അനുസരിച്ച് കുടിവെള്ളത്തിനും വ്യാവസായികാവശ്യത്തിനും മാത്രമേ ജലം ഉപയോഗിക്കാനുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുള്ളൂ. എന്നാൽ പ്രധാനമായിട്ട് ഇവിടെ പറയുന്ന മൈനർ ഇറിഗേഷന് വേണ്ടിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വെള്ളം കൂടുതലായിട്ട് ഉപയോഗിക്കുന്നത്. ഈ ബിൽ പാസ്സാക്കപ്പെടുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത അധികാരം നമ്മൾ തിരിച്ചെടുക്കുകയും അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെടുകയും ചെയ്യും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു സ്ഥലത്ത് ഈ 1994-ലെ ആക്ട് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ഇതിനകത്ത് സംരക്ഷിക്കുമെന്ന് പറഞ്ഞിട്ട് വേറൊരു ഭാഗത്ത് ഇത് കവർന്നെടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ആയിരുന്ന ചെറുകിട ജലസേചനം ഇപ്പോൾ സർക്കാരിന്റെ കീഴിൽ കൊണ്ടുവരുന്നു എന്ന ഒരു സ്ഥിതി വരാൻ പോകുകയാണ്. യഥാർത്ഥത്തിൽ ഈ ബിൽ നമ്മളെല്ലാം വളരെ അംഗീകരിച്ച ഒരു ബിൽ ആയിട്ടാണ് കരുതിയത്. ബി. എ. സി. ചേർന്ന സമയത്ത് യഥാർത്ഥത്തിൽ ബിൽ പോലും കാണാതെയാണ് ഇതിന് ഞങ്ങൾ അനുമതി കൊടുത്തത്. ബിൽ വായിച്ചുനോക്കുമ്പോഴാണ് 9 ആക്ടുകളെയാകെ സംയോജിപ്പിച്ചുകൊണ്ട് ഒരു വലിയ ബൃഹത്തായ ബിൽ തൊണ്ണൂറ്റിയഞ്ചോളം വകുപ്പുകളുള്ള ഒരു വലിയ ബിൽ ആണെന്ന് മനസ്സിലായത്. മാത്രമല്ല, ഇത് ഇപ്പോൾ ഇംഗ്ലീഷിലാണ് നമുക്ക് ഇവിടെ ആദ്യം കിട്ടിയത്. ഇന്നലെയാണ് മലയാളത്തിന്റെ കോപ്പി കിട്ടിയത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കുന്നത് ഇംഗ്ലീഷിലാണോ മലയാളത്തിലാണോയെന്ന് അറിയില്ല.

മി. സ്പീക്കർ: ഇന്ന് ഇപ്പോൾ അവതരിപ്പിക്കുന്നത് ഇംഗ്ലീഷിലാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെ വരുമ്പോൾ ഇവിടെ ഇപ്പോൾ നിയമ നിർമ്മാണ പ്രക്രിയ കുറച്ചുകൂടി നന്നായിട്ടുണ്ട്. പഴയ കാലത്തെ അനുഭവംവച്ചു നോക്കുമ്പോൾ മലയാളത്തിൽ ബിൽ അവതരിപ്പിക്കാൻ തുടങ്ങിയപ്പോൾ മെമ്പർമാർ കുറെക്കൂടി ഭേദഗതികൾ കൊടുക്കുന്നുണ്ട്. അതിന്റെ പ്രക്രിയ ഒന്ന് സജീവമാകുന്നുണ്ട്. അതുകൊണ്ട് നമുക്ക് ഭേദഗതികൾ അവതരിപ്പിക്കാനെങ്കിലും മലയാളത്തിൽ ഒരു അവസരം കൊടുക്കുകയാണെങ്കിൽ നന്നായിരിക്കും. പുതിയ ഒരു ബിൽ ആയതുകൊണ്ട് ഇതു സംബന്ധിച്ച് ഒരു പക്ഷേ കേന്ദ്രത്തിനും മറ്റും അയയ്ക്കേണ്ട ആക്ട് ആയതുകൊണ്ട് ഇംഗ്ലീഷിൽ വേണമെന്നുണ്ടെങ്കിൽ എന്താണെന്ന് എനിക്ക് പറയാൻ കഴിയുകയില്ല. അതാണെങ്കിലും മലയാളത്തിൽ ആകുന്നതുകൊണ്ട് പ്രയാസമില്ലെന്ന് എനിക്ക് തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഒരു കാര്യം ചെയ്യൂ. 11 മണിക്ക് ബഹുമാനപ്പെട്ട ഉപനേതാവും പ്രതിപക്ഷ ഉപനേതാവും ഒന്ന് മുറിയിലേക്ക് വരൂ. മിനിസ്റ്ററും വരട്ടെ, നമുക്ക് ഒന്ന് ഡിസ്കസ് ചെയ്യാം. വേണമെന്നുണ്ടെങ്കിൽ ശ്രീ. കെ. പി. രാജേന്ദ്രൻ, You can also come. ഡിസ്കസ് ചെയ്ത് എങ്ങനെ വേണമെന്നുള്ളത് ഇന്നുതന്നെ ഞാൻ അനൗൺസ് ചെയ്യാം. ഇന്നു സഭ പിരിയുന്നതിനു മുമ്പ് അനൗൺസ് ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതുകൊണ്ട് ഞാൻ പറയുന്നത് സമഗ്രമായ ഒരു ബിൽ ആണ്. വളരെ പ്രധാനപ്പെട്ട കുറേ വകുപ്പുകൾ വന്നിട്ടുണ്ട്. Dam safety മാത്രമാണ് നമ്മൾ ഇതു സംബന്ധിച്ച് ഉദ്ദേശിച്ചത്. വലിയ ഏകീകരണം എന്നു പറഞ്ഞുകൊണ്ടുവരുന്ന ഈ പ്രക്രിയ കുറച്ചുകൂടി വിശദമായി പഠിക്കേണ്ടതായിരുന്നു എന്ന് തോന്നുന്നു. അതുകൊണ്ട് ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുന്നത് സംബന്ധിച്ച രണ്ട് പ്രശ്നങ്ങൾ സംബന്ധിച്ച് ഞാൻ എഴുതി കൊടുത്തത് വച്ചു കൊണ്ടുള്ള ഒബ്ജക്ഷൻ ഞാൻ ആദ്യമായിട്ട് ഉന്നയിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ കുറച്ച് സമയം അംഗങ്ങൾക്കു ലഭിക്കുന്ന വിധത്തിൽ ഈ ബില്ലിന്റെ ചർച്ച നടത്താൻ അങ്ങ് സമയം കണ്ടെത്തണമെന്നുള്ള അഭിപ്രായമാണ് എനിക്ക് ഉള്ളത്. നമ്മുടെ യൂനിവേഴ്സിറ്റി ബില്ലിന്റെ കാര്യത്തിൽ എടുത്തതുപോലെയുള്ള ഒരു സമീപനമെടുക്കണം എന്നുള്ള അഭ്യർത്ഥന എനിക്കുണ്ട്. ഞാൻ ഇവിടെ ഉന്നയിക്കുന്നത് ജലസേചന സംരംഭം എന്നുപറയുന്ന നിർവ്വചനം 2 (വി) പ്രകാരം എട്ട് ഉൾപിരിവുകൾ ഉള്ള വളരെ വിപുല മായതാണ്. ഇപ്പോൾ നമ്മൾ ഈ ബില്ലിൽ ക്ലാസ് 6 അനുസരിച്ച് നോക്കിയാൽ ഒരു ജലസേചന സംരംഭത്തിന്റെ നിർണ്ണയിക്കപ്പെടാവുന്ന ദൂരപരിധിക്കുള്ളിൽ ജലമെടുക്കു ന്നതിനുവേണ്ടിയുള്ള യാതൊരു പണിപ്പാടും നിർമ്മിക്കുവാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. എന്നുപറഞ്ഞാൽ വ്യക്തിപരമായിട്ട് സ്വന്തം വീട്ടുപറമ്പിൽ കിണർ ഒന്നും നിർമ്മിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകുകയാണ്. ക്ലാസ് 20 അനുസരിച്ച് ആണെങ്കിൽ ഉടമകൾ അതിന്റെ പരിധിയ്ക്കുള്ളിൽ കൃഷി ചെയ്യുന്ന കൃഷിസ്ഥലങ്ങളിൽ ഏത് വിളകൾ ആവണമെന്ന് തീരുമാനിക്കുന്നതിനുള്ള അവകാശം അപ്പോൾ അവർക്ക് ഇല്ലാതാകും. ഈ വിളകൾ നിർണ്ണയിക്കുന്നതിനുള്ള അവകാശം കൃഷിക്കാർക്ക് നഷ്ടപ്പെടുന്നത് ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകും, ഈ വിലത്തകർച്ചയുള്ള സമയത്ത് മാറി മാറി കൃഷിക്കാർ പരീക്ഷിക്കുകയാണ്. അതുകൊണ്ട് വിള ഏത് ആയിരിക്കണം എന്നുള്ളത് ബന്ധപ്പെട്ട ഓഫീസറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി വിള എടുക്കണമെന്ന് നിർണ്ണയിക്കുന്ന സെക്ഷൻ ഈ ക്ലാസിലെ 20 നമുക്ക് പ്രയാസം ഉണ്ടാക്കുന്നതാണ്. ക്ലാസ് 26-ൽ പറയുന്നത്......

മി. സ്പീക്കർ: അതൊക്കെ പിന്നെ സംസാരിക്കാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: അത് എന്തുകൊണ്ട് ഈ ആർട്ടിക്കിളിന് എതിരാകുന്നു എന്നുള്ളതാണ് പറയാൻ പോകുന്നത്. ഈ 26-ാം ക്ലാസ് ഭൂമിയിൽ പ്രവേശിക്കാ വുന്നതും കൈവശത്തിൽ എടുക്കാവുന്നതും അതിലുള്ള എന്തെങ്കിലും വൃക്ഷമോ,

തടിയോ മുളയോ, പായോ, കയറോ, വയ്ക്കോലോ, മണ്ണോ, കല്ലോ, മറ്റ് സാമഗ്രികളോ നീക്കം ചെയ്യാൻ അധികാരം നൽകുന്നതാണ്. ഈ മൂന്നു ക്ലാസ്സുകൾ നമ്മുടെ ഭരണഘടനയുടെ Article 300 (എ), നമ്മുടെ പൗരൻമാർക്ക് നൽകുന്ന റൈറ്റ് ടു പ്രോപ്പർട്ടിയുണ്ട്, ആ റൈറ്റ് ടു പ്രോപ്പർട്ടിയുടെ ലംഘനമായിരിക്കും. അതിൽ പറയുന്നത് No person shall be deprived of his property save by authority of law. റൈറ്റ് ടു പ്രോപ്പർട്ടി അതൊരു കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റായി Viswambaran, Vs. State of U. P. എന്ന് പറയുന്ന കേസിൽ സുപ്രീം കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ അതുകൊണ്ടുതന്നെ 300 (എ)-യ്ക്ക് എതിരായ രീതിയിൽ ഈ ബില്ലിലെ മൂന്നോ നാലോ ക്ലാസ്സുകൾ മാറുകയാണ്. അതുകൊണ്ട് അതൊരു റീസണബിൾ ആയിട്ടുള്ള റെസ്ട്രിക്ഷൻ ആണെന്ന് കരുതാനും നിർവ്വാഹമില്ല. ആ കാരണത്താൽ ഇതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തികൊണ്ട് ബിൽ പ്രത്യേകിച്ച് പ്രതിപക്ഷവും ഭരണപക്ഷവും അനുകൂലിക്കുന്ന ഒരു ബിൽ ആയതുകൊണ്ട് ഇതിനാവശ്യമായ ഭേദഗതികൾകൂടി കൊണ്ടുവന്ന് ഭരണഘടന പൗരൻമാർക്ക് നൽകുന്ന അവകാശം നിഷേധിക്കാത്ത വിധത്തിൽ നിയമനിർമ്മാണം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ പൊതുവായ കാര്യങ്ങൾക്ക് ബില്ലിന്റെ ഇൻട്രൊഡക്ഷൻ സമയത്ത് മറുപടി പറയാം. ഒബ്ജക്ഷനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കോടിയേരി ഇവിടെ സൂചിപ്പിച്ച ഒരു സംഗതി 54 സി.-യെ സംബന്ധിച്ചാണ്. ഇതിനകത്ത് ആ ക്ലാസിൽ പറയുന്നത് റിസോഴ്സ്സിനെ സംബന്ധിച്ചാണ്. അദ്ധ്യായം മുഴുവൻ വായിച്ചിരുന്നുവെങ്കിൽ ഈ സംശയം ഉന്നയിക്കില്ലായിരുന്നു എന്നു തോന്നുന്നു. അദ്ധ്യായം 11-ൽ Participatory Irrigation Management എന്ന് പറയുന്നതിന്റെ ഭാഗമായിട്ടാണ് 54 റിസോഴ്സസ്സ് എന്നു പറയുന്നത്. അപ്പോൾ ഈ റിസോഴ്സസ്സ് എന്നുപറയുന്നത് കൃഷിക്കാരുടെ സംഘടനയ്ക്ക് ഗ്രാന്റ് നൽകാൻ ഒരു ക്ലാസ് അതിനകത്ത് ചേർത്തിരിക്കുന്നു എന്നു മാത്രമേയുള്ളു. ഇത് mandatory ആണെന്ന് ഈ ആക്ടിൽ പറഞ്ഞിട്ടില്ല. ഇത്ര ഗ്രാന്റ് കൊടുക്കുമെന്ന് പറഞ്ഞിട്ടില്ല. അത് വേണമെങ്കിൽ ഗവൺമെന്റിന് കൊടുക്കാം. ഇഷ്ടമില്ലെങ്കിൽ കൊടുക്കാതിരിക്കാം. അതിന്റെ ഉപവകുപ്പ് (2)-ൽ Funds of the association shall comprises the following namely: എന്നു (എ) മുതൽ (എഫ്) വരെ പറഞ്ഞിരിക്കുകയാണ്. അതിൽ ഒന്നാണ് ബഹുമാനപ്പെട്ട കോടിയേരി ഇവിടെ പറഞ്ഞത്. കൃത്യമായി ഇത്ര രൂപ ഗ്രാന്റായി കൊടുക്കണമെന്ന് ഇതിനകത്ത് പറയാത്തിടത്തോളം കാലം ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ അത് ചേർക്കേണ്ടതായിട്ടില്ല. മറ്റൊന്ന് അദ്ദേഹം സൂചിപ്പിച്ചത് ഈ ക്ലാസ് 3-ലും 4-ലും പറഞ്ഞിരിക്കുന്നതിനനുസരിച്ച് പഞ്ചായത്ത് രാജ് നിയമത്തിൽ കൊടുത്തിരിക്കുന്ന ചില വകുപ്പുകൾ ഏറ്റെടുത്തിരിക്കുന്നു എന്നാണ്. Panchayath Raj Act, 1994 Section 218 അതിൽ Vesting of Water Courses, Springs, reservoirs etc. in Village Panchayat-നെ സംബന്ധിച്ച് പറയുന്നു. അതിൽ 4 Sub section-നുകൾ ഉണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഈ ബില്ലിന്റെ ക്ലോസ് 3-ൽ പ്രതിപാദിച്ചിരിക്കുന്നു. ക്ലോസ് 3-ന്റെ പ്രൊവൈസോ കോടിയേരി വായിച്ചിരുന്നു എങ്കിൽ ഈ സംശയം വരില്ലായിരുന്നു. Provided that a

LIBRARY ARCHIVES Kerala Legislative Assembly

local authority shall have the right to use the water in water courses within their respective local areas for domestic or industrial purposes as provided in the Kerala Panchayat Raj Act, 1994 (13 of 1994) or the Kerala Municipality Act, 1994 (20 of 1994) as the case may be, and to quarry sand from such water courses subject to the provisions of section 7. സർ, പഴയ നിയമത്തിൽ, പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 218-ലും മുനിസിപ്പൽ ആക്ടിലെ സെക്ഷൻ 208-ലും പറയുന്നത്, ഈ നിയമപ്രകാരം നിലനിറുത്തിയിട്ടുണ്ട്. യാതൊരു മാററവും ഇതിനകത്ത് വരുത്തിയിട്ടില്ല. പഞ്ചായത്തിന് നിയമസഭ അംഗീകരിച്ചുകൊടുത്തിരിക്കുന്ന വ്യവസ്ഥ അതുപോലെ നില നിറുത്തിയിരിക്കുകയാണ്. മറ്റൊരു സംഗതിയുള്ളത്, മൈനർ ഇറിഗേഷൻ എന്താണെന്നു ള്ളതാണ്. ഇപ്പോൾ നിലവിലിരിക്കുന്ന നിയമമനുസരിച്ച് ട്രാവൻകൂർ-കൊച്ചിൻ ആക്ടിന കത്താണത് പറയുന്നത്. ആ ആക്ടിൽ പറയുന്നത് "major irrigation work "includes lift irrigation work and all irrigation works irrigating or useful for the drainage or protection of an extent of over 200 acres" ഇതിനകത്തുതന്നെ ഇപ്പോഴത്തെ നിയമ ത്തിൽ അതിന് യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ഇതിനകത്ത് പറയുന്നത് Clause 2-Definitions, (ag) 'minor irrigation work' includes any irrigation work irrigating or useful for the drainage or protection of a cultivable area of more than five acres, but less than 200 acres of land, but shall not include a lift irrigation work' എന്നാണ് ഇപ്പോൾ നിലവിലിരിക്കുന്ന നിയമം. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന ട്രാവൻകൂർ-കൊച്ചിൻ ആക്ട് പ്രകാരം 'മൈനർ ഇറിഗേഷൻ' എന്താണോ ഡിഫൈൻ ചെയ്തിരിക്കുന്നത് അതുതന്നെയാണ് റീ-പ്രൊഡ്യൂസ് ചെയ്ത് ഇതിനകത്ത് വരുത്തി യിരിക്കുന്നത്. മൈനർ ഇറിഗേഷന്റെ വിസ്തൃതി എത്ര വരെ ആകാമെന്നത് മൂന്നാം നമ്പർ സബ്ജക്റ്റ് കമ്മിറ്റി മുമ്പ് ചർച്ച ചെയ്തതാണ്. എത്രവരെ ആകാം, എത്ര , എക്സ്റ്റന്റ് വരെ പഞ്ചായത്തുകൾക്ക് ചെയ്യാൻ കഴിയും എന്നുള്ള കാര്യങ്ങൾ ബിൽ സബ്ജക്റ്റ് കമ്മിറ്റിയിൽ പോകുമ്പോൾ നമുക്ക് പരിശോധിക്കാം. പഞ്ചായത്തുകളുടെ യാതൊരു അധികാരവും കവർന്നെടുക്കണം എന്നുള്ള ഉദ്ദേശ്യമില്ല. അങ്ങനെ ഒരു നട പടി ഈ നിയമപ്രകാരം നമ്മൾ ചെയ്തിട്ടില്ല. അടുത്തത് ശ്രീ. എം. വി. ജയരാജൻ പറഞ്ഞ സംഗതി, പ്രോപ്പർട്ടി റൈറ്റ്. ശ്രീ. എം. വി. ജയരാജൻ മനസ്സിലാക്കേണ്ടത് ഇത് ഫണ്ടമെന്റൽ റൈറ്റല്ല. അദ്ദേഹം ഇവിടെ പറഞ്ഞിരിക്കുന്നതനുസരിച്ച് ക്ലോസ് 2 (വി) -യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അദ്ദേഹം പറയുന്നുണ്ട്. അതിനകത്ത് ഇറിഗേഷൻ വർക്കിനെ സംബന്ധിച്ച് എക്സ്റ്റൻസീവായിട്ട് ഡിഫൈൻ ചെയ്തിരിക്കുകയാണ്. മറ്റൊന്നുള്ളത് സെക്ഷൻ 6-നെ സംബന്ധിച്ചുള്ളതാണ്. 6-ൽ പറയുന്നത്, Regulation on construction of well:—No person shall construct any structure for drawal of water within such distance as may be prescribed, ...Distance എത്രയെന്ന് ഇതിനകത്ത് പറയുന്നില്ല. അത് റൂളിൽ പ്രൊവൈഡ് ചെയ്യാമെന്നാണ് പറയുന്നത്. കനാൽ വെട്ടിയിരിക്കുന്നതിനോട് തൊട്ട് ചേർന്ന് കിണർ കുഴിക്കുക, അങ്ങനെയുള്ള പ്രശ്നങ്ങൾ പലതും നമ്മൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നേരത്തെ നിലവിലുള്ള നിയമത്തിലുണ്ടായിരുന്നതാണ്. പുതിയതായിട്ട് ഇൻകോർപ്പറേറ്റ് ചെയ്തതല്ല. മറ്റൊന്ന് അദ്ദേഹം പറഞ്ഞത് 20-ഉം 26-മാണ്. ഈ രണ്ട് സെക്ഷനുകൾ, അത്

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ രീതിയിലാണ് ചെയ്തിരിക്കുന്നത്. 26-ൽ പൗരൻമാരുടെ അവകാശങ്ങൾ ഉറപ്പുവരുത്താനുള്ള വ്യവസ്ഥകളാണ് ചേർത്തിരിക്കുന്നത്. അവർക്ക് അതിനുള്ള ചാൻസസ് കൂടുതൽ കൂടുതൽ നമ്മൾ കൊടുത്തിരിക്കുകയാണ്. അത് ഭരണഘടനാ ലംഘനമോ ആർട്ടിക്കിൾ 300 (എ)-യിൽ പറയുന്നതിന് വിരുദ്ധ മായിട്ടുള്ളതോ അല്ല. ഭരണഘടന അനുസരിച്ച് തന്നെയാണ് ഈ നിയമം നമ്മൾ നിർമ്മിക്കാനുദ്ദേശിക്കുന്നത്. അതുകൊണ്ട് ഇവിടെ ഉന്നയിച്ചിട്ടുള്ള ഒബ്ജക്ഷൻ നില നിൽക്കത്തക്കതല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒബ്ജക്ഷൻ ഓവർ റൂൾ ചെയ്യുന്നു.

നിയമനിർമ്മാണകാര്യം—തുടർച്ച

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ ജലസേചനവും വിദ്യുച്ഛക്തിയുമെന്ന III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ നിയമം പ്രധാനമായും ഡ്രാഫ്റ്റ് ചെയ്തി രിക്കുന്നത്, 2 പ്രാവശ്യം ഓൾ പാർട്ടി മീറ്റിംഗ് വിളിച്ചുകൂട്ടിയ സന്ദർഭത്തിൽ, അവിടെ ഉയർന്നുവന്ന ചില പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ്. നമ്മുടെ നദികൾ സംരക്ഷിക്കുക, മുല്ലപ്പെരിയാർ ഇഷ്യു മുതലായവ. ഓൾ പാർട്ടി മീറ്റിംഗിന്റെ സമയത്ത് മുല്ലപ്പെരിയാർ ഇഷ്യു സജീവമായി നിൽക്കുകയായിരുന്നു. സുപ്രീം കോടതിയിൽവരെ കേസ് വന്നു വാട്ടർ ലെവൽ ഉയർത്തണമെന്ന്. എന്നാൽ അത് സാദ്ധ്യമല്ല, ഇപ്പോൾ തീരുമാനി ച്ചിട്ടുള്ള F.R.L. ആയ 136 അടിയിലോ അതിന് താഴെയോ ആക്കണമെന്നത്, ഡാം സേഫ്റ്റിയുടെ കാരണത്താൽ, നമ്മുടെ ആവശ്യമാണെന്ന സ്റ്റാന്റ് ഗവൺമെന്റ് അന്ന് സ്വീകരിച്ചു.അത് അന്നത്തെ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു. ഓൾ പാർട്ടി മീററിംഗിൽ നിർദ്ദിഷ്ട പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയും കടന്നുവരിക യുണ്ടായി. സഭയ്ക്കകത്ത് കാര്യങ്ങൾ മറച്ചുവയ്ക്കാൻ ഗവൺമെന്റിന് യാതൊരു ഉദ്ദേശ്യവു മില്ലെന്ന് സൂചിപ്പിക്കട്ടെ. ഇതിനെ സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തിയാൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നമുക്കിതിനെ പ്രൊട്ടക്ട് ചെയ്യാൻ സാധിക്കും. ഇതിനെക്കുറിച്ച് ഗവൺമെന്റിന് ലഭിച്ച നിയമപരമായ അഭിപ്രായവും, സുപ്രീംകോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന നിയമ വിദഗ്ദ്ധൻമാരുടെ അഭിപ്രായവും നമ്മൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ അഡ്വക്കേററ് ജനറലിന്റെ അഭിപ്രായവും തേടിയിട്ടുണ്ട്. നമ്മൾ പലരുമായിട്ട് കൺസൾട്ടു ചെയ്തു. ഡാമിന്റെ സേഫ്റ്റിയെ സംബന്ധിച്ച് മാത്രമായി അല്ലെങ്കിൽ റിവർ സോഴ്സസ്സിന്റെ ലിങ്കുമായി ബന്ധപ്പെട്ട് ഒരു നിയമം നമ്മൾ നിർമ്മിക്കുമ്പോൾ, സ്വാഭാവികമായും സുപ്രീം കോടതിയിൽ നിലനിൽക്കുന്ന വിഷയത്തെ മറികടക്കാൻ വേണ്ടി കൊണ്ടുവരുന്ന ഒരു നിയമമായിട്ട് അത് വ്യാഖ്യാനിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. മുല്ലപ്പെരിയാർ ഇഷ്യൂവിനെ സംബന്ധിച്ചിടത്തോളം, ആരംഭം മുതലേ നമുക്ക് അതിനകത്ത് ഒരുപാട് പാളിച്ചകൾ പറ്റിയിട്ടുണ്ടെന്ന് പരിശോധിച്ചാൽ കാണാം. അതിന്റെ വിശദമായ കാര്യങ്ങളിലേക്ക് പോകാൻ ഉദ്ദേശ്യമില്ല. ഈ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് വളരെയേറെ ഉൽക്കണ്ഠയുണ്ട്. 106 വർഷം പഴക്കമുള്ള, ഏറ്റവും പഴയ ടെക്നോളജിയിൽ നിർമ്മിച്ചിരിക്കുന്ന ഒരു ഡാം. കേന്ദ്ര ഗവൺമെന്റിന്റെ സെൻട്രൽ വാട്ടർ കമ്മീഷന്റെ കീഴിൽ ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ പിൻബലത്തിൽ അവർ പറയുന്നു ഡാം സുരക്ഷിതമാണെന്ന്. ഒരിക്കൽ സ്ട്രെങ്തൺ ചെയ്യാൻ പറഞ്ഞു. തമിഴ്നാട് സ്ട്രെങ്തൺ ചെയ്തു. അതുകൊണ്ടാണ് ഡാം സുരക്ഷിതമാണെന്ന് പറയുന്നത്. പക്ഷേ നമ്മുടെ ഉദ്യോഗസ്ഥൻമാർ പരിശോധിച്ചപ്പോൾ, നമ്മുടെ എക്സ്പെർട്സ് പരിശോധിച്ചപ്പോൾ അത് സുരക്ഷിതമല്ലെന്നുള്ള റിപ്പോർട്ടാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്നത്. ഈ പറഞ്ഞിരിക്കുന്ന ഉപദേശത്തിന് Statutory Backing ഇല്ല. Statutory Backing ഉണ്ടാകണം. സെൻട്രൽ വാട്ടർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡാം സേഫ്റ്റി ഓർഗനൈസേഷൻ, അവരുടെ റിപ്പോർട്ടിനെ ബേയ്സ് ചെയ്ത് മാത്രമായി നമുക്ക് മുന്നോട്ട് പോകാൻ സാദ്ധ്യമല്ല. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാനത്തെ ഡാമുകളെ സംബന്ധിച്ച്, കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കണമെന്നുള്ള ആ വലിയ ലക്ഷ്യത്തെ മുൻനിർത്തി നമുക്ക് ഒരു ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കണമെന്നുള്ള ഒരു തീരുമാനം നമ്മൾ എടുത്തത്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലിന് രൂപം കൊടുത്തത്. ഇതിന്റെ 12-ാമത്തെ അദ്ധ്യായത്തിൽ വളരെ വിപുലമായി ഈ കാര്യങ്ങളെ സംബന്ധിച്ച് നമ്മൾ പറയുന്നുണ്ട്. അതുപോലെതന്നെ ഈ നിയമത്തിന്റെ 4-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ, ഒരു റിവർ ബെയ്സിനിൽനിന്നും മറ്റൊരു റിവർ ബെയ്സിനിലേക്ക് വെള്ളം ട്രാൻസ്ഫർ ചെയ്യുന്നത് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയേ ആകാവൂ എന്ന് നമ്മൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതൊന്നും അന്തർ സംസ്ഥാന നദീജല നിയമവുമായി ബന്ധപ്പെട്ടിരിക്കുന്ന വ്യവസ്ഥയല്ല. നമ്മുടെ സ്റ്റേറ്റിന്, ഈ നിയമസഭയ്ക്ക് ഭരണഘടനാപരമായി നിർമ്മിക്കാൻ കഴിയുന്ന ഒരു നിയമമെന്ന് മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് ഈ ബിൽ നമ്മൾ ഇപ്പോൾ നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിന്റെ ഭരണഘടനാപരമായ വ്യവസ്ഥകൾ പരിശോധിച്ചതിനുശേഷമാണ് സഭയിൽ അവതരിപ്പിക്കുന്നത്. ഈ ബില്ലിന്റെ ക്ലാസ് 30-ൽ നമ്മുടെ നദീജലം മറ്റു സംസ്ഥാനങ്ങളുമായോ യൂണിയൻ ടെറിട്ടറിയുമായോ പങ്കുവയ്ക്കുന്ന കാര്യങ്ങളിൽ നിയമസഭ അറിയാതെ, നിയമസഭ അതു സംബന്ധിച്ച റെസല്യൂഷൻ അഡോപ്റ്റ് ചെയ്യാതെ ഇനി

ഒരു കരാറിലും ഗവൺമെന്റ് ഒപ്പിടാൻ പാടില്ലെന്ന് എഴുതി ചേർത്തിട്ടുണ്ട്. ക്ലാസ് 4-ലും 5-ലും 30-ലും വളരെ സ്പെസിഫിക്കായിട്ട് നമ്മുടെ നദീജലത്തിന്റെ സംരക്ഷണം സംബന്ധിച്ചുള്ള കാര്യങ്ങളാണ് ചേർത്തിരിക്കുന്നത്. ഇതെല്ലാം പുതിയതായി വന്നിരിക്കുന്ന വ്യവസ്ഥകളാണ്. ഇവ നമ്മുടെ സ്റ്റേറ്റിന് ഏറ്റവും ആവശ്യവുമാണ്. കഴിഞ്ഞ പ്രാവശ്യം all party യോഗത്തിൽ ഈ വക കാര്യങ്ങൾ ചർച്ചയ്ക്ക് വന്നപ്പോൾ ചൂണ്ടിക്കാണിച്ച ഒരു സംഗതി നിയമസഭ റെസല്യൂഷൻ കൂടി പാസ്സാക്കിയാലല്ലേ മുമ്പ് നമ്മൾ ഉണ്ടാക്കിയ കരാറുകൾക്ക് ഇനി പ്രാബല്യമുണ്ടാവുകയുള്ളൂ എന്ന ഒരു ചോദ്യം ഉയർന്നുവന്നു. അതിന്റെ നിയമവശം പരിശോധിച്ചപ്പോഴും രണ്ടഭിപ്രായം വന്നു. പ്രീ ഇൻഡിപെൻഡൻസ് എഗ്രിമെന്റ്, നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് ഒപ്പുവച്ച എഗ്രിമെന്റാണ് മുല്ലപ്പെരിയാറിനെ സംബന്ധിച്ചുള്ളത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം 1970-കളിൽ അത് നമ്മൾ പുതുക്കി. ആ പുതുക്കിയ കരാറിന്, പ്രീ ഇൻഡിപെൻഡൻസ് കരാറിന്, വാലിഡിറ്റിയുണ്ട്. സബ്സിക്വന്റായിട്ടുള്ള പുതുക്കൽ, ഇതിന് നിയമപരമാണോ എന്നൊക്കെയുള്ള ക്വസ്റ്റ്യൻസ് വരും. ഈ കാര്യത്തിലും ഏകാഭിപ്രായം ഗവൺമെന്റിന് കിട്ടുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇപ്പോൾ സൂചിപ്പിച്ച മുല്ലപ്പെരിയാർ കരാർപ്പോലുള്ള അന്തർദ്ദേശീയ കരാറുകൾ സംസ്ഥാന താല്പര്യത്തിന് വിരുദ്ധ മാണെന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ ഈ കരാർ പുതുക്കുന്നതിനുള്ള എന്തെങ്കിലും മാർഗ്ഗം ഇതിനകത്ത് ചേർത്തിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: സർ, നമുക്ക് ഒരു ലിമിറ്റേഷനുണ്ട്. നമ്മൾ പാസ്സാക്കുന്ന നിയമങ്ങൾ ഏതെങ്കിലും കോടതികളിൽ, ഹൈക്കോടതിയിലോ സുപ്രീംകോടതിയിലോ ഒക്കെ പോയാൽ നിലനിൽക്കുന്നതായിരിക്കണം. നമുക്ക് വികാരപരമായ ഒരു സമീപനം നിയമ നിർമ്മാണത്തിൽ സ്വീകരിക്കാൻ സാധ്യമല്ല. നിയമപരമായ ഒരു സമീപനമേ ഈക്കാര്യത്തിൽ സ്വീകരിക്കാൻ സാധ്യമാവൂ. അതുകൊണ്ടാണ് ഗവൺമെന്റ് ഇപ്പോഴും അങ്ങനെ ആലോചിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാ വേളയിൽ ഗവൺമെന്റിന് കിട്ടിയിരിക്കുന്ന ഒപ്പീനിയൻ സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാം. അംഗങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയമോപദേശവും അവിടെ ചർച്ച ചെയ്യാം. അപ്പോൾ അവിടെ വച്ച് അത് ആലോചിക്കാം. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ സബ്ജക്ട് കമ്മിറ്റിയിലുണ്ട്. നിയമ വകുപ്പിന്റെ ലാ സെക്രട്ടറിയടക്ക മുള്ള ആൾക്കാർ അവിടെയുണ്ടാവും, നമുക്ക് അവിടെയിരുന്ന് ഡിസ്കസ് ചെയ്തിട്ട് എന്തെങ്കിലും പുതുതായി ചേർക്കണമെങ്കിൽ ആലോചിക്കാം. ഇവിടെ കൊണ്ടുവന്നി രിക്കുന്ന ബില്ലിനെ സംബന്ധിച്ചിടത്തോളം ക്യാബിനറ്റിന്റെ അപ്രൂവലോടെ കൊണ്ടു വന്നിരിക്കുന്ന ഈ നിയമത്തിനകത്ത് പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ഭരണഘടനാപര മായിട്ടുള്ളതുതന്നെയാണ്. ഭരണഘടനയ്ക്ക് അതീതമായിട്ട് യാതൊന്നും ഇതിനകത്ത് ഇൻകോർപ്പറേറ്റ് ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു എന്തിന് ഇത് കൊണ്ടുവന്നുവെന്ന്. നമുക്കറിയാം 1956 മുതൽ കേരളപ്പിറവിക്കുശേഷം നിലവിലുള്ള ഈ 9 നിയമങ്ങൾ ഏകീകരിക്കാനുള്ള ശ്രമങ്ങൾ വളരെയേറെ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയതാണ്. പഴയ വ്യവസ്ഥകൾക്ക് അപ്പുറത്തേയ്ക്ക് കൂടുതലായൊന്നും ചേർത്തിട്ടില്ല. 9 നിയമങ്ങൾ, മലബാർ ഭാഗത്ത് ഒരു നിയമം തിരുകൊച്ചി ഭാഗത്ത് വേറൊരു നിയമം. 1865-ൽ നിലവിൽ വന്ന, ഒരു നൂറ്റാണ്ടിന് മുമ്പ് നിലവിൽ വന്ന നിയമവും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും കേരളത്തിൽ പ്രാബല്യത്തിലുണ്ട്. ഇവ കൺസോളിഡേറ്റ് ചെയ്ത് നമുക്ക് ഒരു ഏകീകൃത നിയമമായി കൊണ്ടുവരേണ്ടത് അനിവാര്യമാണ്. അതിന് നാം ഒരു ശ്രമം നടത്തി. 9-ാം നിയമസഭയിലും ഞാൻ തന്നെ ഇതുസംബന്ധിച്ച് ഒരു ബില്ല് ഇവിടെ കൊണ്ടുവന്നിരുന്നു. അത് സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിട്ടു. സെലക്ട് കമ്മിറ്റി തെളിവെടുത്ത് പരിശോധനകൾ നടത്തി, പക്ഷേ പാസ്സാക്കാൻ കഴിഞ്ഞില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മൾ പ്രധാനമായിട്ട് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് ഡാം സേഫ്ടി അതോറിറ്റിയാണ്. അങ്ങനെയുള്ള അതോറിറ്റിയുടെ ചെയർമാനായിട്ട് നിർദ്ദേശിച്ചിരിക്കുന്നത് ഗവൺമെന്റ് സെക്രട്ടറിയെയാണ്. ജുഡീഷ്യൽ രീതിയിലല്ലാത്ത ഒരാൾ ഇതിന്റെ ചെയർമാനായിട്ട് വരുമ്പോൾ സുപ്രീംകോടതിയിലും മറ്റുമൊക്കെ പോകേണ്ടിവരുന്ന ഒരു പ്രത്യേക സാഹചര്യത്തിൽ നമുക്ക് അത്രത്തോളം ബലം കിട്ടുമോ? അത് നാം ആലോചിക്കണം.

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ ഒരു ആസ്പെക്ട് ഞങ്ങൾ ആലോചിച്ചു. നമുക്ക് ഇപ്പോൾ സഭയിൽ ഡിസ്കസ് ചെയ്യുമ്പോൾ ലിമിറ്റേഷനുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് കുറച്ചുകൂടി തുറന്നു സംസാരിക്കാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഈ ആസ്പെക്ട് കൂടി പരിശോധിക്കാം. അത് പരിശോധിച്ചിട്ട് അതാണ് ഏറ്റവും അനുയോജ്യമെന്ന് തോന്നുകയാണെങ്കിൽ അതു നമുക്കാകാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഭരണകക്ഷി എന്നോ പ്രതിപക്ഷമെന്നോയുള്ള തർക്കം ഈ നിയമത്തിനകത്തുണ്ടാക്കാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. എന്താണ് നമ്മുടെ സ്റ്റേറ്റിന്റെ താല്പര്യത്തിന് അനിവാര്യം, ഉചിതം അത് ചെയ്യുകയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മൾ ഇപ്പോൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയ ക്ലാസ് 30 പ്രകാരം പുതിയ കരാറിൽ നമ്മൾ ഏർപ്പെടുന്നതിനുവേണ്ടിയിട്ടുള്ള വ്യവസ്ഥകളല്ലാതെ നിലവിലുള്ള കരാർ കാലാവധി പൂർത്തീകരിക്കാൻ പോകുന്ന കരാർ, ആ കരാറുകളെല്ലാം റിവ്യൂ ചെയ്യാൻ ഈ 30-ാം ക്ലാസ് പ്രകാരം നമുക്ക് കഴിയാത്ത സ്ഥിതിയല്ലെ നമുക്കുണ്ടാവുക അതുകൊണ്ട് അതിന് പ്രത്യേകമായിട്ടുള്ള ക്ലാസ് വയ്ക്കണ്ടേ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഇത് നമുക്ക് ആലോചിക്കാം. ഞാൻ അതാണല്ലോ പറഞ്ഞത്. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് വച്ച ഒരു കരാർ ഇപ്പോൾ നിലനിൽക്കുന്നത് മുല്ലപ്പെരിയാർ കരാർ മാത്രമാണ്. പറമ്പിക്കുളം-ആളിയാർ കരാറും ശിരുവാണി കരാറും ഒന്ന് 1970-ലും മറ്റൊന്ന് 1973-ലും വച്ചതാണ്. നമ്മുടെ സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് വച്ച കരാർ 1970-ൽ നമ്മൾ പുതുക്കി. ഇതെല്ലാം വരുമ്പോൾ ആ കരാറുകളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് അവയുടെ നിലനിൽപ്പ് എന്താണ്, അതിന്റെ ഇഷ്യൂസ് എന്താണ് എന്നത് ഒരു പ്രശ്നമായിട്ട് നിൽക്കുന്നുണ്ട്. നമുക്ക് അത് പ്രത്യേകമായിട്ട് പരിശോധിക്കാം, ഞാൻ ആദ്യം ഇവിടെ പറഞ്ഞതുപോലെ 12-ാം അദ്ധ്യായത്തിൽ 57-ാം വകുപ്പിൽ ഡാം സേഫ്ടിയെ സംബന്ധിച്ച് നമ്മൾ നല്ല കുറെ പ്രൊവിഷൻസ് കൂട്ടിച്ചേർത്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ടി. കെ. ബാലൻ: സർ, നമ്മൾ മുല്ലപ്പെരിയാറിൽ ഉണ്ടാക്കിയിട്ടുള്ള കരാർ റിവ്യൂ ചെയ്യാമോ അല്ലെങ്കിൽ ദുർബലപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കാമോ? സ്റ്റേററ് റീ ഓർഗനൈസേഷൻ ആക്ടിൽ പുതുതായി രൂപീകരിക്കുന്ന സംസ്ഥാനത്തിന് വേണ്ടത്ര അധികാരങ്ങൾ കൊടുത്തിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. അതിന് മുമ്പ് ഉണ്ടായിട്ടുള്ളത് വിവിധ പ്രദേശങ്ങളിലുളളതൊക്കെവച്ചുകൊണ്ട് തന്നെയായിരിക്കും നമ്മൾ ഇപ്പോൾ കൊടുക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ മുല്ലപ്പെരിയാറിനെ സംബന്ധിച്ച് 1970-ൽ ഉണ്ടാക്കിയിട്ടുള്ള ആക്ട് അടക്കം ഈ സ്റ്റേറ്റ് റീ ഓർഗനൈസേഷനിലൂടെ നമുക്ക് കിട്ടിയ അധികാരം ഉപയോഗിച്ചുകൊണ്ട് അത് ഒന്ന് റിവ്യൂ ചെയ്യുന്നതു സംബന്ധിച്ച് ഗൗരവതരമായി ആലോചിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബാലൻ മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. 1970-ലേത് ആക്ടല്ല, കരാറാണ്. മറ്റൊന്നുള്ളത് അങ്ങ് പറഞ്ഞ റീ ഓർഗനൈസേഷൻ ആക്ടിന് വാലിഡിറ്റിയുണ്ടായിരുന്നു. പക്ഷേ ആ ആക്ട് പ്രകാരം 1970-ൽ ഈ കരാർ പുതുക്കിയിരുന്നില്ലായെങ്കിൽ നമുക്ക് മുല്ലപ്പെരിയാർ കരാർ ഒരു പ്രശ്നമേയാകുമായിരുന്നില്ല. എന്നാൽ നമ്മൾ സ്വമേധയാ ഇരുകക്ഷികളും അംഗീകരിച്ച് യോജിച്ച് എഗ്രിമെന്റിൽ ഏർപ്പെട്ട്, അങ്ങനെ ഒരു പുതുക്കിയ എഗ്രിമെന്റ് കേരളത്തിൽ നിലനിൽക്കുന്നു. ഈ എഗ്രിമെന്റിന് വാലിഡിറ്റി ഉണ്ടോ ഇല്ലയോ എന്നുള്ളതാണ് ഇപ്പോൾ പലരൂപത്തിലും ചർച്ചകൾ നടക്കുന്നത്. എന്താണെങ്കിലും നിയമസഭാ കമ്മിറ്റിയിൽ, സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യാം. അതുപോലെ തന്നെ നദികളുടെ Inter linking-നെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. അതിനുള്ള നിയന്ത്രണം ഈ നിയമത്തിനകത്ത് കൊണ്ടുവന്നിട്ടുണ്ട്. മറ്റൊന്ന് കുറെക്കൂടി നിയന്ത്രണങ്ങൾ ഈ നിയമം മൂലം ഉണ്ടാകും. സ്വകാര്യഭൂമിയിലല്ലാത്ത അരുവികൾ, നദികൾ, ചാലുകൾ, കുളങ്ങൾ മുതലായവ സർക്കാരിന്റെ സ്വത്തായിരിക്കും. ഇതിൽ ജലത്തിന്റെ സംരക്ഷണവും നിയന്ത്രണവും സർക്കാരിൽ നിക്ഷിപ്തമായിരിക്കും എന്നൊക്കെയുള്ള വ്യവസ്ഥകൾ ഇതിനകത്ത് കൂട്ടിച്ചേർത്തിട്ടുണ്ട്. കുറെക്കൂടെ റെസ്ട്രിക്ഷൻസ് നമുക്ക് ഇപ്പോൾ 44 നദികളുള്ളതിൽ എല്ലാം നദിയൊന്നുമല്ലല്ലോ. 4 മീഡിയം നദികൾ കഴിഞ്ഞാൽ 40 എണ്ണവും നദിയെന്നു പറയാൻപോലും സാധ്യമല്ല. അപ്പോൾ അതുകൂടി മുന്നിൽ കണ്ടുകൊണ്ടാണ് നമ്മൾ ഈ പ്രൊവിഷൻസൊക്കെ കൂട്ടിച്ചേർത്തിരിക്കുന്നത്. ഞാൻ ഈ ഘട്ടത്തിൽ കൂടുതലായിട്ട് ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. വളരെ സദുദ്ദേശത്തോടെ കൊണ്ടുവന്ന ഒരു നിയമനിർമ്മാണമാണ് ഇത്. നിലവിലുള്ള പല നിയമങ്ങൾ കൺസോളിഡേറ്റ് ചെയ്ത് ഒരു ആക്ടായിട്ട് കൊണ്ടുവരാനുള്ള ഉദ്ദേശ്യവും ഇതിനുപിന്നിലുണ്ട്. Isolate ചെയ്ത് പ്രത്യേക ഒരു പർപ്പസിനുവേണ്ടിയിട്ടല്ല നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതു ചെയ്യുന്നത്. ഇപ്പോൾ കേരളത്തിന്റെ പൊതുവായ താല്പര്യമനുസരിച്ച് നിലവിലുള്ള 9 നിയമങ്ങൾ ഏകീകരിക്കേണ്ടത് ആവശ്യമാണ്. ആ ഏകീകരണത്തിൽ നിലവിലുള്ളതിൽനിന്ന് വ്യത്യസ്തമായിട്ട് ഒന്നുംതന്നെ ചേർത്തിട്ടില്ല. ഇപ്പോൾ നിലവിൽ ഏതൊക്കെ കേരളത്തിലുണ്ടോ അതു തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.ഇനി അതിനകത്ത് എന്തെങ്കിലും മാറ്റം വരുത്തണമോ എന്നുള്ളത് നമുക്ക് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ആലോചിക്കാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തുറന്ന മനസ്സോടുകൂടി തന്നെ ഡിസ്ക്കഷൻ നടത്തി അനുയോജ്യമായത് നമുക്ക് എല്ലാവർക്കും സ്വീകാര്യമായത് നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കാൻ അനുയോജ്യമായിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളുകയും അതിനനുസരിച്ച് ഈ നിയമം നിർമ്മിച്ച് നമ്മുടെ സ്റ്റേറ്റിന്റെ പൊതുവായ ഇന്ററസ്റ്റ് സംരക്ഷിക്കുകയും ചെയ്യാം. എന്തായെങ്കിലും കൂട്ടായി നമുക്ക് ശബ്ദിക്കാൻ കഴിയുമെന്ന, കൂട്ടായി പ്രവർത്തിക്കാൻ കഴിയുമെന്ന ഒരു ഇമ്പ്രഷൻ നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് നില നിർത്തി കൊണ്ടുപോകേണ്ടത് സ്റ്റേറ്റിന്റെ മുന്നോട്ടുള്ള നീക്കത്തിന് ആവശ്യമാണ്. അതുകൊണ്ട് പൊതുചർച്ചയ്ക്കുശേഷം ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങയുടെ ഒന്നാം നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ 30-9-2003 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ദേശീയ ശരാശരി അനുസരിച്ച് മൊത്തമുള്ള ജല ലഭ്യതയെന്നു പറയുന്നത് ഏകദേശം 1190 മില്ലിമീറ്ററാണ്. എന്നാൽ കേരളത്തിൽ 3000 മില്ലി മീറ്റർ മഴ ലഭിക്കുന്നുണ്ട്. 44 നദികൾകൊണ്ട് സമൃദ്ധമാണ് കേരളമെന്ന് ഒരു ധാരണ പുറമെയുണ്ടെങ്കിലും ആ 44 നദികളുടെ ജലസമ്പത്തിന്റെ 40 ശതമാനത്തിലേറെ ഉപയോഗിക്കപ്പെടാതെ കടലിലേയ്ക്ക് ഒഴുകിപ്പോവുകയാണ്. കേരളത്തിൽ നാം ജലം ഉപയോഗിക്കുന്നത് ഗാർഹിക ആവശ്യങ്ങൾ, കാർഷികാവശ്യങ്ങൾ, ഉപ്പുവെള്ളത്തിന്റെ കയറ്റം തടയാനുള്ള നടപടികൾ, വൈദ്യുതിയുല്പാദനം, വ്യവസായ ആവശ്യങ്ങൾ എന്നിങ്ങനെ നാലഞ്ച് കാറ്റഗറിയിലായിട്ടാണ്. ഒരു വർഷം നമുക്ക് ആവശ്യമുള്ളത് ഏകദേശം 4970 കോടി ഘനലിറ്റർ ജലമാണ്. അതിനേക്കാൾ വളരെയേറെ വർദ്ധിച്ച അളവിൽ, ഏകദേശം 7030 ഘന അടി ജലം നമുക്ക് ലഭിക്കുന്നുണ്ട്. അത് ഫലപ്രദമായി വിനിയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പുമായി ഏകദേശം 4.32 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനുള്ള പദ്ധതികൾക്കാണ് നമുക്ക് ഇതുവരെ രൂപം കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. നമ്മുടെ ജലസേചന പദ്ധതികളുടെ ഏറ്റവും പ്രധാനപ്പെട്ട പോരായ്മ, പൂർത്തീകരിക്കുവാൻ വേണ്ടി വളരെയേറെ സമയമെടുക്കുന്നു എന്നുള്ളതാണ്. കല്ലട പ്രോജക്ടിന്റെ ആയാലും മൂവാറ്റുപുഴ - വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ആയാലും കഥ വ്യത്യസ്തമല്ല—

LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി അടക്കം. 1961-ൽ 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ആരംഭിച്ച കല്ലട പദ്ധതി ഏകദേശം 800 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞിട്ടും പൂർത്തിയാക്കാതെ ക്ലോസ് ചെയ്യുകയാണുണ്ടായത്. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മലങ്കര ഡാമുമായി ബന്ധപ്പെട്ട മൂവാറ്റുപുഴ പദ്ധതി. കുറ്റ്യാടിയുടെ കഥയും വ്യത്യസ്തമല്ല. നമുക്ക് പ്രധാനമായും ജലസേചനവുമായി ബന്ധപ്പെട്ട് പതിനെട്ട് ഡാമുകളാണ് പണി തീർന്നത്. അതിൽ ഭൂരിപക്ഷവും 1950-ന് മുമ്പ് പണി തീർന്നിട്ടുള്ളവയാണ്. ഇന്ന് ഈ ബില്ല് ഇവിടെ കൊണ്ടുവരാൻ പ്രേരിപ്പിച്ചിരിക്കുന്ന ഘടകങ്ങൾ, ഈ പതിനൊന്നാം നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽതന്നെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇപ്രകാരം ഒരു നിയമനിർമ്മാണം കൊണ്ടുവരുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് ഇന്ന് ഈ നിയമം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമം ഇവിടെ പരിശോധിക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ നാം പരിശോധിക്കേണ്ടതുണ്ട്. 1957-ൽ ഇതേ മാസം, ആഗസ്റ്റ് മാസം 23-ാം തീയതി അന്നത്തെ ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. വി. ആർ. കൃഷ്ണയ്യർ കേരള നിയമസഭയിൽ The Travancore-Cochin Irrigation (Amendment) Bill, 1957 അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു. അന്നും കൊച്ചിയിലും കുട്ടനാട്ടിലും അതുപോലെതന്നെ അന്നത്തെ കേരളത്തിലെ മിക്കവാറും പ്രദേശത്ത് ജലഉപഭോഗത്തെ സംബന്ധിച്ചും വിനിയോഗത്തെ സംബന്ധിച്ചും കുട്ടനാടിന്റെ പ്രാധാന്യത്തെ സംബന്ധിച്ചുമൊക്കെ ഈ സഭയുടെ അകത്തളങ്ങളിൽ വലിയ ചർച്ച നടന്നിട്ടുണ്ട് എന്ന് നിയമസഭാ രേഖ പരിശോധിക്കുമ്പോൾ നമുക്ക് കാണുവാൻ കഴിയും. അതുപോലെ തന്നെ ഈ ബില്ല് പൈലറ്റ് ചെയ്തിരിക്കുന്ന ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ് തന്നെ 1994-ൽ കൊണ്ടുവന്ന സംയോജിത ജലസേചന ബില്ലിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടും ഇറിഗേഷന്റെ വാട്ടർ മാനേജ്മെന്റ് ബില്ല് കൊണ്ടുവരും എന്നായിരുന്നു പറഞ്ഞിരുന്നത്. അതുകൊണ്ട് ഇതിനുമുമ്പ് നമ്മുടെ സംസ്ഥാനത്തും നമ്മുടെ രാജ്യത്തും നടന്നിട്ടുള്ള നിരവധി നിയമ നിർമ്മാണങ്ങളുടെ ചുവടുപിടിച്ചുതന്നെ അനിവാര്യമായിട്ടുള്ള ഒന്നാണ് ഈ ബിൽ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1987-ലെ ദേശീയ ജലനയവും 2002-ലെ പുതുക്കിയ ജലനയവും അതുപോലെ ഈ നിയമസഭ തന്നെ 1991-96 കാലഘട്ടത്തിൽ അംഗീകരിച്ച കേരള ഗവൺമെന്റിന്റെ ജലനയവുമൊക്കെ ചേർത്ത് വായിക്കുമ്പോൾ ഇന്നത്തെ ഈ സമഗ്രമായ ബില്ലിന്റെ ഒരു ഔട്ട്ലൈൻ കൈവരിക്കുവാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. ഈ ബില്ലിൽ ഏകദേശം തൊണ്ണൂറ്റിയഞ്ചോളം വകുപ്പുകളിലായി സുപ്രധാനമായ പല കാര്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 70 മുതൽ പീനൽ പ്രൊവിഷനും 78 മുതൽ പലവകയുമൊക്കെയായി കൊടുത്തിരിക്കുന്നതിൽ വ്യക്തമായ ചില ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ട്. ഇതിന്റെ 57-ാം വകുപ്പ് ഒരു ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുമെന്നുള്ളതാണ്. അതുപോലെ 90, Constitution of Water Management and Utilisation Board ആണ്. അതുപോലെതന്നെ 49, കർഷകരുടെ സംഘടന സംബന്ധിച്ചാണ് പറയുന്നത്. അതുപോലെ 4-ാം വകുപ്പ് ജലം എടുക്കുന്നതിനും ജലപ്രവാഹത്തിന്റെ ഗതി മാറ്റുന്നതിനും നിയന്ത്രണം. കൃഷിക്കാരുടെ സംഘടന സംബന്ധിച്ച 49-ാം വകുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുമ്പോൾ, ആന്ധ്രാപ്രദേശും, തമിഴ്നാടും യഥാക്രമം എൺപതുകളുടെ അവസാനത്തിൽത്തന്നെ കർഷകരുടെ നിയന്ത്രണത്തിലുള്ള ജല ഉപഭോഗ സമിതികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുകയുണ്ടായി. ഇന്ത്യയിൽ പൊതുവേ പരിശോധിക്കുമ്പോൾ കൃഷിക്കാരുടെ ജലസംരക്ഷണ സമിതികൾക്കോ കർഷക സമിതികൾക്കോ ജലസേചന പദ്ധതികളുടെ നിയന്ത്രണം വിട്ടുകൊടുത്തിട്ടുള്ളത് വെറും ഏഴ് ശതമാനമാണ്. എന്നാൽ ഇന്തോനേഷ്യ, മെക്സിക്കോ അടക്കമുള്ള വിദേശ രാജ്യങ്ങൾ അമ്പതു ശതമാനത്തിലും അതിനു മുകളിലും പല ജലസേചന പദ്ധതികളുടേയും നിയന്ത്രണം കർഷകരുടെ സംഘടനകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ഇവിടെ 49-ാം വകുപ്പിൽ പറയുന്ന കർഷകരുടെ സംഘടനയുടെ പ്രാധാന്യം ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെത്തന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് Constitution of Water Management and Utilisation Board. ഇത് നമ്മുടെ നാട്ടിൽ നഷ്ടമായി കൊണ്ടിരിക്കുന്ന ജലത്തെ സംബന്ധിച്ചുള്ള അവബോധം ശക്തിപ്പെടുത്തുന്നതിന് ഉപകരിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. ഇന്ന് ജീവിതത്തിന്റെ സമസ്ത മേഖലകളെയും സംരക്ഷിക്കുവാനുള്ള നിയമനിർമ്മാണം ഭരണഘടനയുടെ പിൻബലത്തിൽ നിർമ്മിക്കപ്പെടുന്നുണ്ട്. പോരാത്തതിന് ഓരോരോ ഘട്ടത്തിൽ അതാത് പ്രദേശങ്ങൾക്കും സ്ഥാപനങ്ങൾക്കും പുതിയ നിയമ നിർമ്മാണങ്ങളും റൂൾസുമൊക്കെ ഉണ്ടാക്കുന്നുണ്ട്. എന്നാൽ നാം ഗൗരവതരമായി പരിശോധിക്കേണ്ട ഒരു വസ്തുത ഞാൻ ആദ്യം പറഞ്ഞ, കിഴക്കോട്ട് ഒഴുകുന്ന മൂന്നു നദികളടക്കം 44 നദികളുള്ള കേരള സംസ്ഥാനം ഘട്ടം ഘട്ടമായി പടിപടിയായി വരണ്ടുവരുന്നു, വറ്റിവരുന്നു. നമ്മുടെ ജലസ്രോതസ്സുകൾ വറ്റിവരണ്ടുപോയിക്കൊണ്ടിരിക്കുന്നു എന്നുള്ളത് നാം വളരെ ഗൗരവതരമായി കാണേണ്ടതാണ്. ഇന്ന് ഒഴുകിവരുന്ന ജലം സംരക്ഷിക്കുന്നതിനെയും സംഭരിക്കുന്നതിനെയും സംബന്ധിച്ചാണ് നാം ഗൗരവതരമായി ചർച്ച ചെയ്യുന്നതെങ്കിൽ നാളെ ഈ നീരൊഴുക്കുകൾ നിലനിൽക്കണമെങ്കിൽ വളരെ ഗൗരവതരമായ നിയമനിർമ്മാണത്തിന്റെ പിൻബലം ഉണ്ടാകണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കൂടി ഇതുമായി ബന്ധപ്പെടുത്തി കൂട്ടിയിണക്കി ഈ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ ഉണ്ടാക്കണമെന്നുകൂടി ഒരു നിർദ്ദേശമായി മുന്നോട്ടു വയ്ക്കുകയാണ്.

ശ്രീ. സി. കെ. നാണു: ഭാവിയിൽ ജലം ലഭിക്കുന്നതിന് സഹായകരമായ വിധത്തിൽ പാരിസ്ഥിതിക പ്രശ്നത്തെക്കുറിച്ച് പറഞ്ഞിട്ട്, ആ പാരിസ്ഥിതിക പ്രശ്നം എന്നുപറയുന്നത് വനനശീകരണത്തിന്റെ ഫലമായി വനങ്ങൾ മുഴുവൻ നശിച്ച് ഈ മലകളിലും മറ്റും ജലം ശേഖരിക്കുവാനുള്ള വനങ്ങൾക്കുണ്ടായിരുന്ന ശക്തി നഷ്ടപ്പെടുന്നതിന്റെ ഫലമായി നമ്മുടെ മഴവെള്ളം മുഴുവൻ വളരെവേഗം കടലിലേക്ക് ഒഴുകിപ്പോകും. അതാണോ പാരിസ്ഥിതിക പ്രശ്നം എന്ന നിലയിൽ സൂചിപ്പിക്കുന്നത്?

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മുൻവനംവകുപ്പ് മന്ത്രി കൂടിയായ അങ്ങ് ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രധാനപ്പെട്ട ഒന്നാണ്. അതും എന്റെ മനസ്സിലുണ്ട്. കാരണം നിത്യഹരിത വനങ്ങളൊക്കെ നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നു. അടുത്ത ദിവസം നാം പാസ്സാക്കിയ വനം നിയമം പോലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഒഴിവാക്കുവാൻ കഴിയാത്ത അനിവാര്യതയിൽ നിന്നാണ് പാസ്സാക്കിയത്. ഇത് അംഗീക

LIBRARY ARCHIVES Kerala Legislative Assembly

തിക്കുമ്പോൾത്തന്നെ അത് ഭാഗികമായി വന നശീകരണത്തിലേക്കും വഴിവയ്ക്കുകയില്ലേ എന്നുള്ള ആശങ്ക ഈ സഭയിൽ പലരും ഉന്നയിച്ചത് ഞാനും പങ്കുവയ്ക്കുകയാണ്. അതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ പുഴയുടെ ഉറവിടങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ വേണം. നിർഭാഗ്യവശാൽ ഇന്ന് പുഴകളുടേയും തോടുകളുടേയും സൈഡ് കെട്ടി സംരക്ഷിക്കുന്ന പദ്ധതി, ജനപ്രതിനിധി എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിക്കും ബന്ധപ്പെട്ടവർക്കുമൊക്കെ ഇത്തരത്തിലുള്ള പ്രാദേശിക ആവശ്യങ്ങൾക്കുവേണ്ടി ഞാൻ കത്തുകളുമൊക്കെ നൽകാറുണ്ട്. പശ്ചിമഘട്ടത്തിൽ വീഴുന്ന ഒരു തുള്ളി വെള്ളം 48 മണിക്കൂർ കൊണ്ടാണ് ഇന്ന്
11 A.M.] കടലിൽ പതിക്കുന്നതെന്നാണ് കണക്കെങ്കിൽ നമ്മുടെ എല്ലാ നദികളുടെയും ചെറിയ തോടുകളുടേയും സൈഡ് മനോഹരമായി കരിങ്കൽ കെട്ടുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്താൽ 48 മണിക്കൂർ എന്നുള്ളത് ഒരുപക്ഷേ 24 മണിക്കൂർകൊണ്ട് കടലിൽ എത്തിച്ചേരുമെന്നതായിരിക്കും ഫലം എന്നതിൽ സംശയമില്ല. നദികൾ ചരിഞ്ഞും പുളഞ്ഞുമൊക്കെ ഒഴുകുകയും ആ നദികളുടെ തീരങ്ങളിൽ എക്കലുകൾ അടിഞ്ഞ് മണ്ണിന്റെ സൂക്ഷ്മകണങ്ങളിൽ ജലസമ്പത്ത് ഊറി അങ്ങനെയുണ്ടാകുന്ന പ്രത്യേകമായ ചില ഭൗതിക സാഹചര്യങ്ങൾ രൂപപ്പെട്ടാണ് നമ്മുടെ ഉറവിടങ്ങളൊക്കെ നിലനിന്നുപോന്നിട്ടുള്ളത്. അതുകൊണ്ട് അത് സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ കൂടി ഇതിന് അനുബന്ധമായി വേണമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്. അതുപോലെത്തന്നെ ഇന്ന് നദികളെ സംബന്ധിച്ച നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട കാര്യം നമ്മുടെ നദീജല കരാറുകളുടെ പിൻബലത്തിൽ കേരളത്തിന്റെ ജലം അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകയുമൊക്കെ കവർന്നെടുക്കുന്നു എന്നുള്ളതാണ്. ഈ നിയമത്തിന്റെ ചില പ്രധാനപ്പെട്ട കണ്ടെത്തലുകളിൽ മറ്റൊന്ന് ....

ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ അങ്ങ് ഇവിടെ സംസാരിക്കുമ്പോൾ പുഴകളുടേയും തോടുകളുടേയുമൊക്കെ തീരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ഈ പുഴകളെല്ലാം അതിക്രമിച്ച് കയറി ധാരാളം പുരയിടങ്ങളും സ്ഥാപനങ്ങളും എല്ലാം നശിച്ചുപോകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് നിവാരണമുണ്ടാക്കാൻ എന്തു പരിപാടിയാണ് നിർദ്ദേശിക്കുന്നത്?

ശ്രീ. പി. ടി. തോമസ്: ഞാൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് യോജിക്കുന്നുണ്ട്. കോൺക്രീറ്റ് പോലെ കെട്ടി ഒരു പ്രത്യേക ഓടയിലൂടെ അല്ലെങ്കിൽ പ്രത്യേക ചാനലുകളിലൂടെ വെള്ളം ഒഴുക്കുന്നതിനെപ്പറ്റിയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മൂവാറ്റുപുഴ മെമ്പർക്ക് അറിയാവുന്നതുപോലെതന്നെ നമ്മുടെ നാട്ടിൽ പഴയ കാലത്തൊക്കെ കൈതയും അതുപോലുള്ള മറ്റ് മരങ്ങളും ചെടികളുമൊക്കെ പുഴകളുടെ സൈഡിൽ വച്ചുപിടിപ്പിച്ചുകൊണ്ട് ഇന്നത്തെ രീതിയിലുള്ള കുത്തൊഴുക്ക് നിയന്ത്രിക്കുന്നതിന് പല പദ്ധതികളുമുണ്ടായിരുന്നു. നാട്ടിൻപുറത്ത് പരമ്പരാഗതമായി അവയൊക്കെ ഇന്നുമുണ്ട്. ചില സ്ഥലത്തൊക്കെ പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാൻ കഴിയില്ല. കാരണം പുഴകളുടെ അടുത്തിരിക്കുന്ന വീടുകൾ സംരക്ഷിക്കേണ്ടത് മാനുഷിക പ്രശ്നമായി വരുന്നുണ്ട്. പക്ഷേ ആത്യന്തികമായി കേരളത്തിലെ 44 നദികളുടേയും സൈഡ് കെട്ടി സംരക്ഷിക്കുക എന്നുപറഞ്ഞാൽ 44 കോൺക്രീറ്റ് ഓവുചാലുകൾ കടലിലേക്ക് ഉണ്ടാക്കിത്തീർക്കുക എന്നുള്ളതാണ് അപകടം എന്ന ഒരു നല്ല ഉദ്ദേശത്തിലാണ് ഞാൻ ഇത് ചൂണ്ടിക്കാണിച്ചത്. ഈ നിയമത്തിലെ 6-ാം വകുപ്പിൽ കിണർ നിർമ്മിക്കുന്നതിന് ചില നിയന്ത്രണങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ഉദ്യോഗസ്ഥൻമാർ ദുരുപയോഗപ്പെടുത്താതെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണ്. കാരണം ഇന്ന് നമ്മുടെ നാട്ടിലെ ലക്ഷക്കണക്കിനുള്ള കിണറുകളും കുളങ്ങളും ആണ് നമ്മുടെ ജലസമ്പത്തിനെ കാത്ത് സംരക്ഷിക്കാനുള്ള മറ്റൊരു പ്രധാന ഘടകം. അതുകൊണ്ട് നാളെ ഒരു പാവപ്പെട്ട കൃഷിക്കാരൻ കിണർ കുഴിക്കാൻ അനുമതി തേടി പോകുമ്പോൾ ബ്യൂറോക്രസിയുടെ ചുവപ്പുനാടയിൽ അകപ്പെട്ടുപോകാതിരിക്കാനുള്ള മുൻകരുതലുകൾകൂടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് മണൽവാരലുമായി ബന്ധപ്പെട്ട ഒരു കാര്യം 7-ാം വകുപ്പിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്ന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടും പാരിസ്ഥിതികമായ മറ്റ് കാര്യങ്ങളാലും മണൽ വാരൽ ഒരു ഗുരുതരമായ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. മണൽ വാരിയതിനെത്തുടർന്ന് പെരിയാർ, ഭാരതപ്പുഴ അടക്കമുള്ള പല നദികളും താഴ്ന്നുതാഴ്ന്നു പോകുന്നു എന്നു മാത്രമല്ല, ജലസ്രോതസ്സുകൾ തകർന്നുകൊണ്ടിരിക്കുകയുമാണ്. എന്റെ അഭിപ്രായത്തിൽ നിയമനിർമ്മാണം ഉണ്ടാകുന്നതോടൊപ്പംതന്നെ മണലിന് പകരം കെട്ടിട നിർമ്മാണ സാമഗ്രിയായി ഉപയോഗിക്കാൻ കഴിയുന്ന മറ്റൊരു പദാർത്ഥം ബദൽ ടെക്നോളജി വഴി വികസിപ്പിച്ചെടുക്കാനുള്ള ധീരമായ നടപടികൂടിയുണ്ടാകണം. അത് ഉണ്ടാകാതെ നമ്മുടെ കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച, മണലിന്റെ ഉപഭോഗത്തെ സംബന്ധിച്ച വ്യക്തമായ ഒരു ടെക്നോളജി രൂപപ്പെടുത്താതെ മണൽ സംരക്ഷിക്കണമെന്ന് നമ്മൾ എത്ര അലമുറയിട്ടാലും സംരക്ഷിക്കപ്പെടാൻ കഴിയില്ല.

ശ്രീ. തമ്പാനൂർ രവി: അങ്ങ് ഈ ബില്ലിൽ കിണർ കുഴിക്കുന്നതിനുള്ള നിയന്ത്രണത്തെപ്പറ്റി പറഞ്ഞിട്ടുള്ളതിനെപ്പറ്റി പറഞ്ഞല്ലോ. അടുത്തകാലത്തുണ്ടായ പഠനങ്ങളിൽ നിന്ന് മനസ്സിലാകുന്നത് കേരളത്തിലെ പല പ്രദേശങ്ങളിലേയും വാട്ടർലെവൽ വളരെയേറെ താഴുന്നു എന്നാണ്. അത്തരം പ്രദേശങ്ങളിൽ ഇതുപോലെ വെള്ളമെടുക്കുന്നതിനുള്ള ഒരു നിയന്ത്രണം ആവശ്യമാണെന്നുള്ള ഒരു അഭിപ്രായം അങ്ങേക്ക് ഉണ്ടോ?

ശ്രീ. പി. ടി. തോമസ്: തീർച്ചയായും. ഞാൻ പറഞ്ഞല്ലോ കേരളത്തിൽ ഇനി ഉണ്ടാകേണ്ടത് ജലഉപഭോഗത്തെ സംബന്ധിച്ച സാക്ഷരത ആണെന്ന്, നൂറുശതമാനം അങ്ങയെപ്പോലെ തന്നെ എനിക്കും അങ്ങനെ അഭിപ്രായം ഉണ്ട്. ഇവിടെ കൊക്കകോള കമ്പനിയെ സംബന്ധിച്ച് വലിയ വിവാദം നടക്കുകയാണ്. വിഷയം മാറിപോകുമെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ രാഷ്ട്രീയത്തിലേക്ക് കടക്കുന്നില്ല. പക്ഷേ ഒരു കാര്യം നാം ഗൗരവതരമായി ആലോചിക്കേണ്ടതല്ലേ? 1997-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊക്കകോള കമ്പനി അനുവദിക്കാൻ പോകുമ്പോൾ അഞ്ച് വർഷത്തേക്കുള്ള ഒരു താൽക്കാലിക പഠനം മാത്രമായിരുന്നോ നടത്തേണ്ടിയിരുന്നത്? ഇനി അഥവാ അങ്ങനെ പഠനം നടത്തിയാലും അവിടെ നിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

വെള്ളമെടുക്കേണ്ടതെന്ന് വരികയും അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഗുരുതരമായി കണ്ടുകൊണ്ട് ആ പദ്ധതിക്ക് അനുമതി കൊടുക്കാതിരിക്കാൻ കഴിയാതെ പോയ കഴിഞ്ഞ ഗവൺമെന്റിന്റെ ഈ രംഗത്തുള്ള പിടിപ്പുകേട് സന്ദർഭവശാൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ വാട്ടർ മാനേജ്മെന്റിനെ സംബന്ധിച്ച് കിണർ കുഴിക്കുന്നതുമായി ബന്ധപ്പെട്ട് പറഞ്ഞതാണ്. 'പണ്ടേ ദുർബല പിന്നെ ഗർഭിണിയും' എന്നു പറഞ്ഞപോലെയാണ്. ഇവിടെ ബഹുമാന്യരായ നമ്മുടെ ചന്ദ്രേട്ടനേയും അച്ചുവേട്ടനേയും പോലുള്ള ആളുകൾ ഒക്കെ നിയമസഭയിൽ ഇപ്പോഴും വിലപിക്കുന്നത് പാലക്കാട്ട് കൃഷിക്കാരുടെ കുടിവെള്ളത്തിനുവേണ്ടിയുള്ള അവരുടെ അടക്കാനാവാത്ത അഭിനിവേശത്തെ സംബന്ധിച്ചാണ്. പാലക്കാട് ജില്ലയിൽ പ്രത്യേകിച്ച് കൊഴിഞ്ഞാമ്പാറ ഉൾപ്പെടെയുള്ള പ്രദേശത്ത് ദശലക്ഷക്കണക്കിന് ഘന ലിറ്റർ വെള്ളം കവർന്നെടുക്കാൻ ഒരു അന്താരാഷ്ട്ര കമ്പനിക്ക്, കൊക്കകോള പോലെയുള്ള ബഹുരാഷ്ട്ര കുത്തകയ്ക്ക് അനുമതി കൊടുത്തപ്പോൾ 'ഞാനൊന്നും അറിഞ്ഞില്ല രാമനാരായണ' എന്ന മട്ടിൽ കണ്ണുമടച്ചിരുന്ന ആളുകൾ ഇന്ന് തല്ലിപ്പൊട്ടിക്കാനും ബഹളമുണ്ടാക്കാനും ചില ഹോട്ടലുകളിൽ വച്ചു നടത്തുന്ന പത്രസമ്മേളനം പോലും അലങ്കോലപ്പെടുത്താനും പോകുന്നത് കാണുമ്പോൾ ഇവരുടെ ആത്മാർത്ഥതയിൽ സന്ദർഭവശാൽ സംശയിക്കാതിരിക്കാൻ കഴിയില്ല. എന്റെ വിഷയം അത് സംബന്ധിച്ചല്ലാത്തതുകൊണ്ട് ഞാൻ അങ്ങോട്ട് പോകുന്നില്ല. അപ്പോൾ കൊക്കകോളയുടെ കാര്യത്തിൽ ആയാലും വസ്തുതാപരമായ ഒരു കാര്യം പഠിക്കേണ്ട സമയത്ത് പഠിക്കാതെ പിൽക്കാലത്ത് തുള്ളുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നാം അവിടെ കണ്ടത്. അന്നത്തെ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ തെറ്റ് പറ്റിപ്പോയി തിരുത്തുന്നു എന്നാണ് പറഞ്ഞത്. ഇങ്ങനെ തോന്നുമ്പോൾ തോന്നുമ്പോൾ തിരുത്താൻ മാത്രം കാലം കാത്തിരിക്കുന്നുണ്ടോ? അതുകൊണ്ട് അത്തരം നടപടികൾ തീർച്ചയായും ഗൗരവതരമായി കാണണം. അതുകൊണ്ട് നിയന്ത്രണത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ആ നിയന്ത്രണം ദുരുപയോഗപ്പെടുത്തരുതെന്നാണ് ബഹുമാനപ്പെട്ട നെയ്യാറ്റിൻകര മെമ്പറുടെ ചോദ്യത്തിന് ഉത്തരമായി എനിക്ക് പറയാനുള്ളത്. അതുപോലെ ഇതിലെ 10-ാം വകുപ്പ് പദ്ധതികൾ നിർമ്മിക്കുമ്പോൾ കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും മറ്റും തുക കൊടുക്കാനുള്ള ഒരു പദ്ധതിയാണ്. അത് വളരെ ഉചിതമായിയെന്നാണ് എന്റെ അഭിപ്രായം. ഇടുക്കി ജില്ലയിലെ കുളമാവിൽ ഇപ്പോൾ ഒരു ചെറിയ ഡാം കെട്ടുന്നുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. റോഷി അഗസ്റ്റിന്റെ മണ്ഡലത്തിലാണ്. അവിടെ ഒരു ഡാം കെട്ടുമ്പോൾ പട്ടയമില്ല എന്നതിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട കൃഷിക്കാരന് യാതൊരു നഷ്ടപരിഹാരവും കൊടുക്കാതെ സ്ഥലം ഏറ്റെടുത്ത സംഭവം ഉണ്ടായിട്ടുണ്ട്. അതിനെപ്പറ്റി ചർച്ചകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അത്തരം നടപടികളൊക്കെ ഒഴിവാക്കാൻ 10-ാം വകുപ്പ് പാസ്സാക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. മറ്റൊന്ന് 23-ാം വകുപ്പാണ്. അത് ജലസേചനവുമായി ബന്ധപ്പെട്ട കാര്യമാണ്. ആ പണം ഫലപ്രദമായി അത്തരം പദ്ധതികളുടെ കാര്യത്തിനുവേണ്ടി തന്നെ വിനിയോഗിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് ജലസേചന സംരംഭങ്ങളിലെ മത്സ്യ സമ്പത്തുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുള്ള 42-ാം വകുപ്പാണ്. അതും നമ്മുടെ തീരപ്രദേശത്തും

LIBRARY ARCHIVES Kerala Legislative Assembly

കായൽ പ്രദേശത്തുമൊക്കെയുള്ള പാവപ്പെട്ടവരെ ബാധിക്കാതെ നാം പ്രത്യേകമായി നോക്കേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ 49-ാം വകുപ്പ് കർഷകരുടെ സംഘടന. അങ്ങനെ പൊതുവെ പറഞ്ഞാൽ കുറ്റമറ്റ രീതിയിൽ കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണ് ഇതെന്ന് പറയാൻ കഴിയും.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഇവിടെ പറഞ്ഞതുപോലെ 10-ാം വകുപ്പിൽ ഇറിഗേഷൻ വർക്കിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കൊടുക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ 26-ാം വകുപ്പിൽ ഏതെങ്കിലും ഒരു ജലസേചന സംരംഭത്തിന്റെ പരിധിയിൽ വരുന്ന പ്രദേശത്തുനിന്ന് സാമഗ്രികൾ ഏറ്റെടുക്കുകയാണെങ്കിൽ ഒരു നഷ്ടപരിഹാരവും കൊടുക്കുകയില്ല എന്നുമാത്രമല്ല, ഇവിടെ ഈ ബില്ലിൽ ആർബിട്രേറ്ററിയായി ഇറിഗേഷൻ ഓഫീസർക്ക് ഈ കാര്യങ്ങൾ ചെയ്യാൻവേണ്ടിയുള്ള വ്യവസ്ഥ കൊടുത്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ്: അതിനകത്ത് സബ്സെക്ഷൻ (2) അനുസരിച്ച് ഒരു ഓഫീസർക്ക് ചെയ്യാവുന്ന നടപടികളെക്കുറിച്ച് വളരെ വ്യക്തമായിട്ടുതന്നെ പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുന്നതിൽ തകരാറുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന, മറ്റൊരു പ്രധാനപ്പെട്ട വകുപ്പാണ് 30-ാം വകുപ്പ്. മറ്റു സംസ്ഥാനങ്ങൾക്കോ കേന്ദ്ര ഭരണപ്രദേശത്തേക്കോ വെള്ളം കൊടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യമാണ്. നിലവിലുള്ള പറമ്പിക്കുളം അളിയാർ കരാർ ആയാലും, മുല്ലപ്പെരിയാർ കരാർ ആയാലും അതുപോലെ തന്നെ കരാർ ഇല്ലാതെയുള്ള നെയ്യാർ ഡാമിലെ ജലം ഉപയോഗിക്കുന്ന കാര്യത്തിലായാലും, ശിരുവാണിയിലെ ജലം കോയമ്പത്തൂരിൽ കുടിവെള്ളത്തിന് കൊടുക്കുന്നത് ഉപയോഗിച്ച് ബിസ്ലേരിയാക്കി വിറ്റ് കാശാക്കുന്ന കാര്യത്തിലായാലും ഈ നടപടികൾക്ക് ഒന്നും നിയന്ത്രണം കൊണ്ടുവരാൻ ഇതിൽ വകുപ്പില്ല എന്നുള്ളതാണ് സത്യം. 1886-ൽ രൂപം കൊണ്ട മുല്ലപ്പെരിയാർ പാട്ടക്കരാർ പിന്നീട് പ്രാഥമിക കരാറായി ഒപ്പ് വച്ചു. അതോടൊപ്പം തന്നെ പറമ്പിക്കുളം—കരാറടക്കമുള്ള കരാറുകൾക്ക് 1970-ൽ സമഗ്ര രൂപം നൽകി ഒപ്പു വച്ചു. ഈ കരാറുകളൊന്നും പുനഃപരിശോധിക്കാനുള്ള സംവിധാനങ്ങൾ ഈ നിയമനിർമ്മാണത്തിന്റെ പരിധിയിൽ വന്നിട്ടില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇതിന് 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിന്റേയുമൊക്കെയുള്ള ചില പരിമിതികളും അതോടൊപ്പംതന്നെ ഇത്തരം നദീജല തർക്കങ്ങൾ ട്രൈബ്യൂണലുകളാണ് പരിശോധിക്കേണ്ടതെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അസന്നിഗ്ധമായ വിധിന്യായങ്ങളും ഉണ്ട്. ഈ പരിമിതികൾ ഒക്കെ ഉണ്ടെന്നറിഞ്ഞുകൊണ്ട് തന്നെ അത് പുനഃപരിശോധിക്കുന്നതിന് എന്തെങ്കിലും സാധ്യതയുണ്ടോ എന്നുകൂടി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: പറമ്പിക്കുളം-അളിയാർ കരാർ വ്യവസ്ഥകളിലെ പോരായ്മ നികത്താനാണ് ശിരുവാണി നമ്മൾ പണിതതും അത് സംബന്ധിച്ച് കരാർ ഉണ്ടാക്കിയതും. ശിരുവാണിയിലെ വെള്ളം കോയമ്പത്തൂരിൽ കുടിവെള്ളത്തിന് മാത്രമായി നിജപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടുള്ളതാണ്. ശിരുവാണി ഒഴിച്ചുള്ള മറ്റ് ഒരു നദീജല കരാറുകളിലും കുടിവെള്ളത്തിനുവേണ്ടി മാത്രം എന്ന നിബന്ധന കൊടുത്തിട്ടില്ല. ഇനി അങ്ങോട്ട് ഇത് അത്യാവശ്യം ആണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. പറമ്പിക്കുളം-അളിയാർ കരാറുമായി ബന്ധപ്പെട്ട് നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റിയുടെ പരിശോധനയുടെ വേളയിൽ ഇവ ഉണ്ടായിരുന്നില്ലെങ്കിലും ഞങ്ങൾ അത് പ്രത്യേകമായി പരിശോധിച്ചതാണ്. അത് നഗ്നമായ കരാർ ലംഘനമാണ്. ശിരുവാണിയിലെ ജലം കോയമ്പത്തൂരിന് കുടിവെള്ളത്തിന് മാത്രം കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ ചൂണ്ടിക്കാണിച്ച ഒരു കാര്യം 1941-ൽ മധുര ജില്ലയ്ക്ക് ജലസേചനത്തിനുവേണ്ടിയുള്ള വെള്ളം ജലസേചന ആവശ്യം കഴിഞ്ഞ് കുടിവെള്ളത്തിനായി ഉപയോഗിച്ചോട്ടെ എന്ന് ആർബിട്രേഷനിൽ ഒരു ചോദ്യം വന്നു. ആ ആർബിട്രേഷനിൽ സർ സി. പി. പറഞ്ഞു ജലസേചനത്തിന് എന്നാണ് കരാർ, കുടിവെള്ളത്തിന് ഉപയോഗിക്കാൻ പറ്റില്ല എന്ന്. അങ്ങനെയാണ് കൽക്കട്ടക്കാരനായ രഞ്ജൻ ചാറ്റർജിയുടെ ഒരു ആർബിട്രേഷനിൽ സർ സി. പി.-യുടെ വാദം അംഗീകരിച്ചത്. കരാറിൽ വ്യവസ്ഥയില്ലാത്ത ശിരുവാണിയിലെ വെള്ളം ബിസ്ലേരിയായി കേരളത്തിൽ തന്നെ വിറ്റ് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്ന തമിഴ്നാട്ടിന്റെ നടപടി തെറ്റാണെന്ന് മാത്രമല്ല ആ കരാർ പുതുക്കി നിശ്ചയിക്കാൻ അത് തന്നെ ഒരു പ്രധാനപ്പെട്ട കാരണമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുല്ലപ്പെരിയാർ നദീജല കരാർ ലംഘനം, അതുപോലെ തന്നെ പറമ്പിക്കുളം നദീജലകരാർ ലംഘനം ഇങ്ങനെ കരാർ ലംഘനങ്ങൾ നടക്കുന്നു എന്നുള്ളതുകൊണ്ട് കരാറുകൾ പുനഃപരിശോധിക്കാൻ നടപടി വേണം എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കരാറിന്റെ അടിസ്ഥാനത്തിൽ പിന്നീട് കരാർ ലംഘനം നടക്കുന്നു എന്നാണ് ഇവിടെ പറയുന്നത്. നമ്മുടെ ഇന്റർ സ്റ്റേറ്റ് നദികൾക്കൊക്കെ ഉണ്ടാകുന്ന പ്രധാന പ്രശ്നം ഡാമിൽ നിന്ന് വെള്ളം ചോർത്തിയെടുത്തുകൊണ്ടുപോകുക എന്നുള്ളതാണ്. ഒരു ഭാഗത്ത് കരാർ അവിടെ നിലനിൽക്കുകയും, ആ കരാറിന്റെ മറവിൽ അതിന്റെ ആനുകൂല്യങ്ങളെല്ലാം പറ്റുകയും ചെയ്യുന്നതോടൊപ്പം ഇവിടെ കരാർ ലംഘനം നടത്തി വെള്ളം ചോർത്തിക്കൊണ്ടുപോകുകയുമാണ്. നമ്മുടെ വെള്ളം അനധികൃതമായി ചോർത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് വേണ്ടിയുള്ള നിയമത്തെക്കുറിച്ച് അങ്ങ് ചിന്തിക്കുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: കരാർ ഇല്ലാതെ കൊണ്ടുപോകുന്ന ജലത്തെ സംബന്ധിച്ചു പറഞ്ഞു. കരാറിന്റെ പരിധിയിൽ നിന്നുകൊണ്ട് കബളിപ്പിക്കുന്നതിനെ സംബന്ധിച്ചു പറഞ്ഞു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സബ്ജക്ട് കമ്മിറ്റി അംഗങ്ങളോടൊപ്പം ഇവിടെ ഇപ്പോൾ വിവാദമായിരിക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരുന്ന വിവാദത്തിന്റെ പശ്ചാത്തലത്തിൽ മേക്കര പ്രദേശം സന്ദർശിക്കാൻ ഇടയായപ്പോൾ ഉണ്ടായ അനുഭവം അടൂർ മെമ്പർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബോധ്യപ്പെട്ട ഒരു കാര്യമാണ്. അത് വളരെ വിവാദം ആയതുകൊണ്ട് ഞാൻ അതിനെ കുറിച്ച് ഒരു കാര്യം പറയട്ടെ. ഏകദേശം 6506 ഏക്കർ സ്ഥലത്ത് ജലസേചനത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഹനുമാൻ തോട്ടിലെ 37 മീറ്റർ ഉയരവും 670 മീററർ നീളവും 174 മീറ്റർ സ്റ്റോറേജ് കപ്പാസിറ്റിയുമുള്ള അടവി നയനാർ കോവിൽ ഡാം ആണ് ഇന്ന് വലിയ വിവാദമായി വന്നിരിക്കുന്നത്. മേക്കര ഡാം എന്നല്ല ഇതിന്റെ പേര്. യഥാർത്ഥമായി അടവി നയനാർ കോവിൽ എന്നാണ്. ഇത് തിരുനെൽവേലി ജില്ലയിൽ ചെങ്കോട്ട താലൂക്കിൽ മേക്കര വില്ലേജിൽ സ്ഥിതി ചെയ്യുന്നു എന്നു മാത്രമേയുള്ളൂ. കേരളത്തിന്റെ അതിർത്തിയായ തൂവൽമലയുടെ അടുത്തുള്ള മൂന്നുകുടുമ്പിയിൽ നിന്നാണ് ഹനുമാൻ തോടിന്റെ ഉത്ഭവം എന്നാണ് ഇവിടെ സമിതിയെടുത്ത തെളിവെടുപ്പിൽ ശ്രദ്ധിച്ചിരുന്ന ഒരാൾ എന്ന നിലയിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റേഞ്ചിൽ നിന്നാണ് ഇതിന്റെ മറ്റൊരു ശാഖ ഉത്ഭവിച്ചതായി കണ്ടുവരുന്നത്. ബഹുമാനപ്പെട്ട അടൂർ മെമ്പർ പറഞ്ഞ കാര്യത്തിലേക്കാണ് ഞാൻ വരുന്നത്. കേരളത്തിന്റെ നദീജലം ചോർച്ച ചെയ്യപ്പെടാനും കവർന്നെടുക്കാനുമുള്ള തമിഴ്നാട്ടിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതയെ ഏത് അർത്ഥത്തിലാണെങ്കിലും അഭിനന്ദിക്കാതിരിക്കാൻ കഴിയുമോ? തിരുനെൽവേലി കളക്ടർ സുനിൽ പവാലിയും അവിടത്തെ ചീഫ് എഞ്ചിനീയർമാരും, മറ്റ് എഞ്ചിനീയർമാരും ഒക്കെ എന്ത് ആത്മാർത്ഥ മായിട്ടാണ് അവരുടെ ആവശ്യത്തിനുവേണ്ടി നിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട അടൂർ മെമ്പർ ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗംഗാധരൻ: സാധാരണ രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള നദീജല തർക്കം വരുമ്പോൾ, ആ കരാറുകൾ മാനിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പക്ഷെ ഏതെങ്കിലും ഒരു കരാറിനു വിരുദ്ധമായി മറ്റേ സംസ്ഥാനം കരാർ വയലേറ്റ് ചെയ്തു പോകുകയാണ്. എഗ്രീഡ് സ്റ്റേറ്റ് ലെജിസ്ലേഷൻ വഴി ആ കരാർ റദ്ദാക്കാൻ സാധിക്കും. അത് ഇതുവരെ നമുക്ക് സാധിച്ചിട്ടില്ല എന്നുള്ളതാണ് നമ്മുടെ പരാജയം.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മുൻമന്ത്രി കൂടി ആയ അങ്ങേക്ക് അറിയാവുന്ന കാര്യമാണ്, നദീജല കരാറുകളെ സംബന്ധിച്ചുള്ള തർക്കങ്ങൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയോ, സുപ്രീംകോടതിയുടേയോ വിധിയല്ല, ട്രൈബ്യൂണലിന്റെ തീർപ്പിനാണ് വിടേണ്ടതെന്ന്. അന്തർ സംസ്ഥാന നദികളല്ല ഈ കരാറിൽ ഉണ്ടായിരിക്കുന്നത് എന്നുള്ളത് ഒരു വസ്തുതയാണെങ്കിൽപ്പോലും ആ കാര്യത്തിൽ കുറേക്കൂടി അവധാനപൂർവ്വമായ സമീപനം സ്വീകരിക്കണം. അടവി നയനാർ കോവിലിൽ ചെന്നപ്പോൾ ഞാൻ സന്ദർഭവശാൽ അവിടുത്തെ ജില്ലാകളക്ടറോട് ഒരു ഫയൽ വാങ്ങി വായിക്കുകയുണ്ടായി. കേരളീയർ എവിടെ നിൽക്കുന്നു എന്ന് ആ ഫയൽ സംസാരിക്കുകയാണ്. ജി.ഒ.(എംഎസ്.)1103/പി. ഡബ്ല്യു. ഡി./ 28-5-1990 ഇതാണ് അടവി നയനാർ കോവിൽ ഡാം പണിതതിന്റെ ഫയൽ. ഞാൻ വളരെ പെട്ടെന്ന് ആ ഫയൽ മറിച്ചു നോക്കുമ്പോൾ 37.69 കോടി രൂപയ്ക്ക് എ. എസും. 41.45 കോടി രൂപയ്ക്ക് ടി. എസും നൽകിയ ഈ പദ്ധതിക്ക് 1990-ൽ അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി തറക്കല്ലിട്ടു. നമ്മൾ അറിഞ്ഞില്ല. 2002-ൽ ഇപ്പോഴത്തെ മുഖ്യമന്ത്രി തന്നെ ഉദ്ഘാടനവും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ അറിഞ്ഞില്ല. 1990 കഴിഞ്ഞ് 13 വർഷം കഴിഞ്ഞപ്പോഴാണ് അടവി നയനാർ കോവിൽ ഡാമായ മേക്കരയിലെ ഡാമിനെപ്പറ്റി കേരളത്തിൽ വലിയ ശബ്ദകോലാഹലം ഉണ്ടാകുന്നത്. ഭരണാധികാരികളും കേരളത്തിലെ ഉദ്യോഗസ്ഥരും നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കാനുള്ള കാര്യം ഏറ്റവും ഗൗരവതരമായി കാണുന്നില്ലെങ്കിൽ ഇതുപോലുള്ള നിരവധി സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകും. ഇവിടെ മിനിട്ടിൽ ഏകദേശം ഇരുപത്തൊന്നായിരം ക്യൂബിക് വെള്ളം പുറത്തേക്ക് ഒഴുക്കാൻ കഴിയുന്ന സ്രോതസ്, ഇതിനുള്ള സൗകര്യം ആ ഡാമിൽ പണിത് വച്ചിരിക്കുന്നു എന്നുള്ളത് ഗൗരവതരമായി നാം കാണേണ്ടതാണെന്ന്. കാവേരി നദിയിലെ 127 ടി.എം.സി. വെള്ളം നമുക്ക് അർഹതപ്പെട്ടതാണ്. മാനന്തവാടി അടക്കം വയനാട്, കണ്ണൂർ, തലശ്ശേരി, കോഴിക്കോട് ജില്ലകളിലെ കുടിവെള്ള പ്രശ്നത്തിനൊക്കെ പരിഹാരം കാണാൻ കഴിയുന്ന കാവേരി നദീജലത്തിലെ നമ്മുടെ വിഹിതം കൂടി വാങ്ങിയെടുക്കാൻ നമുക്ക് സൗകര്യം ഉണ്ടാകണം. ഈ നിയമത്തിൽ അന്തർ സംസ്ഥാന നദീജല ചോരണം മാത്രമേ ഇന്റർ ബെയറിംഗ് ട്രാൻസ്ഫർ സംബന്ധിച്ച് പറയുന്നുള്ളൂ. കാരണം നമ്മുടെ ഇടുക്കി ഡാം, പെരിയാർ ആയിരുന്നു അതിന്റെ ബെയറിംഗ്, മൂലമറ്റത്ത് പവർഹൗസിൽക്കൂടി വരുമ്പോൾ തൊടുപുഴയാറും, മൂവാറ്റുപുഴയാറും അതിന്റെ ബെയ്സിനായി മാറുകയാണ്. അങ്ങനെ ബെയ്സിൻ ചെയ്ഞ്ച് ചെയ്യുന്നതുകൊണ്ട് അനുഭവിക്കുന്ന കഷ്ടപ്പാടുകളും ഇവിടെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

<u>ശ്രീ. ജോണി നെല്ലൂർ:</u> ബഹുമാനപ്പെട്ട പി. ടി. തോമസ് ഈ നിയമത്തെക്കുറിച്ച് വളരെ സമഗ്രമായി പഠിച്ച് കാര്യങ്ങൾ പറയുകയാണ്. നമ്മുടെ സംസ്ഥാനത്തെ ചെറുകിട ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് ഇതുപോലൊരു നിയമം—പഞ്ചായത്ത് രാജ്/നഗരപാലികാ ബിൽ പാസ്സാക്കിയപ്പോൾ ചെറുകിട പദ്ധതികളൊക്കെ അധികാര കൈമാറ്റത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി—കഴിഞ്ഞ ആറേഴുവർഷമായി ഈ സംസ്ഥാനത്ത് യാതൊരുവിധ ചെറുകിട ജലസേചന പദ്ധതികളും നടപ്പാകുന്നില്ല എന്നത് അങ്ങേക്ക് അറിയാം. ഈ സഭയുടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്കും അറിയാം. അതുപോലുള്ള സാഹചര്യത്തിൽ നമ്മുടെ പാടശേഖരങ്ങളുടെ അതിരുകൾ സംരക്ഷിക്കുന്നതുൾപ്പെടെ ചെറുകിട ജലസേചന പദ്ധതിയിൽ ഇതിനുള്ള പ്രൊവിഷൻ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അങ്ങേക്ക് അറിയാമോ?

<u>ശ്രീ. പി. ടി. തോമസ്:</u> ബഹുമാനപ്പെട്ട മൂവാറ്റുപുഴ മെമ്പർ പറഞ്ഞത് വളരെ സ്വീകാര്യമായ കാര്യമാണ്. കാരണം നമുക്കറിയാം, അധികാരം കൈമാറി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തെങ്കിലും ഫലപ്രദമായി യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല. നാട്ടിൻപുറങ്ങളിൽ ഓരോ ദിവസവും കൃഷിക്കാരും മറ്റാളുകളും തോടിന്റെ സൈഡ് കെട്ടുന്നതിനും പുഴയുടെ സൈഡ് കെട്ടുന്നതിനും പല നിവേദനങ്ങളുമായൊക്കെ വരുന്നുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ പരിപൂർണ്ണമായും നിശ്ചലമായി എന്നതാണ് സത്യം. ഇതിനോടനുബന്ധിച്ചുതന്നെ പെരിയാർ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം എന്നുപറയുന്ന ഒരു സ്കീം കേരളത്തിൽ വിവാദമുണ്ടാക്കി. കഴിഞ്ഞ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് 34/99 ജി. ഒ. പ്രകാരം അംഗീകാരം നൽകിയ വെള്ളം കൊടുക്കുവാനുള്ള ഒരു പദ്ധതിയായിരുന്നു അത്. എറണാകുളമടക്കമുള്ള പ്രദേശത്ത് അങ്ങനെയുള്ള പദ്ധതികളെ തടയാൻ കഴിയുന്ന, അഞ്ച് കുതിരശക്തിയിൽ കൂടുതലുള്ള മോട്ടോർ ഉപയോഗിച്ച് വെള്ളം എടുക്കുന്നത് തടയാൻ ഒരു വകുപ്പും ഇതിൽ ചേർത്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെരിയാർ ഇന്റസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം പോലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ അവരെ പ്രേരിപ്പിച്ച ഘടകംപോലും തടയാൻ ഇതിൽ വകുപ്പുണ്ട് എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമുക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുമുമ്പും പിമ്പും നാം ശ്രദ്ധിക്കാതെപോയ കേരളത്തിന്റെ ജലസമ്പത്ത് എന്നുപറയുന്ന ഏറ്റവും ശക്തമായ പ്രകൃതി വിഭവം, അത് സംരക്ഷിക്കുവാൻ അത് നിലനിർത്താൻ നിശ്ചയദാർഢ്യത്തോടെയുള്ള സമീപനം ഈ ബിൽ അവതരിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ: ഭരണപക്ഷവും പ്രതിപക്ഷവും അംഗീകരിക്കേണ്ട ഒരു കാര്യമാണ് നദീജലം സംരക്ഷിക്കുക എന്നത്. അതിനോട് വിയോജിക്കേണ്ട കാര്യമില്ല. അങ്ങ് പ്രസംഗം അവസാനിപ്പിക്കുവാൻ പോകുന്നതുകൊണ്ട് ഞാൻ പറയുകയാണ്, ഈ ബില്ലിലെ 23-ാം ക്ലാസ് സർക്കാർ ചുമത്തുന്ന ജലസേചന കരം, കരം ചുമത്തുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്തത് നമ്മുടെ നാട്ടിലെ സാധാരണക്കാരായ കൃഷിക്കാരെ അങ്ങേയറ്റം പരാജയപ്പെടുത്തുന്ന ഒന്നാണ്. അതുകൊണ്ട് ആ സെക്ഷനെങ്കിലും ഒഴിവാക്കണമെന്ന് താങ്കൾക്ക് പറയാമോ?

ശ്രീ. പി. ടി. തോമസ്: യൂസേഴ്സ് ചാർജ്ജ് എന്ന ഒരു പുതിയ സംവിധാനം കേരളത്തിൽ രൂപം കൊണ്ടത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ഉദാഹരണം, മലമ്പുഴയിലും കോഴിക്കോടുമൊക്കെ വന്ന ചില കുടിവെള്ള പദ്ധതിയിലാണ് യൂസേഴ്സ് ചാർജ്ജ് വന്നത്. ഇന്ന് ആഗോളവൽക്കരണത്തിന്റേയും ലോകബാങ്ക് പദ്ധതിയുടേയും ഒക്കെ ഭാഗമായി മറ്റൊരു ചാർജ്ജ് ഈടാക്കാനുള്ള നടപടി വന്നിരിക്കുകയാണ്. ഈ ചെറിയ കരം ഈടാക്കുന്നുവെന്ന വ്യവസ്ഥ ആ നിയമം നടപ്പാക്കുമ്പോഴുള്ള ഗൗരവതരമായ പ്രാധാന്യം കൂടി കണക്കാക്കാൻ വേണ്ടിയാണ്. സമഗ്രമായ ഈ നിയമനിർമ്മാണം ഈ സഭയുടെ വിവിധ കോണുകളിൽ നിന്നുവരുന്ന അഭിപ്രായങ്ങളെ സ്വാംശീകരിച്ചുകൊണ്ട് മുല്ലപ്പെരിയാർ, പറമ്പിക്കുളം അടക്കം കേരളത്തിന് നഷ്ടപ്പെട്ട നദീജലസമ്പത്ത് വീണ്ടെടുക്കുവാനുള്ള നല്ലൊരു ചുവടുവയ്പായി ഞാൻ കാണുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത്, ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് ചർച്ച ചെയ്ത് കുറവുകൾ തീർത്ത് നിയമമാക്കണമെന്നാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിമിതമായ വൃത്തത്തിനുള്ളിൽനിന്നു ചർച്ച ആരംഭിച്ച് അവസാനിപ്പിക്കേണ്ടുന്ന ഒരു ബില്ലല്ല ഇത്. കേരളീയ ജനസമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാധാന്യമുള്ള, അവരുടെ ഭാവിജീവിതത്തെ ഗൗരവതരമായി ബാധിക്കുന്ന ഒരു നിയമനിർമ്മാണം എന്ന നിലയിൽ, തികച്ചും കുറ്റമറ്റ ഒരു നിയമമായി ഇതിനെ മാറ്റി യെടുക്കുവാൻ, നിയമസഭയ്ക്ക് അതിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ കഴിയണ മെങ്കിൽ തീർച്ചയായും ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയോടെ, ബഹുജ നങ്ങളുടേതുൾപ്പെടെയുള്ള അഭിപ്രായ സമന്വയത്തിന്റെ ഭാഗമായി നമുക്ക് നിയമമാക്കി മാറ്റാൻ കഴിയേണ്ടതുണ്ട്. 95 വകുപ്പുകളിലായി പരന്നുകിടക്കുന്ന വിവിധങ്ങളായിട്ടുള്ള നിർദ്ദേശങ്ങളും ഒക്കെ ഈ ബില്ലിന്റെ ഭാഗമായിക്കൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാംതന്നെ സജീവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. പുതിയ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായം കുടിവെള്ള വ്യവസായമായി മാറുകയാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വായുവും വെള്ളവും. മൂന്നാംലോക രാജ്യങ്ങളെ സംബന്ധിച്ചാണെങ്കിൽ, ക്രമാതീത മായി വർദ്ധിച്ചുക്കൊണ്ടിരിക്കുന്ന ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വായുവിന്റേയും വെള്ളത്തിന്റേയും ആവശ്യകത അനിവാര്യമായി വർദ്ധിച്ചു. എന്നാൽ ഈ ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ശുദ്ധജലത്തിന്റെയും ശുദ്ധ വായുവിന്റേയും ലഭ്യത കൂടുന്നില്ല. ശുദ്ധജലവും ശുദ്ധവായുവും വളരെവേഗം കുറഞ്ഞുവരുന്ന ഈ കാലം മനുഷ്യ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നതാണ്. ശുദ്ധജല സംഭരണ കേന്ദ്രങ്ങളൊക്കെ തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കി ലോകത്തെങ്ങുമുള്ള ജനങ്ങൾക്ക് പണം കൊടുത്ത് മാത്രം ലഭിക്കുന്ന ഒന്നായി ശുദ്ധ ജലത്തേയും ശുദ്ധവായുവിനേയും മാറ്റുന്ന പരിശ്രമങ്ങൾ ഈ ആഗോളവൽക്കരണ ത്തിന്റെ യുഗത്തിൽ വളരെ ശക്തമായി നടക്കുകയാണ്. അതുകൊണ്ട് നമ്മുടെ ജല സ്രോതസ്സ് സംരക്ഷിക്കുക എന്നതും ജലലഭ്യത ഉറപ്പുവരുത്തുക എന്നതും നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാന ആവശ്യമാണ്. വിവന്റി എന്ന ഒരു കുത്തക കമ്പനി അർജന്റീന സർക്കാരിനെ പറഞ്ഞ് പാട്ടിലാക്കി അവിടെയുള്ള എല്ലാ നദികളും അവരുടെ സ്വന്തമാക്കുകയും അവിടത്തെ ജനങ്ങൾക്ക് മുഴുവൻ കുടിവെള്ള വിതരണം നടത്തുന്ന സംവിധാനം രൂപപ്പെടുത്തുകയും ചെയ്തു. ആ കമ്പനി ജനങ്ങൾക്ക് താങ്ങാനാവാത്ത വിധത്തിൽ കുടിവെള്ളത്തിന് പണം ഈടാക്കുകയും, ജനങ്ങൾക്ക് കുടിവെള്ളം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമായി ഉയർന്നുവരികയും ചെയ്തപ്പോൾ ആ കമ്പനിക്ക് എതിരെ അർജന്റീനയിൽ ഉയർന്നുവന്ന അതിതീക്ഷ്ണമായ പ്രതിഷേധവും സമരവും ആ കമ്പനിയെ അവിടെനിന്ന് കെട്ടുകെട്ടിക്കുവാൻ ഇടയാക്കി. അതേ വിവന്റി കമ്പനി തന്നെയാണ് നമ്മുടെ പെരിയാറിനേയും മലമ്പുഴയേയും വിലയ്ക്കെടുക്കുവാൻ നമ്മുടെ ഗവൺമെന്റിനെ സമീപിക്കുന്നത്. ഈ ഗവൺമെന്റ് ഈ രണ്ടു നദികളും അവരുടെ സ്വന്തമാക്കി മാറ്റാൻ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്തിനകത്തെ ജലസ്രോതസ്സുകളുടെ സംരക്ഷണം നമ്മൾ ഗൗരവമായി എടുത്തില്ലെങ്കിൽ.............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മെമ്പർ അർജന്റീനയിലെ സ്വകാര്യ കമ്പനിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. അതേ കമ്പനിയെയാണ് ഈ സർക്കാർ പെരിയാറിലേയും മലമ്പുഴയിലേയും വെള്ളം ഏറ്റെടുക്കുവാൻ വേണ്ടി സമീപിച്ചതെന്നാണ് അങ്ങ് പറഞ്ഞത്. പെരിയാറിലെ വെള്ളം അങ്ങനെ കൊടുക്കുവാൻവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കിയതും അത് സ്വകാര്യ കമ്പനികളുടെ മുമ്പാകെ വച്ചതും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണെന്ന കാര്യം വിസ്മരിച്ചുകൊണ്ടാണോ അങ്ങ് ഇവിടെ സംസാരിക്കുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: നേരത്തെ ശ്രീ. പി. ടി. തോമസ് സംസാരിച്ച അവസരത്തിൽ നദികളെ സംബന്ധിച്ച് പറഞ്ഞു. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടുണ്ടാവാം. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഗുണഫലങ്ങൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാകുവാൻ വേണ്ട പരിശ്രമങ്ങളുടെ ഭാഗമായി വ്യത്യസ്ത തലത്തിൽ വ്യത്യസ്ത ചർച്ചകളിലൂടെ ചില നീക്കങ്ങൾ നടന്നിട്ടുണ്ടാവാം. ആ നീക്കങ്ങളുടെ ഗുണദോഷഫലങ്ങൾ വിലയിരുത്തി ദോഷങ്ങളെ ഒഴിവാക്കുവാൻ ആവശ്യമായിട്ടുള്ള സംവിധാനം, ഉണ്ടാക്കുക എന്നത് ഓരോ കാലഘട്ടത്തിലിരിക്കുന്ന ഭരണ സംവിധാനത്തിന്റേയും ഉത്തരവാദിത്തമാണ്. ഭരണമെന്ന് പറയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ആരംഭിച്ച് അതേ മുന്നണിയിൽ അവസാനിക്കുന്നതോ, യു.ഡി.എഫ്.-ൽ ആരംഭിച്ച് ആ മുന്നണിയിൽ അവസാനിക്കുന്നതോ അല്ല ഭരണം ഒരു തുടർച്ചയാണ്. അതുകൊണ്ട് ഒരു ഗവൺമെന്റിന് പറ്റുന്ന പിശക് തിരുത്തുന്നതിന് അടുത്ത ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. ആ പിശക് തിരുത്തുവാൻ ആവശ്യമായ നീക്കം ഈ ഗവൺമെന്റ് നടത്തിയാൽ ഒരു കാരണവശാലും അതിനെ തടയുവാൻ മുന്നോട്ടുവരില്ല എന്നത് എത്ര തവണ ഞങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് ഏതായാലും കൺഫസ് ചെയ്തത് നന്നായി. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് പിശകു പറ്റിയെന്ന് പറഞ്ഞത് നന്നായി.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഞാൻ അങ്ങനെ പറഞ്ഞില്ല. അങ്ങനെ വളയ്ക്കണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതിൽ സാരമായ മറ്റൊരു പിശകുകൂടിയുണ്ട്. രണ്ടായിരമാണ്ടിൽ മദ്രാസ്സിൽ വച്ചു നടന്ന ഒരു കോൺഫറൻസിൽ കേരളാ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥൻമാർ പോയി. അമേരിക്കൻ എംബസി നടത്തിയ കോൺഫറൻസാണ്. ഡയനാമിക് ആക്ഷൻ എന്നുപറയുന്ന അവിടത്തെ കോൺഫറൻസിൽ കേരളാ ഗവൺമെന്റ് കൊടുത്ത ബ്രോഷറിനകത്ത് വില്പനയ്ക്ക് വയ്ക്കുന്ന ഇനങ്ങളിൽ ഒന്ന് നമ്മുടെ പെരിയാർ നദീജലമായിരുന്നുവെന്ന് അങ്ങേയ്ക്ക് അറിയില്ലേ; അത് പിശകാണെന്ന് ഞാൻ അംഗീകരിക്കുന്നു. അതോടൊപ്പം ഈ പ്രോജക്ട് വച്ചിട്ടുണ്ടെന്ന സത്യം അങ്ങ് അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: വിൽക്കാൻവേണ്ടി വച്ചതല്ല. ചർച്ചയ്ക്കുവേണ്ടി വച്ചതാണ്. ആ ചർച്ചയുടെ ഗുണദോഷഫലങ്ങളാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ജലമുൾപ്പെടെ വിൽക്കാനാവശ്യമായ തീരുമാനമെടുക്കുന്നത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അതിനെതിരായിട്ടാണ് ശക്തമായ പ്രതിഷേധം ഉയർന്നുവന്നത്. അത് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ കാണാതെ പോകുന്നത് ശരിയല്ല.

ശ്രീ. ടി. കെ. ദേവകുമാർ: സർ, സംസ്ഥാന ഗവൺമെന്റുകൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരുന്ന ഗ്രാന്റുകളും പദ്ധതി വിഹിതങ്ങളും കാലാകാലങ്ങളിൽ വെട്ടിക്കുറച്ചതു കാരണം സംസ്ഥാന ഗവൺമെന്റുകൾക്ക് വർദ്ധിച്ചു വന്ന സാമ്പത്തിക ബാധ്യത, അതിനു സഹായം കണ്ടെത്താനും വായ്പ കണ്ടെത്താനും നിർബന്ധിതമാകുമ്പോൾ അതിൽ ചർച്ച ചെയ്തെടുക്കുന്ന നിലപാടുകൾ, ആ ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യത്തെ പണയപ്പെടുത്തുന്നതാകരുത് എന്നതല്ലേ ഇടതുമുന്നണിയുടെ വാദം?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അതാണ് പ്രശ്നം. അതിന് എന്തു നിലപാടെടുക്കുന്നു. ശരിയായ നിലപാടിന്റെ ഭാഗത്ത് ജനങ്ങളെ നിർത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ നദികൾ, നമ്മുടെ ജലാശയങ്ങൾ, നമ്മുടെ ശുദ്ധവായു ഇവ സംരക്ഷിക്കാനാവശ്യമായ കുറ്റമറ്റ നിയമനിർമ്മാണം ആവശ്യമാണ്. മനുഷ്യന്റെ ആർത്തിയും എല്ലാം കീഴടക്കുന്നതിനുവേണ്ടിയുള്ള ത്വരയും നമ്മുടെ സമൂഹത്തിൽ വിലപ്പെട്ടതെല്ലാം നമുക്ക് നഷ്ടപ്പെടുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കുകയാണ്. "സിന്ധുഗംഗാ ബ്രഹ്മപുത്രാ തടങ്ങളിൽ, ഗംഗയിൽ, കൃഷ്ണയിൽ, കാവേരിയിൽ......" പ്രേമസംഗീതമിന്നിതാ മാറ്റൊലി കൊൾകയായ്................... ഈ വരികൾ ഇയ്യങ്കോടിന്റെ മനോഹരമായ ദേശീയ ഐക്യത്തിന്റെ കാഹളമൂതുന്ന കവിതയിലുണ്ട്. ഇതൊരു കവിതയിലെ പ്രധാപ്പെട്ട വരികളാണ്....... അതുപോലെ ഒരു നദികൂടിയുണ്ട്. കാണാതെ പോയ നദി, കാണാതെ ഒഴുകുന്ന നദി. അതാണ് സരസ്വതി. രണ്ടു മഹർഷിമാർ തമ്മിലുള്ള കുടിപ്പകയുടെ ഭാഗമായി അപമാനിക്കപ്പെട്ട് ഭൂമിക്ക് മുകളിൽ പ്രേമസംഗീതത്തിന്റെ തഴുകലേറ്റ് ഒഴുകാൻ കഴിയാതെ ഭൂമിക്കുള്ളിലേയ്ക്ക് അന്തർദ്ദാനം ചെയ്ത നദി, സരസ്വതി. ആ സരസ്വതി നദിയുടെ അനുഭവത്തിലേയ്ക്ക്, ഭൂമിക്ക് മുകളിൽ പ്രകൃതിയെ, മനുഷ്യ ജീവജാലങ്ങളെ മുഴുവൻ തഴുകി സമൃദ്ധമാക്കി ഒഴുകാൻ കഴിയാതെ അന്തർദ്ദാനം ചെയ്യേണ്ടിവരുന്ന നദികളുടെ കൂട്ടത്തിൽ ഇന്ന് നമ്മുടെ പെരിയാറുണ്ട്, അച്ചൻകോവിലാറുണ്ട്. മീനച്ചിലാറുണ്ട്. ഇതെല്ലാം കാണാതെ നമുക്ക് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? നമ്മളെ സംബന്ധിച്ചിടത്തോളം ഇവ സംരക്ഷിക്കാനാവശ്യമായ ഫലപ്രദമായ നിയമനിർമ്മാണം അത്യന്താപേക്ഷിതമാണ്. അതിനുപകരിക്കുന്ന ഒരു നിയമനിർമ്മാണമായി നമുക്ക് ഇതിനെ മാറ്റണം.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, അങ്ങ്, വളരെ മനോഹരമായി, കാവ്യാത്മകമായ ഭാഷയിലാണ് സംസാരിക്കുന്നത്. ഇവിടെ നദികൾ വിൽക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ കോൺഗ്രസ് ഭരണം നടത്തുന്ന ഛത്തീസ്ഗഢിൽ ഒരു നദി വിറ്റുകഴിഞ്ഞ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അവിടെ ഛത്തീസ്ഗഢിൽ മീൻ പിടിക്കുന്നതിനു പോലും ഫീസ് കൊടുക്കേണ്ടിവരുന്ന സ്ഥിതിയുണ്ട്. ഈ ബില്ലിലും അത്തരം ചില വകുപ്പുകളുണ്ട്. മൽസ്യബന്ധനത്തിനുപോലും ഫീസ് കൊടുക്കേണ്ടിവരുന്ന വകുപ്പുകൾ ഈ ബില്ലിനകത്തുണ്ട്. അതിനെക്കുറിച്ച് ഞാൻ പിന്നീട് പറയുന്നതാണ്. എനിക്കൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ഈ പ്രശ്നത്തെ സംബന്ധിച്ച് ആധികാരികമായി പരിശോധിക്കുകയും ഈ പ്രശ്നത്തിൽ ഏറ്റവും സജീവമായി ഇടപെടുകയും ചെയ്യുന്ന കേരളത്തിലെ പ്രതിപക്ഷനേതാവ് ഒരു അനൗദ്യോഗിക ബിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട്, കേരള ജലപ്പരപ്പ് നിയന്ത്രണ അപകടം ഒഴിവാക്കൽ എന്ന പേരിൽ കേരളനിയമസഭയ്ക്ക് മുമ്പാകെ കൊണ്ടുവരുന്നതിനു ശ്രമിച്ചു. അത് ബി.എ.സി.-യിൽ ചർച്ച ചെയ്തപ്പോൾ, ബി. എ. സി.-യിൽ ബഹുമാനപ്പെട്ട മന്ത്രി, ഈ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്ന ഒരു ഔദ്യോഗിക ബിൽ കാലതാമസം കൂടാതെ സഭയിൽ അവതരിപ്പിക്കാമെന്ന് വാക്കു നൽകുകയും ചെയ്തു. എന്നാൽ ആ വാക്കിന് ഏറെ കടകവിരുദ്ധമായ നിലയിൽ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. തിരുത്തപ്പെടേണ്ട ഒരുപാട് വകുപ്പുകൾ അതിനകത്തുണ്ട്. സാധാരണക്കാരന്റെ ജല ഉപഭോഗ സൗകര്യങ്ങൾ മുഴുവൻ നിഷേധിക്കുന്ന, അവരുടെ കുടിവെള്ള സൗകര്യംപോലും നിഷേധിക്കുന്ന ഒട്ടേറെ വകുപ്പുകൾ ഇതിലുണ്ട്. രണ്ടുമൂന്നു തരത്തിലുള്ള സെസ് ഇതുമായി ബന്ധപ്പെട്ട് സർക്കാർ കേരളത്തിലെ കൃഷിക്കാരന്റെ മേൽ അടിച്ചേൽപ്പിക്കാൻ പോകുന്നു. കാർഷിക ജലസേചന പദ്ധതികളുടെ സ്ഥിതി നിങ്ങൾ പരിശോധിച്ചുനോക്കൂ. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണഫലങ്ങൾ അനുഭവിക്കുന്നത് നമ്മുടെ തെങ്ങ് കൃഷിക്കാർ, കമുക് കൃഷിക്കാർ, നെൽകൃഷിക്കാർ തുടങ്ങിയവരാണ്. നമ്മുടെ നാട്ടിലെ നാണ്യവിള സംവിധാനങ്ങളെയൊന്നും ഈ കാർഷിക ജലസേചനപദ്ധതികൾ ഒരിക്കലും വേണ്ടത്ര സഹായിക്കാറില്ല. ഇന്ന് കേരളത്തിൽ നെല്ലും കമുകും തെങ്ങും ഉൾപ്പെടെയുള്ള കാർഷികമേഖല തകർച്ചയെ അഭിമുഖീകരിക്കുകയാണ്. അങ്ങനെ തകർച്ചയെ അഭിമുഖീകരിക്കുന്ന കൃഷിക്കാരുടെ മുതുകത്ത് അധികഭാരം പല നിലകളിലായി കെട്ടിയേൽപ്പിക്കാൻ ഉപകരിക്കുന്ന നിയമ നിർമ്മാണങ്ങൾ ഇതിന്റെ ഭാഗമായി വരുന്നു എന്നുള്ളത് നാം കാണാതിരുന്നുകൂടാ. ഈ ബില്ലിന്റെ 23-ാം വകുപ്പിൽ പറയുന്നത്, സർക്കാർ ചുമത്തുന്ന വാർഷിക സെസ്സിന്റെ കാര്യമാണ്. ഒരു വർഷത്തേക്ക് ഒരു കൃഷിക്കാരന്റെമേൽ ചുമത്തുന്ന സെസ്സിനെ സംബന്ധിച്ച് പറയുകയാണ്. അതിൽ ഒരു ക്ലാസ് കൂടിയുണ്ട്. അങ്ങനെ ചുമത്തപ്പെട്ട ഏതെങ്കിലും ഒരു ഭൂമിയിൽ എന്തെങ്കിലും പ്രയാസങ്ങൾ കൊണ്ട് ആ കൃഷിക്കാരന് ഒരു വർഷം കൃഷി ചെയ്യാൻ കഴിയുന്നില്ലായെങ്കിൽ, അങ്ങനെ 'കൃഷി ചെയ്യാതിരിക്കുന്നത് സർക്കാരിന്റെ കുറ്റമല്ലാത്തതുകൊണ്ട് ഈ വാർഷിക സെസ് കൃഷി ചെയ്തില്ലെങ്കിലും അവൻ കൊടുക്കാൻ ബാധ്യസ്ഥനാണെന്ന വകുപ്പ് ഇതിനകത്ത് ചേർത്തിട്ടുണ്ട്. കഷ്ടപ്പാടുകൊണ്ട് കൃഷി ചെയ്യാൻ കഴിയാത്ത കൃഷിക്കാരനെ ഈ സെസ്സിൽ നിന്ന് ഒഴിവാക്കാനാവശ്യമായ സാധ്യതകളില്ല. അവരിൽ നിന്നുപോലും അതു ഈടാക്കാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ചെറുകിട ജലസേചനപദ്ധതികൾക്ക്, അതിന്റെ ഗുണഭോക്താവായിട്ടുള്ള കൃഷിക്കാരന്, ആ ചെറുകിട കൃഷിക്കാരനിൽനിന്നുപോലും കാശ് പിരിക്കാനാവശ്യമായ അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ഭാഗമായി കൊടുക്കുകയാണ്. ഒരു പദ്ധതി മെയിന്റയിൻ ചെയ്യുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങളുണ്ടാക്കിയാൽ അത് മെയിന്റയിൻ ചെയ്യുന്നതിനു വേണ്ടിയുള്ള സംവിധാനത്തിനുവേണ്ടി ചെലവഴിക്കുന്ന കാശ് തിരിച്ചുപിടിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുന്ന നിലയിൽ മൂന്നാമത് ഒരു ബെറ്റർമെന്റ് ചാർജ്ജ് കൂടി പാവപ്പെട്ട കൃഷിക്കാരന്റെ ചുമലിൽ വരും. ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞതുപോലെ, ഈ പദ്ധതി ഒരു ജെനുവിൻ ആയി പ്രഖ്യാപിക്കുന്നതിന്, ഇത്തരം സംരംഭങ്ങളോട് ആത്മബന്ധമുണ്ടാക്കുന്നതിന് ഒരു തുക കൊടുക്കുന്നത് ഒരാവശ്യമാണെന്ന് വ്യാഖ്യാനിക്കുമ്പോൾ ഇങ്ങനെ രണ്ടോ മൂന്നോ തലത്തിൽ ഈ നിലയിൽ സാധാരണക്കാരെ പിഴിയുന്ന സെസ് ഏർപ്പെടുത്തുന്ന സമീപനം നമ്മുടെ നാട്ടിലെ കൃഷിക്കാരെ ദോഷകരമായി ബാധിക്കുമെന്നുള്ളത് സർക്കാർ കാണാതിരുന്നുകൂടാ. അത്തരം ഒരു സമീപനത്തിലേക്ക് പോകാൻ പാടില്ല.

ശ്രീ. എം. വി. ജയരാജൻ: ജലസേചനകരം പിരിക്കുന്നത് കൃഷിക്കാരന് ദ്രോഹമുണ്ടാക്കുമെന്ന് മാത്രമല്ല, 24-ാമത്തെ ക്ലാസിൽ ജലസേചന കരം ഒഴിവാക്കുന്നതിനു വേണ്ടി ഒരു വ്യവസ്ഥയുണ്ട്. എന്നാൽ വിലത്തകർച്ചമൂലം കൃഷിക്കാർ ദുരിതമനുഭവിക്കുന്ന സന്ദർഭത്തിൽ വിലത്തകർച്ച അഭിമുഖീകരിക്കുന്ന കൃഷിക്കാരെ ഒഴിവാക്കുന്നതിന് വ്യവസ്ഥയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ശരിയാണ്. പല നിലകളിൽ സെസ് ചുമത്തുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ നമ്മുടെ കൃഷിക്കാരെ ദോഷകരമായി ബാധിക്കാൻ പോകുകയാണ്. പ്രധാനമായും തെങ്ങ്, കമുക്, നെല്ല് എന്നിവയുൾപ്പെടെയുള്ള കൃഷികൾ ഇന്ന് തകർന്ന് തരിപ്പണമായി. ആ കൃഷിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ആളുകളെയാണ് ഇത് ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കാൻ പോകുന്നത്. ഈ ബില്ലിലെ വകുപ്പ് 16—ഫീൽഡ് ചാനലുകളുടെ നിർമ്മാണം ജലസേചന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്ന കനാലുകൾ, ചാനലുകൾ എന്നിവ സർക്കാർ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട വ്യക്തി നിർമ്മിക്കണമെന്നാണ്. അങ്ങനെ ബന്ധപ്പെട്ട വ്യക്തി സർക്കാരിന്റെ രൂപരേഖയനുസരിച്ച് ചാനൽ നിർമ്മിച്ചാൽ ആ ചാനലിൽക്കൂടി കടന്നുവരുന്ന വെള്ളത്തിന് വേറെയും കാശ് കൊടുക്കണം. പൈസ കൊടുത്താൽ മാത്രമേ വെള്ളം കിട്ടൂ. സാധാരണ കൃഷിക്കാരനെ കൊണ്ടുതന്നെ എല്ലാം ചെയ്യിക്കാനാവശ്യമായ നിലയിലേക്ക് ഇതിലെ ചില വകുപ്പുകൾ വരികയാണ്. ഈ ബില്ലിൽ 6-ാം വകുപ്പിനെ സംബന്ധിച്ചുള്ള ചില ഉത്ക്കണ്ഠ ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും പ്രകടിപ്പിച്ചു. ഒരു പദ്ധതി പ്രദേശത്ത്, നോട്ടിഫൈ ചെയ്ത മേഖലകളിൽ ഒരു കാരണവശാലും കിണറുൾപ്പെടെയുള്ള ശുദ്ധജലം പരിമിതമായി ജനങ്ങൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന സംവിധാനങ്ങൾ ഉണ്ടാക്കാൻ പാടില്ല എന്നുള്ളതാണ്. അങ്ങനെ ഒരു വകുപ്പ് ഇതിൽ കൂട്ടിച്ചേർക്കപ്പെട്ടാൽ, ഇതിനകത്ത് ഉണ്ടായാൽ, അത് നമ്മുടെ നാട്ടിലെ സാധാരണക്കാരനെ കിണർ കുഴിക്കാൻ ശ്രമിക്കുന്ന, ശുദ്ധജലം ലഭിക്കുന്നതിനുവേണ്ടി ആഗ്രഹിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അതിന്റെ പിന്നാലെ നടക്കാനും സർക്കാർ ഉദ്യോഗസ്ഥൻമാർ ഉണ്ടാക്കുന്ന ചുവപ്പുനാടയുടെ കുരുക്കിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രയാസങ്ങളും കഷ്ടപ്പാടുമെല്ലാം നമുക്ക് അറിയാവുന്നതല്ലേ? ജലം അമിതമായി

LIBRARY ARCHIVES Kerala Legislative Assembly

ചൂഷണം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള ആശങ്ക പരിഹരിക്കേണ്ടതുണ്ട്. അമിത ജലചൂഷണം ഒഴിവാക്കാനാവശ്യമായ പരിശ്രമങ്ങൾ ഈ ബില്ലിനകത്ത് വരുത്തേണ്ടതുണ്ട്. പക്ഷേ അത് ജനങ്ങൾക്ക് ദോഷകരമാകാതിരിക്കാൻ ആവശ്യമായ സമീപനം കൂടി ഇതിന്റെ ഭാഗമായി ഉയർത്തിപ്പിടിക്കേണ്ടതാണ്. ആ നിലയിൽ ഈ ബില്ലിന്റെ 6-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള—കിണറിന്റെ നിർമ്മാണത്തിനുള്ള നിയന്ത്രണം, കിണറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലെ അവ്യക്തതകൾ തീർക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. മറ്റൊന്ന്, മണൽ വാരൽ സംബന്ധിച്ചാണ്. ഏഴാം വകുപ്പിലാണ് ജലപ്രവാഹങ്ങളിൽ മണൽ വാരുന്നതിനുള്ള നിരോധനം പക്ഷേ ഒരു കാര്യം, അതു ജലവിഭവ വകുപ്പിന് ഡാമിന്റെ നിലനിൽപ്പിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി മണൽ വാരുന്നതിന് യാതൊരുവിധത്തിലുള്ള തടസ്സങ്ങളും ഇല്ല എന്നുള്ള ഒരു ക്ലാസ് അതിന്റെ തൊട്ടടുത്ത് വരികയാണ്. ഞാൻ സംശയിക്കുന്നത്, ജലവിഭവവകുപ്പിന് താൽപ്പര്യമുണ്ടെങ്കിൽ, ഇങ്ങനെയൊരു കാര്യം മുന്നോട്ടു വച്ച്, ഇതിൽ നിന്ന് ഇഷ്ടംപോലെ മണൽ വാരാനാവശ്യമായ സൗകര്യം ആർക്കെങ്കിലും ചെയ്തുകൊടുക്കുന്നതിന് ആ വകുപ്പ് നിലനിൽക്കുമ്പോൾ തടസ്സമുണ്ടോ? ഒരു തടസ്സവുമില്ലെന്നാണ് എന്റെ നിഗമനം. ഈ ജലസംഭരണിയുടെ പരിസരത്തുള്ള മണൽ ജലവിഭവ വകുപ്പിന് താല്പര്യമുണ്ടെങ്കിൽ ആർക്കും കയ്യിട്ടുവാരാൻ അവസരം നൽകുന്ന ഒരു clause ഒരു കാരണവശാലും ഈ ബില്ലിലുണ്ടാകാൻ പാടില്ല. അതുകൊണ്ടുതന്നെ അത്തരം വകുപ്പുകൾ ഒഴിവാക്കാൻ ആവശ്യമായ തീരുമാനം ഈ ചർച്ചയുടെ ഭാഗമായി ഉണ്ടാകാൻ കഴിയണം. നേരത്തെ സൂചിപ്പിച്ചതുപോലെ മത്സ്യബന്ധനം, ഇപ്പോൾ പദ്ധതി പ്രദേശത്ത് ട്രോളിംഗ് നിരോധി ച്ചിരിക്കുകയാണ്. വളരെ പരിമിതമായ നിലയിൽ ചൂണ്ടയിട്ട് മത്സ്യം പിടിക്കുക, അതുപോലെതന്നെ മറ്റെന്തെങ്കിലും ചെറിയ ചെറിയ സംരംഭങ്ങൾ കൊണ്ട് മത്സ്യം പിടിക്കുക, വല വീശുക ഇത്തരം കാര്യങ്ങളാണ് ഡാംസൈറ്റ് പരിസരത്ത് നടത്താൻ കഴിയുന്ന മത്സ്യബന്ധന സംവിധാനം. ആ മത്സ്യബന്ധന സംവിധാനങ്ങൾക്കുപോലും ഫീസ്. ഏർപ്പെടുത്തുന്ന clause ഇതിനകത്തുണ്ട്. ഇപ്പോൾ ചൂണ്ടയിട്ട് മത്സ്യം പിടിക്കുന്നത് മിക്കവാറും ഒരു വിനോദ ഉപാധിയായിട്ടാണ് ചെറുപ്പക്കാരും അതുപോലെ തന്നെ വിദേശത്തുനിന്നും വരുന്ന ആളുകളും കാണുന്നത്. ജലസംഭരണികളിൽ ചൂണ്ടയിടുന്നത് ഒരു വിനോദമായി പല ആളുകളും കാണുന്നു. ആ വിനോദത്തിനു പോലും ഫീസ് ഏർപ്പെടുത്തുന്ന നിലയിലേക്ക്, ഈ കാര്യങ്ങൾ ഒരു കാരണവശാലും മുന്നോട്ടുപോകാൻ പാടില്ലാത്തതാണ്. അതുകൊണ്ട് മത്സ്യബന്ധനത്തിന് ഫീസ് ഏർപ്പെ ടുത്താനുള്ള clause, എല്ലാത്തിനും ഫീസ് ഏർപ്പെടുത്തുക എന്നുള്ള സങ്കൽപത്തെ മുറുകെപ്പിടിക്കുന്ന ഒരു സംവിധാനം ഒരു കാരണവശാലും വരാൻ പാടില്ലാത്തതാണ്. അത്തരമൊരു സമീപനം തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതു തന്നെയാണ്. അതു പോലെ ജലസംഭരണികളുടെ ചുമതല ഏൽപ്പിക്കുന്നതിനെ സംബന്ധിച്ച് പല സംശയ ങ്ങൾക്കും ആശങ്കകൾക്കും വഴിവയ്ക്കുന്നതാണ്. "സർക്കാരിന്, അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണ് എന്ന് തോന്നുന്ന സംഗതിയിൽ, അവർക്ക് നിർദ്ദേശിക്കാവുന്ന അങ്ങനെ യുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, ഏതൊരു ജലസേചന സംരംഭത്തിന്റേയും നിർമ്മാണമോ പരിപാലനമോ രണ്ടും കൂടിയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനോ, സഹകരണ സംഘത്തിനോ, കർഷകരുടെ മറ്റേതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിനോ, ആ ജലസേചന സംരംഭം മൂലം ഗുണം സിദ്ധിക്കുന്ന മറ്റേതെങ്കിലും ഏകാംഗീകൃത നികായത്തെയോ ഭരമേല്പിക്കാവുന്നതും ഏതു സമയത്തും, അങ്ങനെയുള്ള സംരംഭം തിരികെ ഏറ്റെടുക്കാവുന്നതുമാണ്.'' ഈ ''ഏകാംഗീകൃത നികായത്തിന്'' ഒരു വ്യക്തമായ മലയാളം ആവശ്യമാണ്. അല്ലെങ്കിൽ തെറ്റിദ്ധരിക്കും. അതിനു മുകളിൽ പറഞ്ഞതൊക്കെ നമുക്ക് അംഗീകരിക്കാം, അത് ജനങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. എന്നാൽ ഏതെങ്കിലും വ്യക്തിക്ക് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ താല്പര്യമുണ്ടാവുകയും അത് സ്വന്തമാക്കുന്നതിനാവശ്യമായ നീക്കങ്ങൾ നടത്താൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ തീർച്ചയായും അത്തരമൊരു സ്ഥിതി ഇതിനകത്തു നിന്നും ഒഴിവാക്കേണ്ടതു തന്നെയാണ്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കെ. വി. കുഞ്ഞിരാമൻ പറഞ്ഞ 13-ാം clause-ൽ അവസാനം ഇത് നിർവ്വചിക്കുന്നുണ്ട്, ഇതിനൊരു വിശദീകരണം കൊടുത്തിട്ടുണ്ട്. ആ വിശദീകരണത്തിൽ പറയുന്നത് ''സഹകരണ സംഘം'' എന്നത് 1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. എന്നാൽ നിങ്ങളിവിടെ പറഞ്ഞിട്ടുള്ള ''മറ്റു സംഘ''മെന്നു പറയുന്നത് (1860-ലെ 21-ാം കേന്ദ്ര ആക്ട്) പ്രകാരമോ സൊസൈറ്റീസ് ആക്ട് പ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമായിരിക്കും. എന്നു പറഞ്ഞാൽ കൺസ്ട്രക്ഷനും മെയിന്റനൻസും ലോക്കൽ ബോഡീസിനുതന്നെ കൊടുക്കുക എന്നുള്ളതല്ലാതെ പിന്നെ കുറച്ച് ആൾക്കൂട്ടം ചേർന്ന് അവരെ ഏല്പിക്കുന്നതിൽ കാര്യമെന്താണ്? ഇതുതന്നെയല്ലേ മറ്റ് സ്വകാര്യ രീതിയിലുള്ള നടത്തിപ്പിലേക്ക് എത്തിക്കുക, ഇത് ഒഴിവാക്കേണ്ടതല്ലേ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അത് ഒഴിവാക്കേണ്ടതാണ്. ഇതിന്റെ 57-ാം വകുപ്പ് Dam Safety Authority രൂപീകരിക്കുമെന്നുള്ളതാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാതിരിക്കുകയും നമ്മുടെ ജലസ്രോതസ്സ് നാം അറിയാതെ നമ്മുടെ അയൽപക്കത്തുള്ള സംസ്ഥാനങ്ങൾ ചോർത്തിയെടുക്കുകയും ചെയ്യുന്നത് നമ്മൾ പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ പദ്ധതി പ്രദേശങ്ങളിൽ നിന്നും വെള്ളം ചോർത്തിയെടുത്ത് സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ ആവശ്യമായ സംരംഭങ്ങൾ പല സ്ഥലങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. 106 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം നമ്മുടെ സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്. പക്ഷേ ആ ഡാമിന്റെ മുഴുവൻ നടത്തിപ്പും നിയന്ത്രണവും തമിഴ്നാട് സംസ്ഥാനത്തിനാണ്. എത്രയോ വർഷങ്ങൾക്കുമുമ്പ് നമുക്ക് സമൃദ്ധമായി ജലലഭ്യതയുണ്ടായിരുന്ന കാലത്ത്, നാം ജലത്തെ സംബന്ധിച്ച് യാതൊരു ആശങ്കയും വെച്ചുപുലർത്താതിരുന്ന കാലത്ത്, നമുക്ക് വേണ്ടത്ര ആലോചന വരാത്തതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ ഒരു തെറ്റായ കരാറിലേർപ്പെടാൻ ഇടയായതെന്ന് ജലസേചന വകുപ്പുമന്ത്രി തന്നെ മുമ്പ് പറഞ്ഞിരുന്നു. അപ്പോൾ അത്തരം പിശക് തിരുത്താൻ ആവശ്യമായ സംവിധാനം വേണം. Dam Safety Authority കുറ്റമറ്റ നിലയിൽ രൂപീകരിക്കാനും അതിന് ജുഡീഷ്യൽ പവർ നൽകി ശക്തമായ ഒരു സംരംഭമെന്നുള്ള നിലയിലേക്ക് കൊണ്ടുവരാനും കഴിഞ്ഞില്ലെങ്കിൽ വലിയ പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ പോകുന്നത്. 106 വർഷം പഴക്കമുള്ള ഈ ഡാമിന്റെ ജലനിരപ്പ് ഉയർത്തണമെന്നുള്ള ആവശ്യം തമിഴ്നാട് സർക്കാർ മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുകയാണ്. പക്ഷേ നിലവിലുള്ള ജലനിരപ്പ് താഴ്ത്തണമെന്നുള്ള അഭിപ്രായ മാണ് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉള്ളത്. 106 വർഷം പഴക്ക മുള്ള ഈ ഡാമിന് എന്തെങ്കിലും അപകടം സംഭവിച്ചാൽ അത് കേരളത്തെ സംബന്ധി ച്ചിടത്തോളം ഒരിക്കലും ആലോചിക്കാൻ കഴിയാത്ത ദുരന്തങ്ങൾ സമ്മാനിക്കുന്ന, ദുരിതങ്ങൾ സമ്മാനിക്കുന്ന ഒരു സംഭവമായി മാറുകതന്നെ ചെയ്യും. നമ്മുടെ സംസ്ഥാനത്തെ എറണാകുളം, ആലപ്പുഴ, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലെ ജനങ്ങൾക്ക് ഇതിന്റെ ദുരിതം അനുഭവിക്കേണ്ടിവരും. ഈ ഡാം ഉൾപ്പെടെ കേരളത്തിന്റെ എല്ലാ ജല സംഭരണികളും ഡാമുകളും സംരക്ഷിക്കുന്നതിന് എല്ലാ നിലയിലും കരുത്തു നൽകുന്ന ഒരു Dam Safety Authority-യാണ് നമുക്ക് വേണ്ടത്. അപ്പോൾ ഇതിനകത്ത് ആരൊക്കെ വരണം? ഇതിന്റെ ചെയർമാനായി, ചുമതലക്കാരനായി ജലവിഭവ വകുപ്പു സെക്രട്ടറി വരുന്ന നിലയിലാണ് ബില്ലിൽ കാണുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിയുന്ന ഒരു അതോറിറ്റിയായി ഇത് മാറണമെങ്കിൽ, ഏതു കോടതിക്കും മുമ്പാകെ ഈ കാര്യങ്ങൾ സഗൗരവം ഉയർത്തിപ്പിടിക്കാൻ കഴിയുന്ന ജുഡീഷ്യൽ പവർ നൽകേണ്ടതുണ്ട്. അപ്പോൾ സ്വാഭാവികമായും ഹൈക്കോടതി ജഡ്ജിയുടെ പദവിയിലിരിക്കുന്ന ഒരാൾ ഇതിന്റെ തലപ്പത്തു വരുന്നതായിരിക്കും ഏറ്റവു മധികം ഉപകരിക്കുക. അതുപോലെതന്നെ വനംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ, ഇറിഗേഷൻ എഞ്ചിനീയർ, ഭൂചലന വിദഗ്ദ്ധൻ, ജിയോളജിസ്റ്റ്, ഡാം എഞ്ചിനീയർ, പരിസ്ഥിതി ശാസ്ത്രജ്ഞൻ എന്നിവരെല്ലാം ഈ അതോറിറ്റിയുടെ മെമ്പർമാരാകണം. സർക്കാരിന്റെ സെക്രട്ടറിയും വകുപ്പിലെ എഞ്ചിനീയറുമുൾപ്പെടെ ഇപ്പോഴത്തെ കമ്മിറ്റി തികച്ചും അപര്യാപ്തമാണ്. ഈ സ്ഥിതി ഒഴിവാക്കാനാവശ്യമായ സംവിധാനങ്ങളു ണ്ടാകണം. ഏറ്റവും പ്രധാനപ്പെട്ട ഒരു കമ്മിറ്റിയായി ഇതിനെ മാറ്റിയെടുക്കാനാവശ്യമായ സംവിധാനമുണ്ടാകണം. ജനങ്ങൾക്ക് സംശയത്തിന് ഇടയാക്കുന്ന വളരെയധികം പ്രശ്ന ങ്ങൾ ഈ ബില്ലിന്റെ ഭാഗമായി ഉയർന്നുവരുന്നുണ്ട്. ആ സംശയങ്ങളെല്ലാം ദൂരീകരി ച്ചുകൊണ്ട് കുറ്റമറ്റ ഒരു നിയമമുണ്ടാക്കാൻ വേണ്ടി നാം മുൻകൈ എടുക്കേണ്ടതുണ്ട്. ഇപ്പോൾ ഏകദേശം പട്ടിൽപ്പൊതിഞ്ഞ പാഷാണം എന്നുള്ള നിലയിലാണ് ബില്ല് ജനങ്ങൾക്ക് മുമ്പാകെ എത്തുന്നത്. ഒരിക്കലും പട്ടിൽ പൊതിഞ്ഞ പാഷാണമായി ജനങ്ങൾക്ക് അനുഭവപ്പെട്ടുകൂടാ. ജലദൗർലഭ്യം ഉൾപ്പെടെയുള്ള പുതിയ വെല്ലുവിളികൾ അതിജീവിക്കാൻ, കേരളീയ സമൂഹത്തെ പ്രാപ്തമാക്കുന്ന, കുടിവെള്ളവും ശുദ്ധ വായുവുമുൾപ്പെടെയുള്ള മൗലിക പ്രശ്നങ്ങൾക്ക് എല്ലാ നിലയിലും സംരക്ഷണം നൽകുന്ന ഒരു കുററമറ്റ ബില്ലായി ഇത് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയെ ടുക്കണമെങ്കിൽ ഇത് സെലക്ട് കമ്മിറ്റിക്കു വിടണം, വിപുലമായ ഒരു ചർച്ചയ്ക്ക് വിധേയമാക്കണമെന്നുള്ള അഭിപ്രായം മുന്നോട്ടുവച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, വളരെ പ്രധാനപ്പെട്ട കാലഘട്ടത്തിൽ, ഏറ്റവും അനിവാര്യവും അത്യാവശ്യവുമായിട്ടുള്ള വലിയൊരാശയമാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലി ലൂടെ കൊണ്ടുവന്നത്. ജീവസന്ധാരണത്തിന് അനുപേക്ഷണീയമായ ഒരു ഘടകമാണ് ശുദ്ധജലം. മനുഷ്യകുലത്തിന്റെ ഉത്ഭവത്തിനും വളർച്ചയ്ക്കും മാത്രമല്ല നിരവധി

LIBRARY ARCHIVES Kerala Legislative Assembly

സംസ്കാരങ്ങളുടേയും ഉറവിടം നദീതട സംസ്കാരങ്ങളായിരുന്നു. പക്ഷേ പവിത്രവും പരിപാവനവുമായി കരുതുന്ന അത്തരം നദികളെയൊക്കെ ഇന്ന് മാലിന്യങ്ങൾ വലിച്ചു വിതറിക്കൊണ്ട് നമ്മുടെ പുതിയ തലമുറ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ജലം മനുഷ്യന് ജീവാമൃതമാണ്. ഭൂമിയിൽ കുടിക്കാനും ജലസേചനത്തിനുമുള്ള ഉറവകൾ അതിവേഗം വറ്റിക്കൊണ്ടിരിക്കുന്നത് ഇപ്പോൾ പുതുതായി കണ്ടുപിടിച്ച ഒരു കാര്യമാണ്. ഭാവി തലമുറകൾക്കുവേണ്ടി ഒരിറ്റു ശുദ്ധജലം നൽകുക എന്ന ആശയത്തോടുകൂടി, water for the future എന്ന മുദ്രാവാക്യവുമായിട്ടാണ് ഈ വർഷത്തെ ജലദിനം കടന്നുവന്നത്. ഈ ബിൽ കൊണ്ടുവരുന്ന ഈ വർഷം U. N.—International water for fresh water എന്ന നയം അംഗീകരിച്ചുകൊണ്ട് ഈ വർഷം അങ്ങനെ തീരുകയാണ്. എന്തുകൊണ്ടും പ്രാധാന്യമുള്ള ഈ ബിൽ വളരെ പോസിറ്റീവായിട്ടുള്ള അപ്രോച്ചോടുകൂടി കാണണമെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. 44-ഓളം നദികളാൽ സമൃദ്ധമാണ് നമ്മുടെ സംസ്ഥാനം. ആ നദികളിലുള്ള വെള്ളം പാഴായി ഒഴുകിപ്പോകുന്നു എന്നു മാത്രമല്ല ആ വെള്ളം ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല എന്നുള്ളത് നമ്മൾ വളരെ ഗൗരവമായി കാണണം. പണ്ട് കവികൾ പെരിയാറിനെക്കുറിച്ച് പാടിയിട്ടുണ്ട്. "പെരിയാറെ.........പെരിയാറെ, പർവ്വത നിരയുടെ പനിനീരേ, കുളിരുംകൊണ്ട് കുണുങ്ങി നടക്കും മലയാളി പെണ്ണാണ് നീ, ഒരു മലയാളി പെണ്ണാണ് നീ". ഇത് വയലാറിന്റെ വരികളാണ്. നമ്മളൊക്കെ ചെറുപ്പത്തിൽ വളരെ ആവേശപൂർവ്വം പാടിക്കൊണ്ടിരുന്ന ഗാനമാണ്. യഥാർത്ഥത്തിൽ ആ മലയാളി പെണ്ണ് ഇന്ന് വികൃതമായിരിക്കുകയാണ്. ഈ നദികളിലുള്ള ജലം യഥാവിധി ഉപയോഗപ്പെടുത്താനുള്ള ശ്രമമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇപ്പോൾ നമ്മുടെ നദികളിലെ വെള്ളം വറ്റിക്കൊണ്ടിരിക്കുകയാണ്. അന്യ രാജ്യങ്ങളിൽ പെട്രോളിന് വിലകൊടുക്കുന്നതുപോലെ നാളെ കുടിവെള്ളത്തിന് വില കൊടുക്കേണ്ട സ്ഥിതിയുണ്ടാകാൻ പോകുകയാണ്. യഥാർത്ഥത്തിൽ ശുദ്ധജലം കിട്ടുകയെന്നത് കിട്ടാക്കനിയായി മാറുന്ന ഈ ഘട്ടത്തിൽ ഇനി ഒരു യുദ്ധമുണ്ടാവുകയാണെങ്കിൽ അത് ശുദ്ധജലത്തിനു വേണ്ടിയുള്ള ഒരു യുദ്ധമായിരിക്കുമെന്ന് പല മേഖലകളിലുമുള്ള ശാസ്ത്രജ്ഞൻമാർ പ്രവചിച്ചുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെന്നല്ല ലോകത്തുതന്നെ കോടിക്കണക്കിനാളുകൾ ശുദ്ധജലത്തിനുവേണ്ടി കേണുകൊണ്ടിരിക്കുന്ന ഒരവസ്ഥ ലോകത്ത് നിലനിൽക്കുകയാണ്. ആ ഒരു സാഹചര്യത്തിൽ നിലവിലുള്ള ഒട്ടേറെ നിയമങ്ങളെ ഏകീകരിച്ചുകൊണ്ട് 1865-ലെ മദ്രാസ് ജലസേചന സെസ്സ് ആക്ട് മുതൽ The Kerala Irrigation Works (Execution by Joint Labour) Bill 1967 (Act 20 of 1967) വരെയുള്ള മുഴുവൻ ആക്ടുകളും ഏകീകരിച്ചുകൊണ്ടും കേന്ദ്രീകരിച്ചുകൊണ്ടും പുതിയ ഒരു ബിൽ കൊണ്ടുവരിക വഴി ഈ സംസ്ഥാനത്തെ ജലം സംരക്ഷിച്ചുനിർത്താനും, അത് ജലസേചനത്തിന് ഉപയോഗപ്പെടുത്തുവാനും അതുവഴി നാടിന്റെ അഭിവൃദ്ധിക്കാവശ്യമായ പദ്ധതികളാവിഷ്കരിക്കാനും കഴിയും. അത്തരത്തിൽ ശാസ്ത്രീയമായ രീതിയിലുള്ള ഒരു ബില്ലാണ് മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. ജോണി നെല്ലൂർ</u>: സർ, ബഹുമാന്യനായ മമ്മൂട്ടി ഈ ബില്ലിനെക്കുറിച്ച് സംസാരിച്ചപ്പോൾ ആദ്യം നദികളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതിനെക്കുറിച്ച് പറഞ്ഞു. നമ്മുടെ ജലാശയങ്ങളാകെ മാലിന്യ കൂമ്പാരങ്ങളാണ്. പ്ലാസ്റ്റിക് നിരോധനം

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമസഭ ചർച്ച ചെയ്തു. നമ്മുടെ നിയമസഭാ പരിസരത്ത് പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് വന്നു. പക്ഷേ നമ്മുടെ ജലാശയങ്ങളിൽ പ്രത്യേകിച്ച് ടൂറിസ്റ്റുകൾ ധാരാളമായി വരുന്ന വേമ്പനാട്ട് കായലിലൊക്കെ നിരവധി പ്ലാസ്റ്റിക് കുപ്പികൾ അലക്ഷ്യമായി വലിച്ചെറിഞ്ഞ് അവിടെ മാലിന്യകൂമ്പാരമുണ്ടാകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് ആരോഗ്യ രംഗത്തെ ദോഷകരമായി ബാധിക്കുമെന്നുള്ള കാര്യത്തെക്കുറിച്ച് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: അതുകൊണ്ടാണ് നദികളിലെല്ലാം മാലിന്യങ്ങൾ കുന്നുകൂടി വികൃതമായിരിക്കുകയാണെന്ന് ഞാൻ ആമുഖത്തിൽ പറഞ്ഞത്. നമുക്ക് ഏതാണ്ട് ആവറേജ് 1700 മില്ലി മീറ്റർവരെ മഴ ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. പക്ഷെ അങ്ങനെ ലഭിക്കുമ്പോഴൊക്കെ മഴവെള്ളം പാഴായിപ്പോകുന്നു. ഈ ബില്ലിലൂടെ കൊണ്ടുവരുന്ന ഒട്ടേറെ പദ്ധതികളിലൂടെ വെള്ളം ഫലപ്രദമായി തടഞ്ഞുനിർത്തുവാനും നദികൾ സംരക്ഷിക്കുവാനും, കൃഷിക്കാരുടെ സഹകരണസംഘങ്ങളുണ്ടാക്കി അവരുടെയൊക്കെ പ്രായോഗികമായ സഹകരണത്തിലൂടെ അത് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനും സാധിക്കും എന്ന നിലയ്ക്കാണ് ഈ ബിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടു വന്നിരിക്കുന്നത്. സാധാരണഗതിയിൽ ഇതുവരെ ജലസേചന പദ്ധതികളൊക്കെ നടപ്പിലാക്കിക്കഴിഞ്ഞാൽ പ്രയോജനം ലഭിക്കുന്നത് വേറെയാൾക്കായിരിക്കും. അതുകൊണ്ട് സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ജലം പരമാവധി ഉപയോഗപ്പെടു ത്തുവാനും അതുവഴി കൃഷിക്കാരെ മുന്നോട്ടു കൊണ്ടുവരാനും സാധിക്കുമെന്നു ള്ളതിന്റെ ഏറ്റവും വലിയ ഗുണമായി നാം ഈ ബില്ലിനെ കാണണം. ധാരാളം കരാറുകൾ അന്തർ സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയിട്ടുണ്ട്. ആ കരാറുകൾ പ്രകാരം നമുക്ക് ഒരുപാട് ദോഷങ്ങൾ സംഭവിച്ചിട്ടുണ്ട്. ഭാവിയിലെങ്കിലും ഇവ ഇല്ലായ്മ ചെയ്യാനുള്ള നിർദ്ദേശം ക്ലാസ് 30-ൽ പറയുന്നുണ്ട്. നിയമസഭ അറിയാതെ, ഒരു പൊതുവായ ചർച്ച കൂടാതെ അങ്ങനെ എളുപ്പത്തിൽ ഒരു കരാർ ഉണ്ടാക്കാൻ കഴിയില്ല. പണ്ട് കാലങ്ങളിൽ നദികളിൽ ഇഷ്ടംപോലെ വെള്ളമുണ്ടായിരുന്നു. നമുക്ക് വെള്ള ത്തിന്റെ വില അറിയില്ലായിരുന്നു. അതുകൊണ്ട് നമ്മൾ കിട്ടുന്ന കരാറൊക്കെ ഒപ്പുവച്ച് പലർക്കും കൊടുക്കാനും വിൽക്കാനുമൊക്കെ തുടങ്ങി. പക്ഷെ ഇപ്പോൾ എന്താണെന്നു വച്ചാൽ നമുക്ക് വെള്ളത്തിന്റെ വില മനസ്സിലാക്കാൻ കഴിഞ്ഞു. ഭൂമി വറ്റി വരണ്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കർക്കിടക മാസമാണ്. ഈ കർക്കിടക മാസത്തിൽപ്പോലും മീനച്ചൂടാണ്. ഇപ്പോൾ പല സ്ഥലങ്ങളും കുടിവെള്ളത്തിനുവേണ്ടി കേഴുകയാണ്. ഭൂമിയിൽ നേരത്തെയുണ്ടായിരുന്ന ജലാംശം മുഴുവൻ നഷ്ടപ്പെട്ടുകൊ ണ്ടിരിക്കുകയാണ്. ഈ ബിൽ നടപ്പിലാക്കുക വഴി നമുക്ക് വെള്ളം തടഞ്ഞു നിർത്തി ജനോപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി കൊടുക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ ഡാം സേഫ്റ്റി അതോറിറ്റി, നമ്മുടെ പല ഡാമുകളും പലരും പരിശോധന നടത്തും, ചിലർ പറയും ചോരുന്നു, ചിലർ പറയും ചോരുന്നില്ല ഇങ്ങനെയൊക്കെ പറയുന്ന ഒരവസ്ഥയുണ്ട്. ഡാം സേഫ്റ്റി അതോ റിറ്റി വരുന്നതോടുകൂടി വളരെ സുതാര്യമായ രീതിയിൽ അപ്പോഴപ്പോൾ ഡാമുകൾ പരിശോധിക്കാനും ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാനും സേഫ്റ്റി ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

വരുത്താനും സാധിക്കും. അതുപോലെതന്നെ മറ്റൊരു കാര്യം, ക്ലാസ് 32-ൽ പാടശേഖരത്തിലെ വെള്ളം വറ്റിക്കൽ മുതലായവക്ക് ഈ ബില്ലിൽ സമയ നിയന്ത്രണം പറയുന്നു. വെള്ളം വറ്റിക്കുന്നതിനുള്ള നിർദ്ദേശവും നോട്ടിഫിക്കേഷനു മൊക്കെ കൊടുത്തുവരുമ്പോൾ കൃഷിയുടെ സമയം കഴിഞ്ഞുപോകും. അതുകൊണ്ട് അതിനൊരു സമയ നിയന്ത്രണമേർപ്പെടുത്തി എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കു ന്നതിനുള്ള ഒരു നിർദ്ദേശം വരുത്തേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ക്ലാസ് 77-ൽ കമ്പനികൾ ചെയ്യുന്ന കുറ്റം—ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, ആ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും അതിന്റെ ബിസിനസ് നടത്തിപ്പിന് ഉത്തരവാദിത്തമുണ്ടായിരുന്നതുമായ ഓരോ ആളും കമ്പനിയും ആ കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാകേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ് എന്നു പറയുന്ന ക്ലാസ് നല്ലതാണ്. പക്ഷേ അതിനു വിരുദ്ധമായി തൊട്ടടുത്ത ഒരു ക്ലാസ് എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ അങ്ങനെയുള്ള ഒരാളേയും അയാൾ, ആ കുറ്റം അയാളുടെ അറിവോടുകൂടിയല്ല ചെയ്തിട്ടുള്ളതെന്നോ അയാൾ, ആ കുറ്റം ചെയ്യൽ തടയുന്നതിന് വേണ്ടത്ര ശ്രദ്ധ എടുത്തിരുന്നുവെന്നോ തെളിയിക്കുകയാണെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കേണ്ടതില്ല എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം അങ്ങനെയൊരു കുറ്റം ചെയ്തിട്ട് ആ കുറ്റം ഏറ്റുപറയുന്നതോടുകൂടി ശിക്ഷയ്ക്ക് വിധേ യനാകേണ്ടതില്ല എന്നുപറയുമ്പോൾ ആർക്കും കുറ്റം ചെയ്യാനുള്ള ടെന്റൻസി വർദ്ധിക്കും. അതുകൊണ്ട് രണ്ടാമത് പറഞ്ഞ ക്ലാസ് എടുത്തുകളയേണ്ടതാണ്. അതു പോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് നദീതടത്തോടടുത്ത് കിണർ കുഴിക്കുക യാണെങ്കിൽ അതിനു ചില നിയന്ത്രണങ്ങളുണ്ട്. സാധാരണക്കാരായ ആളുകൾ ഒരു കിണർ കുഴിക്കുമ്പോൾ ആ ഒരു കാരണം പറഞ്ഞുകൊണ്ട് നിയന്ത്രണമേർപ്പെടുത്തിക്ക ഴിഞ്ഞാൽ അവർക്ക് ബുദ്ധിമുട്ടാണ്. കുടിവെള്ളവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. അതുകൊണ്ട് കിണറിന്റെ കാര്യത്തിലുള്ള നിയന്ത്രണം ഒരിക്കലും പാടില്ല. അത് എടുത്തുകളയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ജലത്തിന്റെ ഉപയോഗത്തിന് ലൈസൻസ് നൽകാനുള്ള അധികാരം നിർദ്ദേശിച്ചു കൊണ്ട് ചട്ടങ്ങളുണ്ടാക്കാനുള്ള നിർദ്ദേശമുണ്ട്. ഇപ്പോൾ അനാവശ്യമായി ജലം ദുരുപയോഗം ചെയ്യുന്ന ഒരവസ്ഥയുണ്ട്. ഇപ്പോൾ വ്യവസായികാവശ്യങ്ങൾക്കുവേണ്ടി ഇഷ്ടം പോലെ വെള്ളം ഉപയോഗിക്കുകയാണ്. അതിന് കാശ് വാങ്ങുന്നില്ല. ഈ ബില്ലുവഴി എല്ലാത്തിനും നിയന്ത്രണങ്ങളേർപ്പെടുത്തുമ്പോൾ വ്യവസായാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന വെള്ളത്തിന് കണക്കുപറഞ്ഞ് പൈസ വാങ്ങാൻ സാധിക്കു മെന്നുള്ള കാര്യം വളരെ സന്തോഷകരമായ ഒരു നിർദ്ദേശമാണ്. അതുപോലെത്തന്നെ വിളനാശമുണ്ടാകുമ്പോൾ ഇതിൽ പറയുന്നുണ്ട്, വിളനാശമുണ്ടാകുന്ന ഘട്ടത്തിൽ കൃഷിക്കാർക്ക് ഇത് ഇളവ് ചെയ്തുകൊടുക്കാൻ അധികാരമുണ്ടെന്ന് പറയുന്നത് ശ്ലാഘനീയമായ ഒരു നിർദ്ദേശമാണ്. മറ്റൊരുകാര്യം ജലസേചന സംരംഭങ്ങളിലെ മത്സ്യബന്ധനം എന്നുള്ളതിൽ ഇറിഗേഷൻ ഓഫീസറുടെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുമതിയോടുകൂടിയല്ലാതെയും നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായും അങ്ങനെയുള്ള ഫീസ് നൽകലിന് വിധേയമായും

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെയും യാതൊരാളും സർക്കാരിന്റെ ഉടമസ്ഥതയിലോ പരിപാലനത്തിലോ നിയന്ത്രണത്തിലോ ഉള്ള ഒരു ജലസേചന സംരംഭത്തിൽ മൽസ്യബന്ധനം നടത്താൻ പാടുള്ളതല്ല. മൽസ്യബന്ധനത്തിന് ഇപ്പോൾ ഫീസ് വാങ്ങുന്നില്ല. മൽസ്യബന്ധനത്തിനുപോലും ഫീസ് വാങ്ങാമെന്നുള്ള ഒരു സന്ദേഹം ഇതിൽ വരുന്നതുകൊണ്ട് ഇതുവരെയില്ലാത്ത ഒന്ന് ഏർപ്പെടുത്തുന്നുവെന്നുള്ള ഒരു തോന്നലുണ്ടാകും. അതുകൊണ്ട് അത് ഒഴിവാക്കണം എന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്. മണൽ വാരുന്ന കാര്യമായാലും മറ്റുകാര്യങ്ങളായാലും രാഷ്ടീയത്തിനതീതമായി സമഗ്രമായ ഒരു ബില്ലെന്നുള്ള നിലയ്ക്ക് എല്ലാവിധ പോസിറ്റീവ് അപ്രോച്ചുകളോടുംകൂടി ഇതിനെ കണ്ടുകൊണ്ട് നദീതടങ്ങൾ സംരക്ഷിച്ചുകൊണ്ട് ഫലപ്രദമായി കേരളത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന് വേണ്ടിയുള്ള കാഴ്ചപ്പാടോടുകൂടി, ഒരു പുതിയ ആശയവുമായി ഈ ബിൽ കൊണ്ടുവന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. രാഷ്ട്രീയത്തിനതീതമായ, സമഗ്രമായ ഒരു ബില്ലായി മാറ്റുന്നതിന് എന്റെ നിർദ്ദേശം. സമർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, 44 നദികൾ കൊണ്ട് സമ്പുഷ്ടമായ നമ്മുടെ മലയാള നാട് കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന കാലഘട്ടമാണ്. കുടിവെള്ളത്തിനു ബുദ്ധിമുട്ടുന്ന അനേകം ആളുകൾ ഉണ്ട്. എന്റെ മണ്ഡലത്തിലേയും പതിനായിര
12 Noon] ക്കണക്കിന് ആളുകൾ കുടിവെള്ളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. ഇതിന് ഒരു സമഗ്രമായ നിയമം ആവശ്യമാണ്. ഒരുപാട് കൃഷിയിടങ്ങൾ ഇപ്പോൾ തരിശുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. സമയത്ത് മഴ ലഭിക്കാത്തതുകൊണ്ട്, ലഭിക്കുന്ന വെള്ളം കൃത്യമായി കിട്ടാത്തതുകൊണ്ട് കൃഷിയിടങ്ങൾ തരിശുഭൂമികളായി മാറുന്ന സമയമാണ്. പണ്ട് ഇടവപ്പാതിയും തുലാവർഷവും കൃഷിക്കാർക്ക് അനുയോജ്യമായിരുന്നു. പക്ഷേ ഇപ്പോൾ തുലാവർഷം എപ്പോഴെങ്കിലുമാണ് നമുക്ക് കിട്ടുന്നത്. മാത്രമല്ല ഇപ്പോൾ ഇടവപ്പാതിയും തുലാവർഷവും പോയി ന്യൂനമർദ്ദത്തെയാണ് നമ്മുടെ നാട്ടുകാർ വെള്ളത്തിനായി കാത്തിരിക്കുന്നത്. ന്യൂനമർദ്ദം ഉണ്ടാകുമെങ്കിൽ നമുക്ക് വെള്ളം ലഭിക്കും. ന്യൂനമർദ്ദം ഇല്ലെങ്കിൽ നമുക്ക് വെള്ളം ലഭിക്കുകയില്ല. നമുക്ക് ലഭിക്കുന്ന വെള്ളം അത് സഹ്യാദ്രിയിൽ ഉണ്ടായി നിമിഷങ്ങൾക്കകം അറബിക്കടലിൽ എത്തുന്ന സ്ഥിതി നമ്മുടെ നാട്ടിലുണ്ട്. ജലദൗർലഭ്യം കൊണ്ട് ബുദ്ധിമുട്ടുന്ന ഒരു പ്രദേശമായി നമ്മുടെ മലയാളനാട് മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം സമഗ്രമായ ഒരു നിയമം നമ്മുടെ കേരള നാടിന് ആവശ്യമാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. വളരെ ചിന്തിച്ച്, പഠിച്ച് തയ്യാറാക്കിയ ഒരു ബില്ലാണ് ഇത് എന്നു പറയുന്നതിൽ ഒട്ടും ബുദ്ധിമുട്ടില്ല. പക്ഷേ കുറച്ചുകൂടി പഠന വിധേയമാക്കാൻ ഈ ബിൽ നിർബന്ധിതമായിരിക്കുകയാണ്. ചെറുതും വലുതുമായ ജല സ്രോതസ്സുകളുള്ള ഒരു നാടാണ് നമ്മുടേത്. ഭൂഗർഭജലം ചോർത്തിയെടുക്കുന്ന നാടായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ലഭ്യമായിരിക്കുന്ന വെള്ളം ഒരു പ്രതിഫലവും ലഭിക്കാതെ അന്യ സംസ്ഥാനങ്ങളിലേക്ക് കൊടുക്കുന്ന ഒരു ദുർഗതിയാണ് ഇന്നുള്ളത്. നെയ്യാർ ഡാമിലെ വെള്ളം ബഹുമാനപ്പെട്ട ചെയറിന്റെ നിയോജകമണ്ഡലമായ പാറശ്ശാലയിൽപ്പോലും കൃത്യമായി കൃഷി ചെയ്യുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കാതിരിക്കുമ്പോൾ അന്യസംസ്ഥാനമായ തമിഴ്നാട്ടിൽനിന്ന് ഒരു പൈസ പോലും വാങ്ങാതെ നമ്മൾ വെള്ളം കൊടുക്കുകയാണ്. നെയ്യാർ ഡാമിൽ അറ്റകുറ്റപ്പണിക്കുള്ള, അല്ലെങ്കിൽ വെള്ളം സംഭരിക്കുന്നതിന് ആവശ്യമായ മെയിന്റനൻസിന് ഒരു രൂപ പോലും തമിഴ്നാടിൽനിന്ന് ഈടാക്കാതെ, പണ്ടെന്നോ ഉണ്ടായ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടിന് സുലഭമായി, കളിയിക്കാവിളയ്ക്ക് അപ്പുറത്തേക്ക് വെള്ളം കൊടുക്കുന്നു. കളിയിക്കാവിളയ്ക്ക് ഇപ്പുറം പാറശ്ശാല അങ്ങയെപ്പോലെ പ്രമുഖരായ കർഷകരുള്ള സ്ഥലമാണ്. അങ്ങ് വലിയൊരു കർഷകനാണ്. കാർഷിക മേഖലയുമായി വളരെയേറെ ബന്ധമുള്ള ആളാണ് ചെയറിൽ ഇരിക്കുന്നത്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽപ്പോലും ഒരുപൂ കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാകാത്ത സാഹചര്യത്തിൽ ഒരു നയാപൈസ പോലും വാങ്ങാതെ നമ്മൾ വെള്ളം തമിഴ്നാടിന് കൊടുക്കുന്നു. ഇതിൽ മാറ്റം വരണം. അത് ഈ നിയമത്തിൽതന്നെ ഉണ്ടാകണമെന്നുള്ളതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. നെയ്യാർ ഡാമിൽനിന്ന് ശേഖരിക്കുന്ന വെള്ളം നമ്മുടെ ചെലവിൽ നമ്മുടെ ചാനലുകൾ വഴി തമിഴ്നാട്ടിലേക്ക് എത്തിക്കുമ്പോൾ നമ്മുടെ ചാനലുകളുടെ അറ്റകുറ്റപ്പണിക്കും അതുപോലെ ഡാമിന്റെ മെയിന്റനൻസിനുമെല്ലാം ഉപയോഗിക്കാവുന്ന രീതിയിൽ എന്തെങ്കിലും ഒരു ഫീസ് ഏർപ്പെടുത്തിയാൽ മാത്രമേ തമിഴ്നാടിന് വെള്ളം കൊടുക്കാവൂ എന്നുള്ളതാണ് എന്റെ അഭ്യർത്ഥന. അതിന് ആവശ്യമായ ഒരു ഭേദഗതി തീർച്ചയായും ഈ നിയമത്തിൽ ഉണ്ടാകണമെന്നുള്ളതാണ് എന്റെ പ്രധാനപ്പെട്ട ആവശ്യം.

ശ്രീ. തമ്പാനൂർ രവി: അങ്ങ് പറഞ്ഞതുപോലെ നെയ്യാറിലെ ജലം തമിഴ്നാട് കൊണ്ട് പോകുകയാണ്. അതോടൊപ്പംതന്നെ ഉള്ള വെള്ളം സംരക്ഷിച്ചു നിർത്താൻ മെയിന്റനൻസിന് ആവശ്യമായ തുക കൊടുക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം. എ. വാഹീദ്: നെയ്യാർ ഡാമിലെ വെള്ളം നമ്മുടെ തിരുവനന്തപുരം ജില്ലയ്ക്ക് പൂർണ്ണമായി ലഭിക്കുന്നില്ല. അതിന്റെ സിംഹഭാഗവും തമിഴ്നാട്ടിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ അതിന്റെ മെയിന്റനൻസിന് ആവശ്യമായ പൈസ വയ്ക്കുന്നില്ല. അത് ഉണ്ടാകണമെങ്കിൽ തമിഴ്നാടിന് കൊടുക്കുന്ന വെള്ളം അളന്ന് മെയിന്റനൻസിന് കാശ് വാങ്ങിക്കണം. ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലമായ പാറശ്ശാലയിൽ മുഴുവൻ ചാനലുകളും വറ്റിവരണ്ട് ഇപ്പോൾ ഇഞ്ചിപ്പുല്ല് വളർന്നു കിടക്കുകയാണ്. നെയ്യാർ ഡാം കൊണ്ട് പൊഴിയൂരിൽ പോലും വെള്ളം ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയത്തിന് മെയിന്റനൻസ് നടത്താത്തതുകൊണ്ടാണ്. മെയിന്റനൻസ് നടത്തണമെന്ന് പറയണം.

ശ്രീ. എം. എ. വാഹീദ്: എന്തുകൊണ്ട് മെയിന്റനൻസ് നടക്കുന്നില്ല? നമുക്ക് ആവശ്യമായ പണമില്ല. നെയ്യാർ ഡാമിലെ വെള്ളത്തിന്റെ സിംഹഭാഗവും തമിഴ്നാട്ടിലേക്ക് പോകുന്നതുകൊണ്ട് നമുക്ക് മെയിന്റനൻസിന്റെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: വെള്ളം കൊടുക്കാതെ നമ്മുടെ ഗവൺമെന്റ് കരവും ഈടാക്കുന്നുണ്ട്. അത് മനസ്സിലാക്കണം.

ശ്രീ. എം. എ. വാഹീദ്: No tax without representation എന്ന അമേരിക്കൻ ചരിത്രത്തിലേതുപോലെ.

ശ്രീ. തമ്പാനൂർ രവി: ടെയിൽ എൻഡിൽ വെള്ളം എത്തുന്നില്ല എന്നു മാത്രമല്ല ഡാമിന്റെ ആരംഭ കാലത്ത് എത്രമാത്രം ഹെക്ടർ കൃഷിക്കു വേണ്ടി ഉപയോഗിക്കാൻ കരുതിയിരുന്നോ അതിന്റെ പകുതി സ്ഥലത്തേക്കുപോലും വെള്ളം കൊടുക്കുന്നില്ല. അത് അങ്ങേക്ക് അറിയാമോ?

ശ്രീ. എം. എ. വാഹീദ്: അതുകൊണ്ടാണ് നെയ്യാർ ഡാമിന്റെ കാര്യം ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രത്യേകമായി എടുത്തുപറയുന്നത്. ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാരുടെ മണ്ഡലത്തിൽ കടൽവെള്ളം വന്നുകൊണ്ടിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് നെയ്യാർ ഡാമിലെ വെള്ളം വേണ്ട. കടലിൽ നിന്ന് വെള്ളം അടിച്ചു കയറുകയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ സ്ഥിതി അതല്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലനുസരിച്ച് ട്രാവൻകൂർ-കൊച്ചിൻ ഇറിഗേഷൻ ആക്ടുമായി ബന്ധപ്പെട്ട് കാർഷിക മേഖലയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ സഹായങ്ങളും സമയത്തിന് കൃഷി ഇറക്കാനുള്ള സംവിധാനം ഉൾപ്പെടെ അപകടപ്പെടുമെന്നുള്ള കാര്യം അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം. എ. വാഹീദ്: അതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കരാറുകൾ പുനഃപരിശോധിക്കാനും പുനഃക്രമീകരിക്കാനും നിയമനിർമ്മാണം ആവശ്യമായിരിക്കുന്നതുകൊണ്ട് ഈ ബില്ലിൽ അതിനാവശ്യമായ മാറ്റം വരണമെന്നാണ് ബഹുമാന്യനായ ഇറിഗേഷൻ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ മുല്ലപ്പെരിയാറിന്റെ കാര്യത്തിലും ആവശ്യമായ മാററം വരുത്തുന്നതിന് നിയമ സംരക്ഷണം ഈ ബില്ലിൽ വേണം. പണ്ടൊക്കെ ഇത്തരം നദീജല കരാറായാലും വെള്ളം കൊടുക്കുന്നതായാലും എല്ലാം മന്ത്രിതലത്തിൽ അല്ലെങ്കിൽ ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്നതാണ്. ഇവിടെ വളരെ കാതലായി നിയമസഭ അറിയാതെ നദീജല കരാർ ഉണ്ടാക്കുവാൻ പാടില്ലായെന്ന ഒരു വകുപ്പ് ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്നു. ഇത് എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ട ഒരു വകുപ്പാണ്. അതിന് ബഹുമാന്യനായ മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങനെ വന്നാൽ പറമ്പിക്കുളം ആളിയാറിൽനിന്ന് അല്ലെങ്കിൽ മേക്കര ഡാമിൽനിന്ന് വെള്ളം പോകുകയില്ലെന്ന് ഉറപ്പാക്കാൻ കഴിയുന്ന ഒരു നിയമമായി ഇവിടെ നിലനിൽക്കുകയാണ്. നദികളെ സംയോജിപ്പിക്കാൻ പാടില്ലായെന്നുള്ള ഒരു വകുപ്പ് ഈ ബില്ലിൽ ഉണ്ട്. അങ്ങനെ സംയോജിപ്പിക്കുകയാണെങ്കിൽ നഷ്ടം വരുന്നത് നമുക്ക് ആയിരിക്കും. ഇനി ഒരു കാര്യം കൂടി പ്രധാനമായി പറയാനുള്ളത്, അത് ഈ ബില്ലിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല. അത് കാതലായ ഒരു പ്രശ്നമാണ്. ഭൂഗർഭജലം ചൂഷണം ചെയ്യുന്ന ശക്തികളും വ്യക്തികളും പ്രസ്ഥാനങ്ങളും നമ്മുടെ കേരളക്കരയിലുണ്ട്. വ്യക്തികളിൽ പ്രധാനപ്പെട്ട ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറയുന്നത് ഒരു റിട്ടയേർഡ് ഡിവൈ.എസ്.പി. യാണ്. അദ്ദേഹത്തിന്റെ പേര് പൗലോസ് എന്നാണ്. എറണാകുളത്ത് കിലോമീറ്ററോളം ഭൂമി തുരന്ന് അകത്ത് ചെന്ന് വെള്ളമെടുത്ത് ലക്ഷക്കണക്കിന് രൂപയ്ക്ക് വിൽക്കുന്ന ഒരു സംവിധാനം നമ്മുടെ എറണാകുളത്ത് ഉണ്ട്. ചില പോലീസ് ഉദ്യോഗസ്ഥൻമാരുടെ സംരക്ഷണത്തോടുകൂടിയാണ് ഇത് എടുക്കുന്നത് എന്നാണ് എന്റെ അന്വേഷണത്തിൽ നിന്നും അറിയാൻ കഴിഞ്ഞത്. ലക്ഷക്കണക്കിന് ലിറ്റർ വെള്ളമാണ് എടുക്കുന്നത്. ഇങ്ങനെ ചോർത്തിയെടുക്കുന്ന ആളുകൾ പലപല നിറത്തിലുള്ള കുപ്പികളിൽ ഈ വെള്ളം ശേഖരിച്ച് ലക്ഷക്കണക്കിന് രൂപ സമ്പാദിക്കുന്നുണ്ട്. അത് വലിയ ഒരു ചൂഷണമാണ്. അതിന് നമ്മുടെ ഖജനാവി ലേയ്ക്ക് ഒരു പൈസ പോലും ലഭിക്കുന്നില്ല. അതുപോലെ പ്ലാച്ചിമടയിലും ഒരുപാട് ഭൂഗർഭ സ്രോതസ്സുകൾ കണ്ടെത്തി ഭൂഗർഭജലം ചൂഷണം ചെയ്യുന്ന ഇത്തരം വ്യക്തി കളേയും ശക്തികളേയും തടയാനുള്ള നിയമം കൂടി ഇതിനകത്ത് കൊണ്ടുവരണം. ഈ വകുപ്പുകൂടി ഈ നിയമത്തിനകത്ത് ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ ഒരു നിയമ മാക്കി മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഈ ബില്ലിലെ ഏറ്റവും വലിയ പ്രത്യേകത വെള്ളത്തെക്കുറിച്ച് ഒരു പുതിയ കാഴ്ചപ്പാട് ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നുള്ളതാണ്. കേരളം വെള്ളം കൊണ്ട് സമ്പന്നമാണ്. വെള്ളം എക്സസ് ആണ്. കേരളം 44 നദികളും കായലുകളും ശുദ്ധജല തടാകങ്ങളും ഉൾപ്പെടെ വെള്ളത്താൽ സമ്പന്നമായ ഒരു സംസ്ഥാനം എന്നുള്ള കാഴ്ചപ്പാടിലേയ്ക്കാണ് നാം മുന്നോട്ടു പോയിക്കൊണ്ടിരുന്നത്. ഇന്ന് അതിന് മാറ്റം വന്നുഎന്ന് മാത്രമല്ല, കുടിക്കാനുള്ള വെള്ളത്തിനുപോലും മൈലുകൾ താണ്ടേണ്ട ഒരു സംസ്ഥാനമായി ഇന്നു കേരളം മാറിയിരിക്കുകയാണ്. ഇത്രയേറെ മഴ ലഭിച്ചിട്ടും ആ മഴവെള്ളംപോലും ഫലപ്രദമായി നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്ന് ഈ ബില്ലിൽ വെള്ളം എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം തന്നെ മറ്റ് നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. ഏകദേശം 9 നിയമങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് മദ്രാസ് ഇറിഗേഷൻ സെസ്സ് ആക്ട് സംസ്ഥാനത്ത് ഒട്ടാകെ ബാധകമാകുന്ന ഈ നിയമം ഉണ്ടാക്കുന്നത്. ഈ നിയമത്തിലെ ഏറ്റവും വലിയ പ്രത്യേകത, സെക്ഷൻ 57 അനുസരിച്ച് ഡാം സേഫ്റ്റി അതോറിറ്റി ഉണ്ടാക്കുന്നു എന്നുള്ളതാണ്. അതുപോലെതന്നെ 90-ാം വകുപ്പ് കോൺസ്റ്റിറ്റ്യൂഷൻ ഓഫ് വാട്ടർ മാനേജ്മെന്റ് ആന്റ് യൂട്ടിലൈസേഷൻ ബോർഡ്. ഈ രണ്ടു വകുപ്പുകളും കൊണ്ട് നാം നിർമ്മിക്കുന്ന അണക്കെട്ടുകളുടെ സംരക്ഷണവും ദ്രുതഗതിയിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണവും ഉൾപ്പെടെയുള്ള കാര്യങ്ങളും അതുപോലെ വെള്ളം ഉപയോഗിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള കാര്യങ്ങളും ഇതിന്റെ ഒരു പ്രത്യേകതയായിട്ട് കാണുകയാണ്. അതുപോലെ സെക്ഷൻ നമ്പർ 49 ഫാർമേഴ്സ് അസോസിയേഷൻ, ഏറ്റവും വലിയ കാര്യമായിട്ട് കാണുകയാണ്. പലപ്പോഴും പല പ്രദേശങ്ങളിലും ഇന്നുള്ള ഇറിഗേഷൻ ഫെസിലിറ്റീസ് പോലും കർഷകർക്ക് ലഭ്യമല്ലാത്ത രീതിയിലേക്ക് മാറിയിരിക്കുകയാണ്. അതിന് ശാശ്വതമായ

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കാണാൻ ഫാർമേഴ്സ് അസോസിയേഷന്റെ പ്രവർത്തനം വഴി കഴിയുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ ഈ നിർമ്മാണത്തിനുവേണ്ടി മറ്റ് ധനകാര്യ ഏജൻസികളുടെ സഹായം സ്വീകരിക്കാൻ കഴിയുന്ന ബന്ധപ്പെട്ട പ്രൊവിഷനും ഇതിനകത്തുണ്ട് എന്ന് കാണാൻ കഴിയുന്നതാണ്. അതുപോലെ തന്നെ സെക്ഷൻ (3) Conservation of water in water courses എന്നുള്ളതിൽ lake എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സെക്ഷൻ നമ്പർ 2-ൽ എ. എസ്. എന്ന ഉപവകുപ്പിൽ "Water course" means a river, stream, channel, lake or any natural collection of water. അത് ശുദ്ധജല തടാകമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്നാണ് എനിക്ക് തോന്നുന്നത്. വേമ്പനാട് കായലും അഷ്ടമുടിക്കായലും ഒക്കെ salinity ഉള്ള കായലുകളാണ്. അവിടെ നിരന്തരമായി മത്സ്യബന്ധനം നടത്തുന്ന സ്ഥലങ്ങളാണ്. അതുകൊണ്ട് അത് ഒന്നുകൂടി ക്ലാരിഫൈ ചെയ്താൽ നന്നായിരിക്കും. അത് പറയാൻ കാരണം, സെക്ഷൻ 42 അനുസരിച്ച് fishing in irrigation works—അപ്പോൾ ഈ കാര്യത്തിൽ ക്ലാരിഫിക്കേഷൻ വന്നില്ലെങ്കിൽ അത് നാളെ ദുരുപയോഗമാകുമോ എന്നുള്ള സംശയമുണ്ട്. അതുപോലെ ലോക്കൽ ബോഡികൾക്കാണ് നമ്മൾ ഇപ്പോൾ മൈനർ ഇറിഗേഷൻ വർക്ക് കൊടുത്തിരിക്കുന്നത്. കഴിഞ്ഞ 7 വർഷമായി നമ്മുടെ ഈ നിയമം നടപ്പിലാക്കിയതിനുശേഷം ഏതെങ്കിലും ഒരു ഇറിഗേഷൻ വർക്കിൽ, അത് മൈനർ ആകട്ടെ, മറ്റ് ഏതെങ്കിലുമാകട്ടെ, ബന്ധപ്പെട്ട ലോക്കൽ ബോഡികൾ നടത്തിയതായിട്ട് തെളിയിക്കാൻ കഴിയുമോ? അവരുടെ അവകാശം എടുത്തുകളയണമെന്ന് പറയുന്നില്ല. 1994-ലെ നിയമത്തിൽ അവർക്ക് അവകാശമുണ്ട്. ഇത് ഒന്ന് പുനഃപരിശോധിക്കണം. ഈ മൈനർ ഇറിഗേഷൻ വർക്ക് നടത്താനുള്ള അധികാരം ലോക്കൽ ബോഡിക്കാണ് കൊടുത്തിരിക്കുന്നത്. അവർ എങ്ങനെ യൂട്ടിലൈസ് ചെയ്തു എന്നതിനെക്കുറിച്ച് പഠിച്ചുകൊണ്ട് അവരെക്കൊണ്ട് ഇഫക്ടീവ് ആയിട്ട് നടത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം എന്ന നിർദ്ദേശം എനിക്കുണ്ട്.

ശ്രീ. തമ്പാനൂർ രവി: കഴിഞ്ഞ 7 വർഷമായി മൈനർ ഇറിഗേഷന്റെ ഒരു വർക്കും നടന്നിട്ടില്ല എന്ന് മാത്രമല്ല, ഇറിഗേഷനിലും മൈനർ ഇറിഗേഷനിലും ആവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ല എന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അതും ഒരു കാര്യമാണ്. പക്ഷേ പണം കൊടുത്തിട്ടുപോലും പലർക്കും വർക്ക് ചെയ്യാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുപോലെ സെക്ഷൻ 32, de-watering etc. of Padasekaram—അതിനകത്ത് പറഞ്ഞിരിക്കുന്നത്................

ശ്രീ. കെ. എ. ചന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ മൈനർ ഇറിഗേഷന്റെ കാര്യം പറഞ്ഞു. അതുപോലെ ഒന്നാണ് ഏരികുളങ്ങളുടെ സംരക്ഷണം. ഇതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും വകയിരുത്തിയാലും ഇല്ലെങ്കിലും മറ്റു പല സോഴ്സിൽക്കൂടി ഏരികുള സംരക്ഷണത്തിന് പണം നമുക്ക് എടുക്കാവുന്നതാണ്. പക്ഷേ ഇന്നത്തെ നിലയിലുള്ള വ്യവസ്ഥയനുസരിച്ച് ഈ പൊതുപണം ഇത്തരം കാര്യങ്ങൾക്ക് വിനിയോഗിക്കുമ്പോൾ ഏരികുളങ്ങൾ സർക്കാരിന് സറണ്ടർ ചെയ്യണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നൂലാമാലയുണ്ട്. അത് അപ്രായോഗികമാണ്. ഈ വെള്ളം സൂക്ഷിക്കുന്നതിന് മാത്രം ഉപയോഗിക്കാം എന്ന നിബന്ധനയിൽ നമുക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ആയാലും കൊള്ളാം, ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നായാലും കൊള്ളാം, കിട്ടുന്ന സൗകര്യം വിനിയോഗിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കിയാൽ ഈ മൈനർ ഇറിഗേഷൻ പ്രവൃത്തി കുറേക്കൂടി മെച്ചപ്പെടും എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: തീർച്ചയായും അത് ഗവൺമെന്റ് പരിഗണിക്കും എന്നാണ് എന്റെ വിശ്വാസം. ഇവിടെ ഡീ-വാട്ടറിംഗിന്റെ കാര്യത്തിൽ പറഞ്ഞിരിക്കുന്നത്, പുഞ്ച സ്പെഷ്യൽ ഓഫീസറോ കളക്ടറോ നോട്ടീസ് കൊടുത്തതിനുശേഷം ഈ പാട ശേഖരത്തിൽ വർക്ക് ചെയ്യാം എന്നാണ്. എനിക്ക് സംശയം ഉള്ളത്, തീരപ്രദേശത്ത് ഞങ്ങൾക്ക് ഒരു പാടശേഖരം ഉണ്ട്. അത് ഓരുവെള്ളം കയറുന്ന പാടശേഖരമാണ്. നെൽക്കൃഷി നടത്തുന്ന പ്രദേശമാണ്. തൃശൂർ, എറണാകുളം, ആലപ്പുഴ ജില്ലയിൽപ്പെട്ട പ്രദേശങ്ങളാണ്. അവിടെ ഇപ്പോൾ ഡീ-വാട്ടറിംഗ് നടത്തുന്നത് ഈ പാടശേഖര സമിതി തന്നെയാണ്. അവരാണ് അതിന്റെ എക്സ്പെൻസ് മീറ്റ് ചെയ്യുന്നത്. ഇതിന് പമ്പിംഗ് സബ്സിഡിയുണ്ടെങ്കിലും പലപ്പോഴും കിട്ടാറില്ല. അപ്പോൾ അങ്ങനെയുള്ള സ്ഥലങ്ങളിൽ പൊക്കാളി കൃഷിയുമായി ബന്ധപ്പെട്ട്, പാടശേഖരങ്ങളിലെ de-watering സംബന്ധിച്ച വകുപ്പിൽ കുറച്ചുകൂടി വ്യക്തത ഉണ്ടാകണമെന്ന അഭ്യർത്ഥന എനിക്കുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: ഈ നിയമത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ഇത്. നിലനിൽക്കുന്ന സംവിധാനത്തെ അറിഞ്ഞോ അറിയാതെയോ തകിടം മറിക്കുന്ന ഒരു സമീപനം ഇതിനകത്ത് വരും. സമയത്തിന് വെള്ളം പമ്പ് ചെയ്ത് കളയുന്ന കാര്യം ഇതിനകത്ത് പറഞ്ഞിരിക്കുന്നു. ഇപ്പോൾ കുട്ടനാട് 26,000 ഏക്കർ ഉള്ള ഒരു പാടശേഖരത്തിൽ പമ്പിംഗ് നടത്താൻ പകുതിയിൽ കൂടുതൽ ആളുകൾ ഒപ്പിട്ട് കളക്ടർക്കോ പുഞ്ച സ്പെഷ്യൽ ഓഫീസർക്കോ ഒരു അപേക്ഷ കൊടുത്താൽ കളക്ടർ രണ്ട് പത്രത്തിൽ നോട്ടിഫൈ ചെയ്ത് ഈ പമ്പിംഗ് നടത്തണം എന്നാണ്. നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ ആക്ട് അനുസരിച്ച് നിലവിലിരിക്കുന്ന പാടശേഖരസമിതികൾക്ക് ഈ ചുമതല കൊടുത്തിരിക്കുകയാണ്. പ്രായോഗികമായി അത് പാസ്സായാൽ, സമയത്ത് കൃഷിയിറക്കാൻ കഴിയാത്ത സ്ഥിതി വരും. നമ്മുടെ പരസ്യം വരുന്നതുവരെ ഓരു വെള്ളം കയറി വരുന്നത് നിൽക്കില്ല. ശ്രീ. ഡൊമിനിക് ചൂണ്ടിക്കാണിച്ച ഒരു കാര്യം അതാണ്. ഓരുവെള്ളം കയറി വരുന്നതിനുമുമ്പ് ബണ്ട് ഇടണം. അതേപോലെ കുട്ടനാടൻ മേഖലയിലാണെങ്കിൽ ജലനിരപ്പിനേക്കാൾ താഴ്ന്ന പ്രദേശമാണ്. സമയത്ത് പമ്പിംഗ് നടക്കണം. അതിനാണ് വാർഷിക ജനറൽ ബോഡി വിളിച്ചുകൂട്ടി ഒരു തെരഞ്ഞെടുക്കപ്പെട്ട സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. 26,000 ഏക്കറുള്ള പാടശേഖരത്തിൽ പകുതിയിൽ കൂടുതൽ ആളുകൾ ഒപ്പിട്ടു നിവേദനം കൊടുക്കുമ്പോൾ സമയത്ത് കൃഷി നടക്കുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: എനിക്ക് തോന്നിയതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമെന്നാണ് എന്റെ വിശ്വാസം. ഓരുവെള്ളം തടയുന്ന സംവിധാനം ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് ഈ വകുപ്പ് ബാധകമാകു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ വെള്ളക്കരത്തെപ്പറ്റി പറഞ്ഞു. അത് 23-ഉം 24-ഉം വകുപ്പുകളിലാണ്. 23-ാം വകുപ്പുപ്രകാരം Levy of Irrigation Cess by Government—ഗവൺമെന്റിന് അവകാശമുണ്ടെങ്കിലും 24-ാം വകുപ്പുപ്രകാരം exemption-ന് അവകാശമുണ്ട്. ഏതെങ്കിലും പ്രദേശത്ത് കൃഷിനാശം ഉണ്ടായാലോ, കൃഷി നടന്നില്ല എങ്കിലോ പൂർണ്ണമായോ, ഭാഗികമായോ ഈ എക്സംപ്ഷൻ കൊടുക്കാൻ ഗവൺമെന്റിന് അധികാരം ഉണ്ട്. അപ്പോൾ സെസ്സ് എന്നുള്ളത് ഇപ്പോഴും ഉള്ളതല്ലേ? നേരത്തെയുള്ള നിയമം അനുസരിച്ച് സെസ്സ് കൊടുക്കണം. സെസ്സ് പിരിക്കാത്തത് വേറെ കാര്യം. പക്ഷെ അങ്ങനെ പിരിക്കാനുള്ള അവകാശം സൂക്ഷിക്കുന്നതാണ് നല്ലത് എന്നുള്ളതുകൊണ്ട് 24-ാം വകുപ്പ് അവിടെത്തന്നെ തുടരണം എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതു പോലെതന്നെ ആ കാര്യത്തിൽ ഇതിൽ ഒരു വകുപ്പൊന്നും കാണുന്നില്ല. ഈ നദികളിലെ മലിനീകരണം തടയുന്നതിന് ഒരു വകുപ്പു വേണ്ടേ? നമ്മുടെ പമ്പാ നദിയുടെ സ്ഥിതി എന്താ? ലക്ഷക്കണക്കിന്, കോടിക്കണക്കിന് ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്നത് പമ്പാനദിയാണ്. ഇന്ന് പൊല്യൂഷൻ കാരണം അവിടത്തെ വെള്ളം ഒന്നിനും ഉപയോഗിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ നിയമത്തിൽ നദികൾ പൊല്യൂട്ടഡ് ആകുമ്പോൾ ആ വെള്ളം സംസ്കരിക്കുന്നതിനും ശുദ്ധീകരിക്കുന്ന തിനുമുള്ള ഒരു ഗംഗാ ആക്ഷൻ പ്ലാൻ പോലെയോ, അങ്ങനെയുള്ള ഒരു സംവിധാന ത്തിനു കൂടിയുള്ള ഒരു വകുപ്പ്, ഈ നദികളുടെ സംരക്ഷണത്തിനുള്ള വകുപ്പ് ഇതിനകത്ത് ഉണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്. നേരത്തെ നാം ഇവിടെ പാസ്സാക്കിയ മണൽ വാരലുമായി ബന്ധപ്പെട്ട ബില്ലിൽ അതിന്റെ പണം നമ്മുടെ നദികളുടെ കര കെട്ടി സൂക്ഷിക്കാനൊക്കെ ഉപയോഗിക്കും എന്ന് പറഞ്ഞുവെങ്കിലും ഇവിടെ വെളിവാക്കപ്പെട്ട ഉത്തരത്തിൽ നിന്നും ഇത്രയും കാലമായി ലഭിച്ച കോടിക്കണ ക്കിന് രൂപ അതിന് ചെലവഴിച്ചിട്ടില്ല എന്നാണ് കാണുന്നത്. അതുകൊണ്ടാണ് ഞാൻ ഇതു പറയാൻ കാരണം. ഇതിനകത്ത് 5, 6, 7 വകുപ്പുകൾ, അവയെക്കുറിച്ചാണ് ഇവിടെ തർക്കം വന്നത്. 5-ാമത്തെ വകുപ്പ് Regulation on construction of reservoirs ആണ്. തീർച്ചയായിട്ടും അത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. അത് പലപ്പോഴും നാം സമയബന്ധിതമായി ചെയ്യാത്തതുകൊണ്ട് പറ്റിയതാണ്. ഇവിടെ മേക്കര ഡാമി നെകുറിച്ച് പറഞ്ഞു. 10 കൊല്ലം കൊണ്ടാണ് 150 കോടി രൂപ മുടക്കി തമിഴ്നാട് അതിന്റെ പണികൾ പൂർത്തിയാക്കിയത്. ഇവിടെ ആരംഭിച്ച നിരവധി പദ്ധതികൾ, കല്ലട പദ്ധതി തുടങ്ങി പെരിയാർവാലി തൊട്ട് മൂവാറ്റുപുഴ ഇറിഗേഷൻ വാലിവരെയുള്ളത് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് ഉണ്ടായ ദുരന്തങ്ങൾ പേറുന്ന ഒരു സംസ്ഥാനമായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. അതുപോലെ തന്നെ ഈ 42-ാം വകുപ്പ് ഫിഷിംഗിന്റെ കാര്യത്തിൽക്കൂടി ഒരു ക്ലാരിഫിക്കേഷൻ ആവശ്യമാണ്. പൊതുവെ ഈ നിയമം എല്ലാ വിഭാഗങ്ങളും സ്വാഗതം ചെയ്യും എന്നാണെന്റെ വിശ്വാസം. ഇങ്ങനെ ഒരു ബിൽ ഈ നടപ്പുസമ്മേളനത്തിൽ തന്നെ പാസ്സാക്കാൻ മുൻകൈയെടുത്ത ഗവൺമെന്റിനേയും മന്ത്രിയേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, ഇത്തരം ഒരു ബിൽ അവതരിപ്പിച്ചപ്പോൾ ധാരാളം പ്രതീക്ഷകൾ നമുക്ക് ഉണ്ടായിരുന്നു. മുല്ലപ്പെരിയാറിൽനിന്നും അമിതമായി വെള്ളം കടത്തിക്കൊണ്ടുപോകുന്നു എന്ന ചർച്ച ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലും പമ്പ-അച്ചൻകോവിൽ നദിയിലെ വെള്ളം വൈപ്പാർ പദ്ധതിയിലേക്ക് കൊണ്ടുപോകുന്നു എന്ന പ്രശ്നം വന്നതിന്റെ അടിസ്ഥാനത്തിലുമാണ് പ്രധാനമായിട്ടും ഇത്തരം ഒരു ബിൽ സഭയിൽ അവതരിപ്പിക്കാൻ സർവ്വകക്ഷി യോഗം തീരുമാനമെടുത്തത്. ഇടിവെട്ടിയവനെ പാമ്പ് കടിച്ച അനുഭവമാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ചപ്പോൾ കാണാൻ കഴിഞ്ഞത്. ഇവിടെ പ്രതിപക്ഷത്തുനിന്നു മാത്രമല്ല ഭരണകക്ഷി ബഞ്ചുകളിൽ നിന്നും ധാരാളം ആശങ്കകൾ ഉയർന്നുവന്നിട്ടുണ്ട്. മത്സ്യബന്ധനത്തിന് ഇപ്പോൾ ഫീസ് ഏർപ്പെടുത്താൻ വേണ്ടി പോകുന്നു. ജലഗതാഗതത്തിനു ഫീസ് ഏർപ്പെടുത്തുന്ന സമ്പ്രദായം വരുന്നു. കിണർ കുഴിക്കുന്നതിന് നമ്മുടെ സംസ്ഥാനത്ത് നിയന്ത്രണങ്ങൾ വരികയാണ്.

ശ്രീ. പി. എസ്. സുപാൽ: ശ്രീ. രാജു, ഇടിവെട്ടിയവനെ പാമ്പ് കടിച്ചു എന്ന് അങ്ങ് സന്ദർഭോചിതമായി പറഞ്ഞതാണോ?

ശ്രീ. രാജു എബ്രഹാം: അല്ല, വലിയ പ്രതീക്ഷയോടെയാണ് ഈ ബിൽ കാത്തിരുന്നത്. ബിൽ വന്നപ്പോഴാണ് ഇതൊരു സെസ്സ് ബില്ലാണെന്ന് മനസ്സിലായത്. അതുകൊണ്ട് പറഞ്ഞതാണ്. ഇവിടെ നമുക്ക് ആശങ്കയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. ഇപ്പോൾ നമ്മുടെ കരാറുകളെ സംബന്ധിച്ചിടത്തോളം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. കരാറുകളെ സംബന്ധിച്ചിടത്തോളം നമ്മുടെ നിയമനിർമ്മാണത്തിൽ പറയണം. കാവേരിയിൽനിന്നും 127 ടി.എം.സി. വെള്ളം നമുക്ക് കിട്ടേണ്ട സ്ഥാനത്ത് 5 ടി.എം.സി. വെള്ളം മാത്രമേ കിട്ടുന്നുള്ളു. ശിരുവാണിയിൽനിന്നും നമുക്ക് വെള്ളം കിട്ടുന്നില്ല. ഭവാനി പുഴയിൽ നിന്നും രണ്ട് ടി.എം.സി. കിട്ടണം, തടയണയുണ്ടാക്കാൻ പോയി, തടയണയും ഇല്ല, വെള്ളവും ഇല്ല, പുഴയും ഇല്ല. ചിററൂർ പുഴയിൽനിന്നും 7 ടി.എം.സി. വെള്ളമാണ് നമുക്ക് കിട്ടേണ്ടത്. കിട്ടുന്നില്ല. പറമ്പിക്കുളം-ആളിയാർ നമ്മുടെ വാർത്തകളിൽ നിറഞ്ഞുനിൽക്കുകയാണ്. മുല്ലപ്പെരിയാറിന്റെ സ്ഥിതിയൊട്ട് പറയാനും ഇല്ല. മുല്ലപ്പെരിയാർ കരാറിനെ സംബന്ധിച്ചിടത്തോളം നമ്മൾ ഗൗരവമായി പുനഃപരിശോധന നടത്തേണ്ട പ്രശ്നമാണ്. നമ്മുടെ സബ്ജക്ട് കമ്മിറ്റി പോലും അവിടെ പോയിരുന്നു. അത്തരം കാര്യങ്ങൾ നാം ചർച്ച ചെയ്തതാണ്. നെയ്യാറിൽനിന്നും എത്ര വെള്ളം പോകുന്നു എന്നതിനെ സംബന്ധിച്ചിടത്തോളം യാതൊരു കണക്കുമില്ല. ഞാൻ ഒരു കാളിംഗ് അറ്റൻഷനിൽ നമ്മൾ കൊടുക്കുന്ന വെള്ളത്തിന് വില ഈടാക്കണം എന്നുള്ളതു ഇവിടെ സൂചിപ്പിച്ചു. അത്തരത്തിൽ മറ്റു സ്റ്റേറ്റുകളിലേക്ക് പോകുന്ന വെള്ളത്തിന് വില ഈടാക്കാൻ വേണ്ടിയുള്ള സംവിധാനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഈ ബില്ലിനകത്ത് നമ്മൾ യാതൊന്നും തന്നെ പറയുന്നില്ല. അതുപോലെ ഇവിടെ ശ്രീ. ദേവകുമാർ ഉന്നയിച്ച ഒരു പ്രശ്നം സെക്ഷൻ 32 പ്രകാരം നമ്മുടെ പാടശേഖര സമിതികൾക്കുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവകാശങ്ങൾ പരിപൂർണ്ണമായി ഇല്ലാതാകാൻ പോകുന്നു. ഭൂരിപക്ഷം ഉടമകളും പറയുന്നതനുസരിച്ച് ജില്ലാ കളക്ടർക്ക് നിവേദനം കൊടുത്ത്, ജില്ലാകളക്ടർ പത്രത്തിൽ പരസ്യം കൊടുത്ത് കഴിഞ്ഞിട്ട് അവിടെ കൃഷി ആരംഭിക്കാൻ പറ്റുമോ? അപ്പോൾ സീസൺ കഴിഞ്ഞുപോകത്തില്ലേ? അത്തരത്തിലുള്ള അപ്രായോഗികമായ നിരവധി കാര്യങ്ങൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ തന്നെ പ്രകൃതി പ്രതിഭാസങ്ങളെ സംബന്ധിച്ചിടത്തോളം നമുക്ക് പഠിക്കേണ്ടതായിട്ടുള്ള വളരെ അത്യന്താപേക്ഷിത മായിട്ടുള്ള കാര്യങ്ങളുണ്ട്. വെള്ളം കുപ്പിയിലാക്കി കൊണ്ടുപോകുന്ന ഒരവസ്ഥ ഇന്ന് ഉണ്ട്. ഈ കുപ്പിവെള്ളത്തെ സംബന്ധിച്ചിടത്തോളം ഇത് നിയമ നിർമ്മാണത്തിന്റെ പരിധി ക്കകത്ത് കൊണ്ടുവരണ്ടേ? ഇപ്പോൾ കൊക്കകോളയെ സംബന്ധിച്ചിടത്തോളം വലിയ വിവാദങ്ങൾ നടക്കുകയാണ്. പെരുമാട്ടി പഞ്ചായത്തിൽ റദ്ദാക്കിയ ലൈസൻസ്, ആ റദ്ദാക്കലിന് എതിരായിട്ട് ഈ ഗവൺമെന്റ് സ്റ്റേ കൊടുത്തിരിക്കുന്ന ഒരു സന്ദർഭം കൂടിയാണിത്. അത്തരത്തിൽ നിരവധി പ്രശ്നങ്ങൾ കുപ്പിവെള്ളവുമായി ബന്ധപ്പെട്ട് ഉണ്ട്. പ്രകൃതി പ്രതിഭാസങ്ങളെ സംബന്ധിച്ചിടത്തോളം പഠിക്കാനുള്ള ഒരു സംവിധാനം നമുക്ക് വേണ്ടേ? കിണർ താഴുന്നു, അല്ലെന്നുണ്ടെങ്കിൽ വർഷം പെയ്യുന്നു. അപ്പോൾ ആ പ്രകൃതി പ്രതിഭാസങ്ങളെ സംബന്ധിച്ചിടത്തോളം പഠിക്കാനുള്ള ഗവേഷണ സംവിധാനങ്ങൾ നമുക്ക് ഉണ്ടാകണം. അതുപോലെ തന്നെ ഇതിനെ സംബന്ധിച്ചിട ത്തോളമുള്ള കമ്മിറ്റി, ആ കമ്മിറ്റിയിൽ ഒരു ജുഡീഷ്യൽ ഓഫീസർ ചെയർമാനായി രിക്കണം എന്നുള്ള ഒരു അഭിപ്രായം ഇവിടെ വന്നിട്ടുണ്ട്. അതുപോലെ തന്നെ പൊതു പ്രവർത്തന രംഗത്തുള്ള ആളുകളെകൂടി ഇത്തരം കാര്യങ്ങളിലേക്ക് കൊണ്ടുവരണം. പമ്പാ-അച്ചൻകോവിൽ നദികളിലെ വെള്ളം ചോർത്തൽ വളരെ പ്രമാദമായിട്ട് നിറഞ്ഞുനിൽക്കുന്ന ഒരു പ്രശ്നമാണ്. അവിടെ നമ്മുടെ സബ്ജക്ട് കമ്മിറ്റി അംഗങ്ങൾ പോകുകയും ചെയ്തിരുന്നു. അവിടെ ജലച്ചോർച്ച ഇല്ല എന്നുള്ള അഭിപ്രായമാണ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഞങ്ങൾ പ്രതിപക്ഷ മെമ്പർമാർ തിരുവനന്തപുരത്തെ പ്രശ്നം കാരണം അൽപ്പം വൈകിയാണ് എത്തിയത്. ഒരു പഠനം നടത്താതെ പമ്പാ-അച്ചൻകോവിൽ പദ്ധതിയിൽനിന്നും ജലം ചോർത്തുന്നില്ല എന്നുള്ള ഒരു നിഗമനത്തിലേക്ക് നമുക്ക് ഒറ്റയടിക്ക് എത്തിച്ചേരാൻ കഴിയുമോ? ശരിയായിട്ടുള്ള പഠനങ്ങൾ നമുക്ക് ഇവിടെ നടത്തണം. ഇവിടെത്തന്നെ ധാരാളം സംശയങ്ങളും പ്രശ്നങ്ങളും ഒക്കെയുണ്ട്. കല്ലാർ, കാഞ്ചിയാർ, അച്ചൻകോവിൽ തുടങ്ങിയിട്ടുള്ള റേഞ്ചുകൾ അവിടെയുണ്ട്. പക്ഷെ ഇതിന്റെയെല്ലാം ഓഫീസുകൾ അച്ചൻകോവിലിലാണ് പ്രവർത്തിക്കുന്നത്. ഏതാണ്ട് 20 കിലോമീറ്റർ ദൂരെയുള്ള പ്രദേശത്ത് എന്ത് നടക്കുന്നു എന്നറിയാനുള്ള സംവിധാനം പോലും നമുക്കിന്നില്ല. അവിടെ ഉദ്യോഗസ്ഥർ പരിശോധന നടത്തി എന്നുപറയുന്നു. അതിനെ സംബന്ധി ച്ചിടത്തോളം ഞാൻ വിമർശിക്കുന്നില്ല. പക്ഷെ അതിനെ സംബന്ധിച്ചിടത്തോളം പ്രാദേശിക പത്രങ്ങളിൽ അച്ചൻകോവിലിൽ ഇരുന്നുകൊണ്ടുള്ള ചില പഠന റിപ്പോർട്ടുകളാണ് നൽകി യിരിക്കുന്നത് എന്നുള്ള തരത്തിൽ വാർത്ത വന്നിട്ടുണ്ട്. ഞാൻ ആക്ഷേപിക്കുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇപ്പോൾ നമ്മുടെ കാടുകളിൽ ഏതാണ്ട് അയ്യായിരത്തോളം ഏക്കറിൽ കഞ്ചാവ് കൃഷി

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണ്. ആ പ്രദേശത്ത് തമിഴ്നാട്ടിലുള്ള തേവൻമാർ വൻതോതിൽ കടന്നു വരുന്നുണ്ട്. പക്ഷെ നമ്മുടെ ആളുകൾക്ക് അവിടെ കടന്നുവരാൻ കഴിയുന്നില്ല. ശ്രീ. കോലിയക്കോട് ചെയർമാൻ ആയിട്ടുള്ള കമ്മിറ്റി അവിടം സന്ദർശിച്ച് അവിടെ നടന്ന ഈ കയ്യേറ്റങ്ങളെ സംബന്ധിച്ചിടത്തോളമുള്ള കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ഇവിടെ തന്നിട്ടുണ്ട്. 1992-ൽ അവിടെ കഞ്ചാവ് വേട്ടയ്ക്കു പോയ അവിടത്തെ പോലീസ് സൂപ്രണ്ട്, അവർക്കുനേരെ വെടിവെയ്പുവരെയുള്ള സംഭവം നടന്നിട്ടുണ്ട്. വളരെ ഗുരുതരമായിട്ടുള്ള പ്രശ്നമാണ്.

മി. സ്പീക്കർ: ഇനി ഒരു ബിൽകൂടി ഇന്ന് തീർക്കണം. Please conclude.....

ശ്രീ. രാജു എബ്രഹാം: ഇതൊന്ന് കൺക്ലൂഡ് ചെയ്യട്ടെ സർ, എല്ലാ പേർക്കും 15 മിനിട്ട്, നമുക്ക് 10 മിനിട്ട് പോലും ഇല്ല. ഇത് നീതിയാണോ?

മി. സ്പീക്കർ: No...No...Iam sorry... രാജുവിനെ വിളിക്കണം എന്നുപോലും ഇല്ല. That doesn't matter. We can conclude it even without calling you. സംസാരിക്കുമ്പോൾ വാക്കുകൾ വളരെ സൂക്ഷിച്ച് ഉപയോഗിക്കണം.

ശ്രീ. രാജു എബ്രഹാം: ഞാൻ ഒന്നും പറഞ്ഞില്ല.

മി. സ്പീക്കർ: Minister may reply.................Yes...........Iam sorry....Please excuse me....

ശ്രീ. രാജു എബ്രഹാം: നമ്മുടെ അതിർത്തിയിലുള്ള ഈ ജലചോർച്ചയെ സംബന്ധിച്ചിടത്തോളം പരിശോധന നടത്താൻ വേണ്ടിയുള്ള സ്ഥിരം സംവിധാനങ്ങളെ സംബന്ധിച്ച് ഗൗരവതരമായിട്ട് ആലോചിക്കാതെ നമ്മുടെ സ്റ്റേറ്റിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായിട്ടുള്ള, ജനങ്ങൾ സംശയിക്കുന്ന രൂപത്തിലേക്ക് കാര്യങ്ങൾ എത്തിച്ചേരുന്ന തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളിൽ നിന്നും നമ്മുടെ ഭരണാധികാരികൾ മാറി നിൽക്കണമെന്നുള്ള അഭ്യർത്ഥനകൂടിയാണ് ഇതുസംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളെല്ലാം തന്നെ സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ നമുക്ക് പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്. സർ, ഇവിടെ ഞാൻ ബിൽ അവതരിപ്പിച്ച അവസരത്തിൽ പറയാത്ത ഒന്നുരണ്ടു കാര്യങ്ങൾ മാത്രം സൂചിപ്പിക്കട്ടെ, ഒന്ന് ഈ ഒമ്പത് നിയമങ്ങളെ സംബന്ധിച്ച് പറഞ്ഞത്, ഈ ഒമ്പത് നിയമങ്ങളും കേരളത്തിൽ പ്രാബല്യത്തിലിരിക്കുന്നവയാണ്.

(i) The Madras Irrigation Cess Act, 1865 (VII of 1865);

(ii) The Madras Irrigation (Voluntary Cess) Act, 1942 (XIII of 1942);

(iii) The Madras Irrigation Works (Repairs, Improvement and Construction) Act, 1943 (XVIII of 1943);

(iv) The Malabar Irrigation Works (Construction and Levy of Cess) Act, 1947 (VII of 1947);

(v) The Madras Irrigation Tanks (Improvement) Act, 1949 (XIX of 1949);

(vi) The Madras Irrigation (Levy of Betterment Contribution) Act, 1955 (3 of 1955);

(vii) The Travancore-Cochin Irrigation Tanks (Preservation and Improvement Act, 1952 (23 of 1952);

(viii) The Travancore-Cochin Irrigation Act, 1956 (VII of 1956); and

(ix) The Kerala Irrigation Works (Execution by Joint Labour) Act, 1967 - (20 of 1967)

ഈ 9 നിയമങ്ങളാണ് ക്രോഡീകരിച്ച് നമ്മൾ ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന The Kerala Irrigation and Water Conservation Bill, 2003 എന്നുള്ള രീതിയിൽ അവതരിപ്പിച്ചിരിക്കുന്നത്. സർ, ഇത് പരിശോധിച്ചാൽ 1865-ൽ ഒരു നൂറ്റാണ്ടിനു മുമ്പ് വന്ന നിയമം കേരളത്തിൽ ഇപ്പോഴും നമ്മുടെ ജലസേചന കാര്യങ്ങളെ സംബന്ധിച്ച് നിലനിൽക്കുന്നു എന്നുപറയുന്നത് ഇത്രയും നിയമങ്ങൾ നിർമ്മിച്ച ഈ നിയമസഭക്കുതന്നെ ഒരു അവമതിയായിട്ട് എപ്പോഴും ചൂണ്ടിക്കാണിക്കപ്പെടും. മറ്റൊന്ന് ഇവയിൽ 8 നിയമങ്ങളും കേരളപ്പിറവിക്ക് മുമ്പ് വന്നതാണെന്ന് കാണാൻ കഴിയും. ഒരു നിയമം മാത്രമാണ് കേരള പിറവിക്കുശേഷം, കേരളം നിലവിൽ വന്നശേഷം നിലവിൽ വന്നിട്ടുള്ളത്. The Kerala Irrigation works (Execution by Joint Labour) Act, 1967—ബാക്കിയെല്ലാം കേരളപ്പിറവിക്ക് മുമ്പ് പാസ്സായതാണ്. ഇതിൽത്തന്നെയുള്ള ഒരു പ്രശ്നം എന്നു പറയുന്നത് പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരിക്കുന്ന മലബാർ പ്രദേശങ്ങളിലും തിരു-കൊച്ചി, പ്രദേശങ്ങളിലും വ്യത്യസ്തമായിട്ടുള്ള നിബന്ധനകളും നിയമങ്ങളും ഒക്കെ നിലനിന്നുപോന്നിരുന്നു. ഈ സാഹചര്യത്തിലാണ് ഒരു unified നിയമം, ഈ നിയമസഭ പല പ്രാവശ്യം, അനേക വർഷങ്ങൾ, പരിശോധനയ്ക്ക് വിധേയമാക്കിയത്. സർ, അങ്ങനെ പല പ്രാവശ്യം നമ്മൾ നോക്കിയെങ്കിലും നമുക്ക് ഇത് പാസ്സാക്കിയെടുക്കാൻ കഴിഞ്ഞില്ല. എന്തോ, അങ്ങനെപറ്റിപ്പോയി. ഒരു ദുർഗതി എന്നുമാത്രം പറഞ്ഞാൽ മതി. 1994-ൽ ഒരു ഏകീകൃത നിയമം—അന്ന് ഞാൻ തന്നെയായിരുന്നു ജലസേചന വകുപ്പു മന്ത്രി—ഈ സഭയിൽ നമ്മൾ അവതരിപ്പിച്ച് അതൊരു സെലക്ട് കമ്മിറ്റിക്കു വിട്ടു. സെലക്ട് കമ്മിററി വിശദമായിട്ട് പഠനം നടത്തി അതിന്റെ റിപ്പോർട്ട് ഇവിടെ കൊണ്ടു വന്നു. ഈ റിപ്പോർട്ടിൽ ഭിന്നാഭിപ്രായം ഉണ്ടായിട്ടില്ല എന്ന് പരിശോധിച്ചാൽ കാണാൻ സാധിക്കും. അതിനുശേഷം 1997-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഉദ്യോഗസ്ഥ തലത്തിൽ, ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ കമ്മിറ്റിയെ ഇതിനെക്കുറിച്ച് കൂടുതൽ ഉപദേശം ഗവൺമെന്റിന് നൽകാൻ വേണ്ടി, നിയമിച്ചു. ആ കമ്മിറ്റിയുടെ നിർദ്ദേശവും അതുപോലെ നേരത്തെ സെലക്ട് കമ്മിറ്റി യുനാനിമസ് ആയിട്ട് അക്സെപ്ട് ചെയ്ത ചില പ്രൊവിഷൻസും കൂടി ഇതിനകത്ത് വന്നിട്ടുണ്ട്. ഈ നിയമം പൊതുവെ

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയാൽ നല്ല ഒരു നിയമമാണ്. സെസ്സിനെ സംബന്ധിച്ച് ചില ആളുകൾ ഇവിടെ പറഞ്ഞു. ഇതിനകത്ത് ഒരു ഭാഗത്തും കൃഷിക്കാരുടെ മേൽ ഇത്ര സെസ്സ് ചുമത്തണമെന്ന് പറഞ്ഞിട്ടില്ല. നിലവിൽ പല നിയമങ്ങളിലും സെസ്സിനെ സംബന്ധിച്ച് സ്പെസിഫിക് ആയിട്ട് തന്നെയാണ് പറയുന്നത്. ഇത്തരം സെസ്സ് ചുമത്തണമെന്നുണ്ടായിരുന്ന വ്യവസ്ഥ എടുത്ത് കളഞ്ഞിട്ട് കാലാകാലങ്ങളിൽ ഗവ്ൺമെന്റ് അത് നോട്ടിഫൈ ചെയ്യാമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളു. എന്തെങ്കിലും പ്രത്യേക സാഹചര്യത്തിൽ വെള്ളപ്പൊക്കമോ മറ്റ് കെടുതികളോ ഉണ്ടായാൽ പൂർണമായിട്ട് സെസ്സിൽ നിന്ന്, നോട്ടിഫൈ ചെയ്ത ഏരിയയിൽ ആണെങ്കിൽ പോലും എക്സംപ്ഷൻ കൊടുക്കാൻ ഗവൺമെന്റിന് അവകാശം കൊടുക്കുന്നുണ്ട്. ഒരു ഗവൺമെന്റിന് സെസ്സ് ചുമത്തണമെന്ന് തോന്നിയാൽ ചുമത്തണം. വേറൊരു ഗവൺമെന്റിന് സെസ്സ് ചുമത്തണ്ട എന്ന് തോന്നിയാൽ മറ്റൊരു നോട്ടിഫിക്കേഷൻ വഴി അത് എടുത്തുകളയാം. അങ്ങനെ നിർബന്ധപൂർവ്വം കൃഷിക്കാരനിലേക്ക് ഒന്നും അടിച്ച് ഏൽപിക്കുന്നില്ല. പിന്നെ ഒരു ജനറൽ കോൺസെപ്ട് എന്നുപറയുന്നത് ഇപ്പോൾ ആഗോള തലത്തിൽ ആണെങ്കിലും നമ്മുടെ ഇന്ത്യയിൽ തന്നെയാണെങ്കിലും പരിശോധിച്ചാൽ കാണാൻ കഴിയുന്നത് എല്ലാം ഫ്രീയായിട്ട് കൊടുക്കുന്ന ഒരു സംവിധാനത്തിലേക്ക് പോകാൻ നമുക്ക് സാദ്ധ്യമല്ല എന്നുവച്ച് കൃഷിക്കാരെ ഉപദ്രവിക്കണം അല്ലെങ്കിൽ ദ്രോഹിക്കണം, സെസ്സ് അവരുടെ മേൽ ചുമത്തണം എന്ന് യാതൊരു ആഗ്രഹവും ഗവൺമെന്റിനില്ല. കഴിയുന്നതും കാർഷിക വൃത്തിയെ പ്രോത്സാഹിപ്പിക്കുകയും കൃഷിക്കാർക്ക് ബുദ്ധിമുട്ട് ഇല്ലാത്ത നിലയിൽ അവരെ മുന്നോട്ടുകൊണ്ടു പോവുകയും ചെയ്യണമെന്നു മാത്രമേ ഗവൺമെന്റ് ഉദ്ദേശിക്കുന്നുള്ളു.

ശ്രീ. ടി. കെ. ദേവകുമാർ: 32(3)-ൽ ഞാൻ അത് വായിക്കുന്നില്ല. അങ്ങേയ്ക്ക് അറിയാമല്ലോ, അതിനകത്ത് പറഞ്ഞിരിക്കുന്നതനുസരിച്ച് ഒരു പുഞ്ചയിൽ മട വീണാൽ അതിന്റെ കൃഷിക്കാരിൽ നിന്നും ചെലവിനുള്ള തുക ഈടാക്കണമെന്നാണ് അവസാന ഭാഗത്ത് അങ്ങ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് അറ്റകുറ്റപ്പണി നടത്തുകയും കൃഷിക്കാരന്റെ കയ്യിൽനിന്ന് നിയമാനുസൃതം ആ ചെലവ് ഈടാക്കുകയും ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ Dewatering-നെ സംബന്ധിച്ച് പറയുന്ന ആ പ്രൊവിഷനും അതുമായിട്ട് ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളുമാണ് ഇവിടെ സൂചിപ്പിച്ചത്. നിലവിലുള്ള നിയമത്തിന് വ്യത്യസ്തമായിട്ട് വലിയ കാര്യങ്ങളൊന്നും കൊണ്ടുവന്നിട്ടില്ല. ഈ എക്സ്പർട്ട് കമ്മിറ്റിയുടെ അഭിപ്രായം വന്നപ്പോഴാണ് ഡീവാട്ടറിംഗിന് ചില പ്രൊവിഷൻസ് നമ്മൾ എഴുതിച്ചേർത്തത്. ഡീവാട്ടറിംഗ് നടത്തുന്ന സമയത്ത് പ്രത്യേകിച്ച് കുട്ടനാടൻ ഏരിയയിലും അതായത് നമ്മുടെ സീ ലെവലിന് താഴെ നിൽക്കുന്ന കൃഷിഭൂമിയിലുമാണ് ഡീവാട്ടറിംഗിന്റെ ഇഷ്യു വരുന്നത്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഇപ്പോൾ കൃഷിക്കാർക്ക് ഏത് നിലയിലുള്ള ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടോ, ആ ആനുകൂല്യങ്ങളെല്ലാം ഈ നിയമം വഴി കിട്ടും. ഇനി അതിന്റെ പ്രൊസീഡുവർ ആയിട്ട് ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ട് പത്രങ്ങളിൽ നോട്ടിഫൈ ചെയ്യണം. കളക്ടർ ഈ കാര്യത്തിൽ തീരുമാനമെടുക്കണമെന്നൊക്കെ പറയുന്ന കൃഷിക്കാർക്ക് ബുദ്ധിമുട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്ന ഒരു സാഹചര്യം ഉണ്ടെങ്കിൽ തീർച്ചയായിട്ടും നമുക്ക് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ അത് പരിശോധിച്ച് വേണ്ടുന്ന മാറ്റങ്ങൾ വരുത്താവുന്നതാണ്. ഞാൻ പറഞ്ഞില്ലേ, ക്ലാസ് 32, പാടശേഖരങ്ങളിലെ ഡീവാട്ടറിംഗുമായി ബന്ധപ്പെട്ടതാണ്. അതിന്റെ സബ്ക്ലാസ് 3-നെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. അത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ, അതിനകത്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് നമുക്ക് പരിശോധിച്ച് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ അത് ശരിയാക്കാം. ഗവൺമെന്റിന് കൃഷിക്കാരെ ദ്രോഹിക്കണമെന്ന യാതൊരു സമീപനവുമില്ല. എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടെന്ന് വന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്തിട്ട് മാറ്റം വരുത്തണമെങ്കിൽ മാറ്റം വരുത്താം.

ശ്രീ. എം. വി. ജയരാജൻ: 49-ാം വകുപ്പിൽ കർഷകരുടെ സംഘടനയെക്കുറിച്ച് പ്രത്യേകമായി നിർവ്വചിച്ചിട്ടുണ്ട്. പക്ഷേ ഈ പാടശേഖരങ്ങളിൽ നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ പറയുന്നത് ഭൂരിപക്ഷം ഭൂ-ഉടമകളുടെ അപേക്ഷയിൻമേൽ ഇറിഗേഷൻ ഓഫീസർ തീരുമാനമെടുക്കണമെന്നാണ്. അതിനുപകരം എന്തുകൊണ്ട് ഒരു പാടശേഖര സമിതി ഉണ്ടാക്കിക്കൂടാ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞല്ലോ ഈ കാര്യങ്ങളൊക്കെ നമുക്ക് നോക്കാം. അതേപ്പറ്റി പാടശേഖര സമിതി മതിയോ, അതോ മുൻനിയമത്തിൽ പറഞ്ഞിരിക്കുന്ന രൂപത്തിൽ വേണോ ഇതെല്ലാം പരിശോധിക്കാം. ഏതാണ് കൃഷിക്കാർക്ക് കൂടുതൽ എളുപ്പം, സഹായകരം ആ പ്രൊവിഷൻ അഡോപ്റ്റ് ചെയ്താൽ മതി. ഇക്കാര്യത്തിൽ ഗവൺമെന്റിന് യാതൊരു നിർബന്ധവുമില്ല. എന്നാൽ ചില പ്രൊവിഷൻസ് സംബന്ധിച്ച് ചില കാര്യങ്ങളിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. അത് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ഞാൻ അവിടെവച്ച് പറയാം. ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് ചെറിയ ഭേദഗതി വരുത്തേണ്ട കാര്യങ്ങളിലൊക്കെ വരുത്തുകയും ചെയ്യാം. സർ, ഇവിടെ പ്രധാനമായിട്ട് പറഞ്ഞ ഒരു സംഗതി സെസ്സിനെ സംബന്ധിച്ചാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സെസ്സ് ചുമത്തേണ്ടത് അത്യാവശ്യമാണ്. അത് പിരിക്കാൻ കർഷകർക്കും കർഷക സമിതികൾക്കും അംഗീകാരം കൊടുക്കുകയും ആ സെസ്സ് എമൗണ്ട് കൊണ്ട് ഫീൽഡ് കൂടി നേരെയാക്കാൻ തക്കവണ്ണമുള്ള ഒരു സംവിധാനം ഉണ്ടാക്കുകയും ചെയ്യുന്നതല്ലേ എന്തുകൊണ്ടും കൂടുതൽ പ്രയോജനപ്പെടുക?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ സെസ് തരുന്ന ജില്ല പാലക്കാട് മാത്രമേയുള്ളൂ. വേറെ ഒരു ജില്ലയിലും ഒരു കൃഷിക്കാരനും സെസ് തരുന്നില്ല. റവന്യൂ ഡിപ്പാർട്ടുമെന്റാണ് അത് കളക്ട് ചെയ്ത് തരുന്നത്. നാമമാത്രമായിട്ടുള്ള സെസ് മാത്രമെ പാലക്കാട്ടെ കൃഷിക്കാർ തരുന്നുള്ളൂ. ബാക്കി ഒരു ജില്ലയിലും തരുന്നില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ: നെയ്യാർ ചാനലുകളിലുള്ള വെള്ളം എത്താത്ത സ്ഥലത്ത്, കൃഷിക്കാർക്ക് അതുകൊണ്ട് പ്രയോജനം കിട്ടാത്ത സ്ഥലത്തുപോലും കരം പിരിക്കുന്നുണ്ട്, എന്ന് ഡെപ്യൂട്ടി സ്പീക്കർ പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: എനിക്ക് അറിഞ്ഞുകൂടാ. അത് നോക്കാം. ഞാൻ ഇവിടെ ബില്ലിന്റെ കാര്യത്തിൽ മറുപടി പറയുമ്പോൾ അത് എങ്ങനെയാണ് പറയുക? ഇവിടെ വന്ന മറ്റൊരു പ്രധാനപ്പെട്ട സംഗതി, ഡാം സേഫ്റ്റി അതോറിറ്റി രൂപീകരണത്തെ സംബന്ധിച്ച് ചാപ്റ്റർ XII-ൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ചും അതിന്റെ ഘടനയെ സംബന്ധിച്ചുമാണ്. സർ, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു ചോദ്യം ചോദിച്ചപ്പോൾതന്നെ ഞാൻ അതിന് മറുപടി പറഞ്ഞു. ഈ ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാൻ ആരാകണം. ഒരു ജുഡീഷ്യൽ ഓഫീസർ വേണമോ, അതോ നമ്മുടെ ഗവൺമെന്റ് തലത്തിലുള്ള ഒരു സെക്രട്ടറി വേണമോ ഏതാണ് നല്ലത് എന്നു വച്ചാൽ, സ്റ്റേറ്റിന് ഏതാണ് കൂടുതൽ ഗുണകരമെന്ന് വച്ചാൽ അത് സബ്ജക്ട് കമ്മിറ്റിയിൽ നോക്കാം. നോക്കിയിട്ട് അതിന്റെ ഘടനയെ സംബന്ധിച്ച് ഇനി ആരെയെങ്കിലും കൂടുതൽ ചേർക്കേണ്ടതായിട്ടുണ്ടോ എങ്കിൽ അതനുസരിച്ച് സബ്ജക്റ്റ് കമ്മിറ്റി സ്റ്റേജിൽ മാറ്റം വരുത്താം. ഇത് ഉദ്ദേശിക്കുന്നത് ചില പർപ്പസിനെ മുമ്പിൽ കണ്ടുകൊണ്ടാണ്, ചില കാര്യങ്ങൾ മുമ്പിൽ കണ്ടുകൊണ്ടാണ്. അപ്പോൾ അതിന് സഹായകരമായ രീതിയിൽ ഏതാണ് അനുയോജ്യം അത് അതിനകത്ത് ഇൻകോർപ്പറേറ്റ് ചെയ്യാൻ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മടിയില്ല.

ശ്രീ. ഇ. എം. അഗസ്തി: സർ, ഈ ബില്ലിൽ 2 പ്രധാനപ്പെട്ട ഘടകങ്ങളാണുള്ളത്. അവ ജലസേചനവും ജലസംരക്ഷണവുമാണ്. ജലസംരക്ഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്, കേരള സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം മുല്ലപ്പെരിയാർ കരാർമൂലം തമിഴ്നാട്ടിലേക്ക് പോകുന്നു എന്നുള്ളതാണ്. ഇത് നമ്മുടെ സംസ്ഥാനത്ത് വളരെ ഗൗരവമായിട്ട് ചർച്ച ചെയ്തിട്ടുണ്ട്. ഈ അടിസ്ഥാനത്തിലാണ് ഈ XII-ാമത്തെ chapter, Dam Safety Authority രൂപീകരിക്കണമെന്നുള്ളത് ഉൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ All Party Conference-ലും അതുപോലെ നിയമസഭയിൽ നടത്തിയ ചർച്ചയിലും നമ്മൾ അത് പ്രത്യേകമായി ചർച്ച ചെയ്തിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ കേരള ഗവൺമെന്റ് ഇക്കാര്യത്തെ സംബന്ധിച്ചും സുപ്രീം കോടതിയിൽ നടന്ന കേസിനെ സംബന്ധിച്ചും വിലയിരുത്തുകയും നിയമോപദേശം ലഭ്യമാക്കുകയും ചെയ്തു എന്ന് ബഹുമാനപ്പെട്ട മന്ത്രി ബിൽ introduce ചെയ്ത് രാവിലെ സംസാരിക്കുകയുണ്ടായി. ലഭ്യമായ ഉപദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്, Legislature is competent to pass a legislation to set aside the contract in the public interest എന്ന് വ്യക്തമാക്കിയിരിക്കേ, ഈ സഭയിൽ കാലഹരണപ്പെട്ട മുല്ലപ്പെരിയാർ കരാർ അസാധുവാക്കുന്നതിന് ഒരു പ്രൊവിഷൻ കൂടി ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിന് പര്യാപ്തമല്ലേ എന്ന കാര്യം സബ്ജക്ട് കമ്മിറ്റിയിലേക്ക് ഈ ബിൽ പോകുന്ന ഈ ഘട്ടത്തിൽ ഗൗരവമായി ആലോചിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, അത് ഇപ്പോൾ ആലോചിക്കേണ്ട കാര്യമില്ല. ശ്രീ. ഇ. എം. അഗസ്തിയും സബ്ജക്ട് കമ്മിറ്റി III-ലെ ഒരംഗമാണ്. ഈ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ഇൻഫോർമലായ ഒരു ഡിസ്കഷൻ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതനുസരിച്ച് പലരുമായിട്ട് നടത്തി. അതിനകത്ത് വന്നിരിക്കുന്ന സംഗതി, നിയമപരമായി ഇത്രമാത്രം backing.............ഇതിനകത്ത് incorporate ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. തീർച്ചയായിട്ടും ലാ ഡിപ്പാർട്ടുമെന്റുമായിട്ട് ആലോചിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ നമുക്ക് നോക്കാം. നിലവിലുള്ള Agreement invalidate ചെയ്യാനുള്ള അധികാരം നമുക്ക് ഉണ്ടോ? എനിക്ക് ഒരു മറുപടി കൃത്യമായിട്ട് പറയാൻ കഴിയില്ല. Law Department-ന്റെ അഭിപ്രായം ചോദിക്കട്ടെ. നിയമപരമായ ഉപദേശം ലഭിച്ചതിനുശേഷം എന്താണെന്നുള്ളത് സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് ആലോചിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിനർഹമായ ജലത്തിന്റെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. അങ്ങ് ചെയർമാനായ നിയമസഭാ സമിതി മേക്കര ഡാം സന്ദർശിച്ചത് ഉൾപ്പെടെ 2 വാർത്തകൾ മാധ്യമങ്ങളിൽ വായിക്കാൻ കഴിഞ്ഞു. അങ്ങ് പറഞ്ഞത് ശരിയല്ലെന്ന് Opposition Leader പറഞ്ഞതായി വായിച്ചു. എന്താണ് കമ്മിറ്റി അവിടെ പ്പോയി കണ്ട നിഗമനം. കമ്മിറ്റിയും മറ്റ് അംഗങ്ങളും തമ്മിലുള്ള തർക്കങ്ങൾ എന്തായിരുന്നു എന്ന് വിശദീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, മേക്കര ഡാം സന്ദർശനവും ഈ ബില്ലുമായി ബന്ധമൊന്നുമില്ലെങ്കിലും ശ്രീ. കെ. സി. ജോസഫ് ചോദിച്ചതുകൊണ്ട് രണ്ടുമൂന്ന് സെന്റൻസുകളിൽ പറയാം. III-ാം നമ്പർ സബ്ജക്ട് കമ്മിറ്റി അവിടെ പോയി. ഞങ്ങൾ അംഗങ്ങൾ എല്ലാ പേരും ഒരുമിച്ചു പോകാനിരുന്നതാണ്. ആ ദിവസത്തെ ചില പ്രത്യേക സാഹചര്യങ്ങളാൽ ഞങ്ങൾ രണ്ടു ടീമായിട്ടാണ് പോയത്. ആദ്യം കുറേ എം. എൽ. എ.-മാർ പോയി. രണ്ടാമത് വന്ന എം.എൽ.എ.-മാരുമായി ഞാൻ സംസാരിച്ചിരുന്നു. ഞങ്ങൾ തിരിച്ചുവരുമ്പോൾ ഡാം സൈറ്റിനടുത്തുവച്ചുതന്നെ അവരെ കണ്ടു. അവർ മടങ്ങിവന്നതിനുശേഷം അവരുമായി സംസാരിച്ചു. ആ ഡാമിന്റെ സൈഡിൽ ഞങ്ങൾ നിൽക്കുമ്പോൾ എം.എൽ.എ.-മാരിൽ കുറച്ചുപേർ വണ്ടി പോകാവുന്ന സ്ഥലം വരെ പോയി അവരും നോക്കി, കുറച്ചു ഉള്ളിലേക്ക് പോയി. നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻ വന്നതിനുശേഷം പതിനെട്ടോളം ഉദ്യോഗസ്ഥൻമാർ ഇക്കഴിഞ്ഞ 28, 29, 30, 31 എന്നീ തീയതികളിൽ കാട്ടിലൂടെ നടന്നു പരിശോധിച്ചു. അവർ വീഡിയോഗ്രാഫ്സും എടുത്തു. സ്റ്റിൽ ഫോട്ടോഗ്രാഫ്സും എടുത്തു. അതെല്ലാം കൊണ്ടുവന്ന് എന്നെ കാണിച്ചു, റിപ്പോർട്ട് ഗവൺമെന്റിന് തന്നു. അതിലൊക്കെ പറഞ്ഞിരിക്കുന്നത്, ഇപ്പോൾ നിലവിൽ കേരളത്തിൽനിന്നും വെള്ളം ചോർത്തുന്നില്ല എന്നാണ്. അതിനുശേഷമാണ് സബ്ജക്ട് കമ്മിറ്റി ഡാം സന്ദർശിച്ചത്. മേക്കര ഡാമിൽ ഞങ്ങൾ കണ്ടത്, കഴിഞ്ഞ നവംബർ മാസത്തിൽ ഡാം പ്ലഗ് ചെയ്തതാണ്. നവംബർ മുതൽ ഈ ഡേറ്റുവരെ ഒരു തുള്ളി വെള്ളം അവർ താഴേക്ക് വിട്ടിട്ടില്ല എന്നാണ് അവർ അറിയിച്ചത്. ആ സാഹചര്യത്തിൽ 69 അടി വെള്ളം അവിടെ നിറഞ്ഞിട്ടുണ്ട്. അവർ പറയുന്നു അത് മഴ പെയ്ത് കിട്ടിയ വെള്ളമാണെന്ന്. കമ്മിറ്റി അംഗങ്ങൾ അവിടെ സന്ദർശിച്ചു, രണ്ടു ടീമായിട്ടായിരുന്നു എന്നുമാത്രം. അത് കഴിഞ്ഞശേഷം ഞാൻ കമ്മിറ്റി അംഗങ്ങളോട് പറഞ്ഞത്, ആരോഗ്യമുള്ള എം.എൽ.എ.-മാർക്ക്, താല്പര്യമുള്ളവർക്ക്, വേണമെങ്കിൽ വനത്തിനുള്ളിലേക്കും പോകാം. ഫോറസ്റ്റ് വകുപ്പിന്റേയും പോലീസിന്റേയും സംരക്ഷണം ഏർപ്പെടുത്താം. വ്യക്തിപരമായി എനിക്ക് മല കയറാൻ സാദ്ധ്യമല്ല. എന്റെ ആരോഗ്യസ്ഥിതി വച്ച് കാട്ടിനകത്ത് മൂന്ന് നാല് ദിവസം കഴിയാൻ ആരോഗ്യപരമായ കാരണങ്ങളാൽ എനിക്ക് ബുദ്ധിമുട്ടുണ്ട്. ഞാൻ വരില്ല. എം.എൽ.എ.-മാർക്ക് ആർക്കു വേണമെങ്കിലും പോകുന്നതിന് സംരക്ഷണം കൊടുക്കാം എന്ന് ഞാൻ പറഞ്ഞു. പതിനെട്ടാം തീയതി സബ്ജക്ട് കമ്മിറ്റി വീണ്ടും കൂടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതു സംബന്ധിച്ച് വിശദീകരണം കൊടുക്കേണ്ടതായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു. യഥാർത്ഥത്തിൽ ആ കമ്മിറ്റി അന്നൊരു പ്രത്യേക സാഹചര്യത്തിലാണ് പോയത്. അന്ന് തിരുവനന്തപുരം ജില്ലയിൽ ഹർത്താലായിരുന്നു. എന്നിട്ടും ഞങ്ങൾ കമ്മിറ്റിയിൽ സഹകരിക്കാൻ തീരുമാനിച്ചു. ട്രെയിനിൽ പോയി കൊല്ലത്ത് ഇറങ്ങിയതിനുശേഷമാണ് അവിടെ എത്താൻ ശ്രമിച്ചത്. സാധാരണഗതിയിൽ ഞങ്ങൾ പുറപ്പെട്ട വിവരം കിട്ടിക്കഴിഞ്ഞാൽ ഞങ്ങളെ വെയ്റ്റ് ചെയ്തതിനുശേഷം മാത്രമേ അഭിപ്രായം പറയാമായിരുന്നുള്ളൂ. അതിനുപകരം കമ്മിറ്റിയുടെ അഭിപ്രായം ചെയർമാൻ പ്രകടിപ്പിക്കുകയായിരുന്നു. പ്രതിപക്ഷത്തിന്റെകൂടെ അഭിപ്രായം കേൾക്കേണ്ടേ? നിങ്ങൾ പോയതിനേക്കാൾ കുറേയേറെ സ്ഥലങ്ങൾ കയറിയ ഞങ്ങൾക്ക് ഞങ്ങളുടേതായ അഭിപ്രായങ്ങളുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ മര്യാദവച്ച് അത് കമ്മിറ്റിയിൽ പറയാം. ഞങ്ങൾ ഹനുമാൻ നദി എന്ന് പറയുന്ന സ്ഥലത്തുപോയി നോക്കി. അവിടെ ഒരു നദിയുമില്ല. ഒരു തോട് മാത്രമേയുള്ളൂ...... ശ്രീ. എം. പി. ഗംഗാധരനൊക്കെ കമ്മിറ്റിയിൽ ചേർന്നാൽ ഇങ്ങനെയൊക്കെ ഉണ്ടാകുമെന്ന് ഞങ്ങൾക്ക് അറിയാം........ ധൃതിപിടിച്ച് ചെയർമാനെക്കൊണ്ട് അവിടെ ഒരു തീരുമാനം പ്രഖ്യാപിപ്പിച്ചു. അത് പ്രകടിപ്പിക്കുന്നതിനുമുമ്പ് ഞങ്ങളുടെ കൂടെ ഒരു അഭിപ്രായം, ഇത് വിവാദമാക്കാനുള്ള സാമാന്യമായ മര്യാദ, ഞങ്ങൾ വരാതിരിക്കണമായിരുന്നു. സമരമായിരുന്നിട്ടുകൂടി ഞങ്ങൾ വന്നു. ഞങ്ങൾ അതുമായി സഹകരിക്കാൻ തയ്യാറായി. ഒരു പോയിന്റ് മാത്രമേയുള്ളൂ. കമ്മിറ്റിയുടെ അഭിപ്രായം പുറത്തു പറയുമ്പോൾ പ്രതിപക്ഷത്തിന്റെകൂടെ അഭിപ്രായം കണക്കിലെടുക്കണമായിരുന്നു. അങ്ങനെ ചെയ്യാതിരുന്നത് കമ്മിറ്റിക്കുകൂടി മോശമായിപ്പോയി എന്നാണ് എനിക്ക് ഇത് സംബന്ധിച്ച് തോന്നുന്ന അഭിപ്രായം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങൾക്ക് നോട്ടീസ് കിട്ടി. പൂർണ്ണമായും ചെയർമാനുമായി സഹകരിച്ച് വന്നവരാണ്. സഹകരിച്ചവർ ചെയ്തത് തെറ്റാണെന്ന രൂപത്തിൽ വരുന്നത് ശരിയല്ല. കമ്മിറ്റിയുടെ നോട്ടീസുണ്ടായിരുന്നു. നോട്ടീസ് അനുസരിച്ച് ചെയർമാൻ അടക്കമുള്ള ആളുകളുമായിട്ട് ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്തു. റീസണബിൾ ടൈം ഞങ്ങൾ കാത്തിരുന്നു. ഹൈക്കോടതിയിൽ ഗ്രെയ്സ് ടൈം അര മണിക്കൂറാണ്. അതിനേക്കാൾ എത്രയോ ദീർഘസമയം ഞങ്ങൾ കാത്തിരുന്നു. ഇവർ വരുന്നതുവരെ ഭക്ഷണം കഴിക്കാൻ ഞങ്ങൾ കാത്തിരുന്നു. ഞങ്ങളുടെ അഭിപ്രായം തുറന്ന് പറയുന്നതിനുമുമ്പ് കാത്തിരിക്കണമെന്ന് പറഞ്ഞാൽ, സൈറ്റ് വിടുന്നതിനുമുമ്പ് എന്തെങ്കിലും അഭിപ്രായം പറയാതെ പോകുന്നത് ശരിയല്ല എന്നുള്ള മീഡിയായുടെ നിർബന്ധബുദ്ധിക്ക് വഴങ്ങി അവസാനം ഒരു അഭിപ്രായം പറഞ്ഞു പോകേണ്ടിവന്നു എന്ന വസ്തുത അങ്ങേക്ക് അറിയാമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ആദ്യമേതന്നെ പറഞ്ഞു. ഇവിടെ സബ്മിഷൻ വന്ന അവസരത്തിൽ ബഹു. സ്പീക്കറുടെകൂടെ നിർദ്ദേശം പരിഗണിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റി മേക്കര ഡാം വിസിറ്റ് ചെയ്യാൻ തീരുമാനിച്ചു. അതിനുശേഷം ഗവൺമെന്റ് പ്രത്യേകമായ താല്പര്യമെടുത്ത്, തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട, അങ്ങയുടെ ഓഫീസും ബന്ധപ്പെട്ടു അതിനുശേഷം നമുക്ക് ക്ലിയറൻസ് കിട്ടി. കഴിഞ്ഞ എട്ടാം തീയതി പോകാനുള്ള തീരുമാനമെടുത്തു. ഇവിടെ സമ്മേളിച്ചതിനുശേഷം രാവിലെ

LIBRARY ARCHIVES Kerala Legislative Assembly

എട്ടരമണിക്ക് പോകാമെന്ന് പറഞ്ഞു. കമ്മിറ്റി ഇവിടെ മീറ്റ് ചെയ്ത് ഒന്നിച്ച് പോകാമെന്നുള്ള തീരുമാനമെടുത്തു. അതിന്റെ തലേദിവസം നിർഭാഗ്യവശാൽ ഇവിടെ ചില ഇൻസിഡൻസുണ്ടായി. അപ്പോൾ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ തന്നെ പറഞ്ഞു, നമുക്ക് അൽപം താമസിച്ചുപോയാൽ പോരേ എന്ന്. ഞാൻ അങ്ങനെയാകട്ടെ എന്ന് പറഞ്ഞു. അതിനുള്ള അറേഞ്ച്മെന്റ്സ് ഉണ്ടാക്കിയപ്പോൾ ബന്താണ്, കൊല്ലം വഴിയേ വരാൻ സാധിക്കൂ എന്ന് പറഞ്ഞു. കൊല്ലം വഴി അവർ വരുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്ത് കാത്തിരുന്നു. ഞാനിത് പറയുന്നത് ഒരു തെറ്റിദ്ധാരണയ്ക്ക് ഇടയാകാതിരിക്കാനാണ്. ഞങ്ങൾ തെന്മലയിലെത്തി, ഒരു മണിക്കൂർ അവിടെ നിന്നു. അതിനുശേഷം ഡാം സൈറ്റിലേയ്ക്കുപോയി. രണ്ടര മൂന്ന് മണിയായപ്പോഴാണ് ഞങ്ങൾ അവിടെനിന്നും മടങ്ങുന്നത്. മടങ്ങിവരുമ്പോൾ പ്രതിപക്ഷ അംഗങ്ങളുടെ വണ്ടി ഡാമിന് ഒരു കിലോമീറ്റർ ഉള്ളിൽ വച്ചുകണ്ടു. ഞാൻ കാറിൽനിന്നും ഇറങ്ങിയിട്ട് അവരോട് പറഞ്ഞു. "ഇത്രയും സമയം കാത്തുനിന്നിട്ടും കാണാത്തതുകൊണ്ടാണ് ഞങ്ങൾ മടങ്ങിയത്. ഞാൻ കൂടി നിങ്ങളോടൊപ്പം വരണമെങ്കിൽ വീണ്ടു വരാം. നമുക്ക് ഒരുമിച്ചു പോകാം. ഞാൻ പിന്നീട് ഭക്ഷണം കഴിക്കാം" എന്ന്. അവർക്കൊപ്പം ഞാൻ കൂടെ ചെല്ലാമെന്ന് പറഞ്ഞതാണ്. എന്നാൽ എന്നോട് "ബുദ്ധിമുട്ടേണ്ട, മിനിസ്ററർ പോയി ഭക്ഷണം കഴിച്ചോളൂ" എന്ന് അവർ പറഞ്ഞു. ഇന്ന സ്ഥലത്താണ് ഭക്ഷണം അറേഞ്ച് ചെയ്തിരിക്കുന്നതെന്ന് പറഞ്ഞിട്ട് ഇറിഗേഷൻ ഉദ്യോഗസ്ഥൻമാർക്കൊപ്പം അവരെ ഡാം സൈറ്റിലേക്ക് വിട്ടിട്ട് ഞങ്ങൾ പോയി. ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ എല്ലാപേരും കൂടി ഡാം സൈറ്റിൽ പോയവരെ കാത്തിരുന്നു. അവർ വന്നതിനുശേഷം ഒരുമിച്ചാണ് തെന്മലയിലേക്ക് മടങ്ങിയത്. അതിനുശേഷം തെന്മലയിൽ കൂടിയതിനുശേഷമാണ് കമ്മിറ്റി പിരിഞ്ഞത്. ഒരു തർക്കമുണ്ടാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല, അവിടെ നടത്തിയ അഭിപ്രായപ്രകടനം സംബന്ധിച്ച്, ഈ പതിനെട്ടാം തീയതി സബ്ജക്ട് കമ്മിറ്റി ഒന്നുകൂടി തിരുവനന്തപുരത്ത് ചേർന്ന് ഞങ്ങൾ ആലോചിച്ച ശേഷം കമ്മിറ്റിയുടെ അഭിപ്രായം പറയാം. കമ്മിറ്റി ഇതിനെക്കുറിച്ച് ഡിസ്ക്കസ് ചെയ്യും. അത് കഴിഞ്ഞേ കമ്മിറ്റിയുടെ അഭിപ്രായം വരൂ. ഞങ്ങൾ സൈറ്റിൽ എന്താണ് കണ്ടതെന്ന്, അവർ ചോദിക്കുമ്പോൾ, മീഡിയായോട് കണ്ട കാര്യം പറയേണ്ട ചുമതല എനിക്കുണ്ട്. ഒരുപാട് മീഡിയാസ് ഉണ്ടായിരുന്നു. തമിഴ്നാട്ടിലെ പത്രക്കാർ അവിടത്തെ ടെലിവിഷൻകാർ, ഇവിടത്തെ ടെലിവിഷൻകാർ അവരൊക്കെ ഞങ്ങളുടെ ചുറ്റും നിൽക്കുകയാണ്. ഞാൻ എന്റെ ദൃഷ്ടിയിൽ കണ്ട കാര്യം പറഞ്ഞു. അതിനുശേഷം കമ്മിറ്റി അംഗങ്ങളോട് പറഞ്ഞു, ആർക്കാണ് ആരോഗ്യമുള്ളതെന്ന് വച്ചാൽ അവർക്ക്, എം.എൽ.എ.-മാർക്ക്, വേണമെങ്കിൽ കാട്ടിനകത്ത് പോകാം. ഹനുമാൻ നദിയുടെ ഉൽഭവസ്ഥലത്ത് പോകാം. മുമ്പ് ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ 18 ഉദ്യോഗസ്ഥൻമാരാണ് പോയത്. അട്ടകടി കൊണ്ട് വല്ലാണ്ട് ബുദ്ധിമുട്ടിയാണ് അവർ തിരിച്ചുവന്നത്. അവർ വന്നപ്പോഴുള്ള കോലം ഞാൻ കണ്ടതാണ്. അതുകൊണ്ട് ഇനിയും പോകേണ്ട എം.എൽ.എ.-മാർക്ക് എല്ലാം പോയി കാണാം. കണ്ടോട്ടെ. 18-ാം തീയതി വീണ്ടും കമ്മിറ്റി കൂടുന്നുണ്ട്. അപ്പോൾ തീരുമാനിക്കാം. ഞങ്ങൾ അവിടെ കണ്ട, ഔദ്യോഗികമായി കമ്മിറ്റി കണ്ട കാര്യങ്ങളെക്കുറിച്ച് അവിടെ പറഞ്ഞു. ആ സന്ദർഭത്തിൽ വെള്ളം ചോർത്തുന്നതായിട്ട് പറയാൻ സാധ്യമല്ല. ഞാൻ ഒരു മന്ത്രി എന്നുള്ള നിലയിൽ വർത്തമാനം പറയുമ്പോൾ ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കണ്ടേ? അവിടെ ഞങ്ങൾ പോയിക്കണ്ട കാര്യങ്ങൾ പരിഗണിക്കണ്ടേ? ഇതൊന്നും ഇല്ലാതെ എനിക്ക് അവിടെ നിന്ന്, തമിഴ്നാട് വെള്ളം ചോർത്തുന്നുണ്ടെന്ന് പറയുവാൻ കഴിയുമോ? ഒരു മന്ത്രിയെന്നുള്ള നിലയിൽ എന്റെ റെസ്പോൺസിബിലിറ്റി നിലനിർത്തിക്കൊണ്ടുതന്നെയാണ് ഞാൻ അഭിപ്രായപ്രകടനം നടത്തിയത്. അതുകൊണ്ട് അതൊരു തർക്കവിഷയമാക്കേണ്ട കാര്യമില്ല. 18-ാം തീയതി കൂടി കഴിഞ്ഞിട്ട് എന്താണെന്നു വച്ചാൽ ആലോചിക്കാം. എന്തായാലും നമ്മൾ ഒരുമിച്ച് പോകേണ്ട തായിരുന്നു, പോകാൻ പറ്റിയില്ല. അതിപ്പോൾ എന്റെ കുഴപ്പമല്ല. പ്രതിപക്ഷത്ത് നിന്നു വന്ന 5 അംഗങ്ങളോടും ഞാൻ അങ്ങേയറ്റം ആദരവ് കാണിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ചെയർമാൻ എന്നുള്ള നിലയിൽ എല്ലാവരുമായി യോജിച്ചുകൊണ്ട് മീഡിയാസിനെയും എല്ലാവരെയും കൊണ്ടുപോയിരുന്നു. എല്ലാവർക്കും ചെയ്തുകൊടുക്കാവുന്ന എല്ലാ ഫെസിലിറ്റീസും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, ഞങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. മറ്റ് പല കാര്യങ്ങളും പറയേണ്ടതായിരുന്നു.

ഈ ബില്ലിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞ ഒരുപാട് പ്രൊപ്പോസൽസുണ്ട്. ഈ പ്രൊപ്പോസൽസെല്ലാം സബ്ജക്ട് കമ്മിറ്റിയുടെ സ്റ്റേജിൽ പരിശോധിക്കാം. ശ്രീ. പി. ടി. തോമസ് പറഞ്ഞ ഫാർമേഴ്സ് അസോസിയേഷന്റെ ആശയം അതുപോലെതന്നെ കിണർ കുഴിക്കുന്നത് സംബന്ധിച്ച് ഇവിടെ പറഞ്ഞത്, ഇറിഗേഷൻ കൺസ്ട്രക്ഷൻസുമായി ചേർന്ന് പലയിടത്തും കനാലിന്റെ അടുത്ത് കിണർ കുഴിക്കുന്നുണ്ട്. അതുകൊണ്ടാണ് കിണർ കുഴിക്കുന്നതിനു നിയന്ത്രണം വേണമെന്ന നിലയ്ക്ക് പറഞ്ഞിരുന്നത്. അത് വേണ്ടെങ്കിൽ വേണ്ടെന്നുവയ്ക്കാം.അതല്ല ഡിസ്റ്റൻസ് നിശ്ചയിക്കണമെങ്കിൽ അങ്ങനെ നിശ്ചയിക്കാം. അതാണ് ഇവിടെ വരുന്ന പ്രധാനപ്പെട്ട മറ്റൊരു സംഗതി. പിന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ അവതരിപ്പിച്ച പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിനകത്ത് പറഞ്ഞിരിക്കുന്നതിൽ ഏതൊക്കെയാണ് ഇതിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നതെന്ന് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ നമുക്ക് പരിശോധിക്കാം. പിന്നെ മത്സ്യബന്ധനം സംബന്ധിച്ച് എന്തെങ്കിലും അപ്രഹെൻഷൻ മെമ്പേഴ്സിനിടയിൽ ഉണ്ടെങ്കിൽ ആ ക്ലാസും മാറ്റാൻ ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഇവിടെ ചോദിച്ചു, ഏകാംഗീകൃത നികായത്ത് എന്നുപറയുന്നത് എന്താണ്? ബോഡി കോർപ്പറേറ്റ് എന്നുള്ളതിന്റെ മലയാളവാക്കാണ് ഇത്. പിന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ പറഞ്ഞ രണ്ട് മൂന്ന് കാര്യങ്ങളാണ്. ഒന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു. ഡീ-വാട്ടറിംഗിനെ സംബന്ധിച്ച് ഞാൻ ആദ്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മൈനർ ഇറിഗേഷൻ വർക്കുകളെ സംബന്ധിച്ച് ഇവിടെ രണ്ട് അഭിപ്രായങ്ങൾ സഭയിൽ വന്നു. മൈനർ ഇറിഗേഷൻ വർക്ക് ലോക്കൽ ബോഡീസ് ചെയ്യുമ്പോൾ ഇതുവരെ വന്നിരുന്ന ബുദ്ധിമുട്ടാണ് ചില മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചത്, ഒരു കാര്യവും നടക്കുന്നില്ല. ഒരു പണിയും ചെയ്യാൻ കഴിയുന്നില്ല എന്ന് പറഞ്ഞു. അത് ഇപ്പോഴത്തെ പ്രൊവിഷൻ നിലനിർത്തണമെങ്കിൽ നിലനിർത്താം. എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കാം. എല്ലാ പാർട്ടിയിലും പെട്ട ആൾക്കാർ അവിടെയുണ്ട്. എല്ലാവർക്കും പ്രാതിനിധ്യമുള്ള ഒരു കമ്മിറ്റിയാണ്. പൊതുവേ ഈ നിയമങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഊന്നൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ആമുഖമായിട്ട് പറഞ്ഞല്ലോ. ഇതിനകത്ത് കൊണ്ടുവന്നിരിക്കുന്ന പൊതുസ്വഭാവം ഒന്ന് ഡാം സേഫ്ടി അതോറിറ്റിയുടെ രൂപീകരണം. ഇനി ഏതെങ്കിലും കരാർ

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ ഉണ്ടാക്കുകയാണെങ്കിൽ അന്തർ സംസ്ഥാന കരാറുകൾ ഉണ്ടാക്കുകയാണെങ്കിൽ നിയമസഭയുടെ റെസല്യൂഷൻ വഴിയേ അത് പൂർണ്ണതയിൽ എത്തിക്കാൻ കഴിയൂ എന്ന് ക്ലാസ് 30-ൽ നമ്മൾ ചേർത്തിരിക്കുന്നു. അതുപോലെ ക്ലാസ് 4-ൽ പറഞ്ഞിരിക്കുന്ന കാര്യം. പിന്നെ എന്തെങ്കിലും വയലേറ്റ് ചെയ്താൽ പീനൽ പ്രൊവിഷൻ വേണമെന്ന ഒരു അഭിപ്രായമുണ്ട്. അതുകൂടി നമുക്ക് കമ്മിറ്റിയിൽ ആലോചിക്കാം. എന്താണെങ്കിലും നമ്മുടെ നദീജലസമ്പത്ത് പരമാവധി പ്രൊട്ടക്ട് ചെയ്യാനും അത് നമ്മുടെ നാടിനുവേണ്ടി പ്രയോജനപ്പെടുത്താനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിനകത്ത് ഒരു തർക്കത്തിന്റെ ആവശ്യമൊന്നുമില്ല. നിലവിലുള്ള നിയമങ്ങളാണ് ക്രോഡീകരിച്ചിരിക്കുന്നത്. ആ നിയമം എത്രയോ വർഷങ്ങൾക്കുമുമ്പ് ഇവിടെ പാസ്സാക്കിയതാണ്. ഞാൻ അതിന്റെ ഡേറ്റൊക്കെ പറഞ്ഞില്ലേ? ഇനി അതിനകത്ത് എന്തെങ്കിലും മാറ്റം വേണമോ, വേണമെങ്കിൽ കൂട്ടായിട്ട് ആലോചിക്കാം. ഇതെല്ലാം പൊതുവായിട്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി മാത്രമുള്ളതാണ്. അല്ലാതെ യു.ഡി.എഫ്. ഗവൺമെന്റിന് ഇന്നയിന്ന കാര്യങ്ങൾക്ക് നിർബന്ധമുണ്ട്, ഞങ്ങൾക്ക് ഇങ്ങനെയെപറ്റൂ, മന്ത്രിയെന്ന നിലക്ക് എനിക്ക് ചില നിർബന്ധമുണ്ട്, അങ്ങനെയൊന്നുമില്ല. സ്റ്റേറ്റിന്റെ പൊതുവായ താൽപര്യം മുൻനിർത്തിക്കൊണ്ട് നമുക്ക് കിട്ടിയിരിക്കുന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ബില്ല് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ യോജിച്ചുതന്നെ ബില്ലിവിടെ കൊണ്ടുവന്ന് പാസ്സാക്കാൻ നമുക്ക് കഴിയും. ഈ സമ്മേളനത്തിൽ ഈ ബില്ല് പാസ്സാക്കേണ്ട ആവശ്യകതയുണ്ട്. ഇത്രയും പ്രാധാന്യം ഈ നിയമത്തിന് കിട്ടിയിട്ടുണ്ട്. ഇന്നിപ്പോൾ ജലസമ്പത്ത് സംരക്ഷിക്കേണ്ട ആവശ്യകതയെ സംബന്ധിച്ച് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒരേ സ്വരത്തിൽ പറയുന്ന അവസരമാണ്. ഇതിനു മുമ്പ് ഇങ്ങനെയൊരു സാഹചര്യം നമുക്ക് ഉണ്ടായിട്ടില്ല. ആ യോജിച്ച നീക്കം നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി താൽപര്യങ്ങളെ സംരക്ഷിക്കാൻ ഇടനൽകുമെന്നുള്ളതുകൊണ്ട് ഈ നിയമം സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ പരിശോധന നടത്തി നമുക്ക് കുറച്ചുകൂടി മോഡിഫിക്കേഷൻസ് വേണമെങ്കിൽ വരുത്തി തിരിച്ച് നിയമസഭയിൽ കൊണ്ടുവരാമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

Mr. Speaker: The amendment moved by Shri P. T. Thomas is, by leave, withdrawn. ശ്രീ. കെ. വി. കുഞ്ഞിരാമൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം അംഗീകരിക്കണം എന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ഒരു ഭേദഗതി മാത്രമാണ് ഉണ്ടായിരിക്കുന്നത്. അതിന്റെ മൂലനിയമത്തിൽ 4-ാം വകുപ്പിന് ക്ലാസ് രണ്ടിൽ പ്രസ്താവിച്ചിട്ടുള്ള ഒരു നിർദ്ദേശത്തിൽ ഒന്ന് രണ്ട് വാക്കുകൾ മാറ്റാനായിട്ടാണ് സബ്ജക്ട് കമ്മിറ്റി പറഞ്ഞിരിക്കുന്നത്....... "or in any other law for the time being in force, or in any contract, agreement, custom or usage" ....എന്ന വാക്കുകൾ മാറ്റാനുള്ള നിർദ്ദേശമാണ് സബ്ജക്ട് കമ്മിറ്റിയിൽ വന്നിരുന്നത്. അതല്ലാതെ ഒരു മാറ്റവും ഉദ്ദേശിച്ചിട്ടില്ല. ഈ മാററം മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. എല്ലാവരും അംഗീകരിക്കുന്ന ബില്ലാണ്. നമുക്ക് പാസ്സാക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാവരും അംഗീകരിക്കുന്ന, വളരെ എളുപ്പത്തിൽ പാസ്സാക്കി എടുക്കേണ്ട ഒരു ബില്ലാണെന്ന സൂചന നൽകിക്കൊണ്ടാണ് അദ്ദേഹത്തിന്റെ സംസാരം ചുരുക്കിയത്. അത്ര ലാഘവത്തോടെ നമ്മൾ കാണുകയും പാസ്സാക്കി എടുക്കുകയും ചെയ്യേണ്ട ഒരു നിയമമാണ് ഇത് എന്ന അഭിപ്രായം എനിക്കില്ല. കാരണം വൃക്ഷസംരക്ഷണം സംബന്ധിച്ച് നമ്മുടേതു പോലത്തെ ഒരു സംസ്ഥാനം തികഞ്ഞ ബോധ്യത്തിലേക്ക് വരുന്നതുതന്നെ 10-25 വർഷം മുമ്പാണ്. അപ്പോഴേക്കും നമ്മുടെ വനത്തിന്റെ വിസ്തൃതി വല്ലാതെ ചുരുങ്ങിക്കഴിഞ്ഞിരുന്നു. 1975-76 കാലഘട്ടത്തിൽ 26 ശതമാനത്തിലേറെ വിസ്തൃതിയുണ്ടായിരുന്ന നമ്മുടെ വനം ഇന്ന് 11 ശതമാനത്തിലേക്ക് എത്തിയിരിക്കുന്നു. വേറൊരു

LIBRARY ARCHIVES Kerala Legislative Assembly